# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 മാർച്ച് - 2020 ലക്കം 03**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം


സർക്കുലർ .................................................................. 05
സർക്കുലർ .................................................................. 10
സർക്കുലർ .................................................................. 13
രൂപതാകച്ചേരി വാർത്തകൾ ..................................... 16
പ്രത്യേക ശ്രദ്ധയ്ക്ക് .................................................... 27
*Safe Enviornment Programme* ............................................. 30
വൈദികരുടെ മാസധ്യാനം ....................................... 32
സെമിനാരി വാർത്തകൾ ............................................ 36
മതബോധനരംഗം ........................................................ 38
ചെറുപുഷ്പ മിഷൻലീഗ് ............................................ 43
*Department of Youth Ministry* ............................................. 50
കെ.സി.വൈ.എം. ......................................................... 52
കുടുംബപ്രേഷിതത്വം ................................................. 60
സീയോൻ വാർത്തകൾ ................................................ 65
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 67
സാമൂഹ്യ സേവനരംഗം (WSSS) .................................. 69
ബയോവിൻ അഗ്രോ റിസർച്ച് .................................... 76
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി....................... 80
കത്തോലിക്കാ കോൺഗ്രസ്സ് ....................................... 82
അറിയിപ്പുകൾ ............................................................ 84
റേഡിയോ മാറ്റൊലി .................................................... 85
ജയിൽ മിനിസ്ട്രി ........................................................ 89
*Mary Matha Arts & Science College* ........................... 90
വിദ്യാഭ്യാസ മേഖല ...................................................... 92
സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ............................. 93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 95
ബിഷപ്സ് പ്രോഗ്രാം .................................................... 96

Ref: 3254/K-5/KCBC/OL/DS

# മദ്യവിരുദ്ധ ഞായർ

**2020 മാർച്ച് 8**

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നൽകുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുഃശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയനോമ്പിലെ ഈ ദിനാചരണം നമുക്ക് നൽകുന്നത്. വളരെ ഗുരുതരം സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചകൾക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തി നിൽക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വര ശ്രദ്ധ ആകർഷിക്കുന്നു: 'തലമുറയേയും ജനങ്ങളുടെ ആരോഗ്യത്തേയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയേയും സംവിധാനങ്ങളേയും അത് നശിപ്പിക്കുന്നു'. കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടുതരമുണ്ട് ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വാഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യന് ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യ നിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യം തന്നെ.

മദ്യത്തിന്റേയും ലഹരിവസ്തുക്കളുടേയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്ക് അടിമപ്പെട്ട് രോഗിയായി തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനം മൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നു എന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തു കൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും കൂട്ടിക്കൊണ്ടിരിക്കുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അധികാരം നൽകുന്ന പഞ്ചായത്ത്രാജ്-നഗരപാലിക ബില്ലിനെ 232, 443 വകുപ്പുകൾ റദ്ദ് ചെയ്തു. സുപ്രീം കോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോൽപ്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ പാർലറുകൾ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്റർ ആക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നുവന്നു. ഇവയൊക്കെ സർക്കാരിന്റെ

മദ്യനയത്തിന്റെ ഇരട്ടത്താപ്പ് നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റേയോ പൗരസമൂഹത്തിന്റേയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തര വാദപരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതു പോലെ, "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്". രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളുവെങ്കിലും മദ്യ വിൽപനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ അഞ്ച് ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപയോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിൽ എത്തി നിൽക്കുന്നു എന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17 ശതമാനം മുതൽ 20 ശതമാനം വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ എട്ടു ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗി കളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലിക തത്ത്വം പാവങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിന് തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ-നിരോധന നടപടികളാണ് ആവശ്യം. മനുഷ്യ നന്മയാണ് സർക്കാർ ലക്ഷ്യം വെയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാന ഗ്രാഫ് ഉയരുമ്പോഴു ണ്ടാകുന്ന കുടുംബ-സാമൂഹിക-സാംസ്കാരിക-സാമ്പത്തിക -ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം.

മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വാർജിച്ചാൽ മതി; ഫലപ്രദമായ

മദ്യ നിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുക എന്നത് മദ്യ രാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താൽപര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവിൽപ്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടം ഉണ്ടായി എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കി കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നൽകില്ല.

ഈ സർക്കാർ പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്നും ഉൽപാദിപ്പിക്കാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാ മാസത്തിന്റെയും ആദ്യദിനം മദ്യവില്പന ഇല്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികൾ ഇടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരി എന്ന സാമൂഹ്യ തിന്മക്കെതിരെ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗം കൂടിയാണ് മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ആയതിനാൽ ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാവുകയുള്ളൂ. "മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ.5:21) എന്ന വേദവാക്യം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽസെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ. ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾ തോറും യൂണിറ്റുകൾ രൂപീകരിക്കണം. കുടുംബങ്ങളിൽ മാമ്മോദീസ, വിവാഹം തുടങ്ങിയ

ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ല എന്ന് ഉറപ്പു വരുത്തുവാൻ നമുക്ക് സാധിക്കണം. സ്ക്കൂളുകളും ഇതര കലാലയങ്ങളും ലഹരിവിമുക്ത ക്യാമ്പസുകൾ ആകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവൽക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവും എന്ന ലക്ഷ്യം നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8 തിയ്യതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ്പ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

---

**NB:- ഈ സർക്കുലർ 2020 മാർച്ച് മാസം 8-ാം തിയ്യതി കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും മദ്യവിരുദ്ധഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.**

# സർക്കുലർ

***Circular Letter No. 3/2020***
***Prot. No. 22874/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹു. വൈദികസഹോദരങ്ങളേ, പ്രിയ സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

പുതിയൊരു സാമ്പത്തികവർഷത്തിലേയ്ക്ക് നമ്മൾ വീണ്ടും പ്രവേശിച്ചിരിക്കുകയാണല്ലോ, കഴിഞ്ഞ വർഷത്തെ കണക്കുക്കൂട്ടലുകളെക്കുറിച്ച് വിലയിരുത്താനും, പുതിയവർഷത്തെ പദ്ധതികളെക്കുറിച്ച് വിഭാവനം ചെയ്യുവാനുള്ള സമയമാണിത്. നമുക്കറിയാവുന്നതുപോലെ നമ്മുടെ കണക്കുക്കൂട്ടലുകളെയെല്ലാം തെറ്റിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു വർഷക്കാലവും വലിയ പ്രകൃതി ദുരന്തങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിച്ചു. ഒരുപക്ഷെ മനുഷ്യ ജീവനുകൾക്ക് നഷ്ടം സംഭവിച്ച വലിയ പ്രകൃതി ദുരന്തമാണ് പുത്തുമലയിലും, കവളപ്പാറയിലും കഴിഞ്ഞ വർഷം നമ്മൾ കണ്ടത്. ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ടവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഹായഹസ്തങ്ങൾ അവർക്ക് വാഗ്ദാനം ചെയ്യാം.

ജീവിതത്തിൽ പ്രതീക്ഷിക്കാത്ത നേരത്ത് ദുഃഖങ്ങളും ദുരിതങ്ങളും കടന്നുവരുമ്പോൾ പലപ്പോഴും നമ്മൾ പതറിപ്പോകാറുണ്ട്. എന്ത് ചെയ്യണമെന്നറിയാതെ ഉത്തരം കിട്ടാതെ നമ്മൾ നിൽക്കാറുണ്ട്. അങ്ങനെ നമ്മുടെ ജീവിതത്തിലേയ്ക്ക് അപ്രതീക്ഷിതമായി കടന്നുവരുന്നതാണ് രോഗങ്ങൾ. കഴിഞ്ഞ കുറേ ആഴ്ചകളായി നമ്മൾ പത്രമാധ്യമങ്ങളിൽ കാണുന്നതാണ് കൊറോണവൈറസ്. കൊറോണ വൈറസ് ചൈനയിലാണ് ആദ്യം കണ്ടെത്തിയത്. ഇതിനോടകം നിരവധി ജീവനുകൾ പൊലിഞ്ഞു പോയത് നാം അറിഞ്ഞതാണല്ലോ. ഇങ്ങനെയുള്ള ദുരിതങ്ങൾ ഉണ്ടാകാതിരിക്കാൻ നമ്മുക്ക് ശ്രദ്ധിക്കാം. അതിന് സമഗ്ര ആരോഗ്യ പദ്ധതികൾ നമ്മൾ വിഭാവനം ചെയ്യേണ്ടതുണ്ട്.

കഴിഞ്ഞ രണ്ടു വർഷങ്ങളായി നമ്മുടെ രൂപതയിൽ നടത്തിവരുന്ന ജീവസ്ഹെൽത്ത് ഇൻഷൂറൻസ് പദ്ധതിയേക്കറിച്ച്

നിങ്ങൾക്ക് അറിയാവുന്നതാണല്ലോ. 3000 രൂപയ്ക്ക് ഒരു ഭവന ത്തിലെ 6 അംഗങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. നമ്മുടെ രൂപതയുടെ സാമൂഹികസേവന വിഭാഗ മായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും കേരള മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റും, സ്റ്റാർഹെൽത്ത് ഇൻഷൂറൻസും സംയുക്തമായി നടത്തുന്ന പദ്ധതിയാണിത്.

പലപ്പോഴായി വിവിധ സ്ഥലങ്ങളിൽ നിന്നും ചികിത്സാ സഹായത്തിനായി പലരും നമ്മെ തേടിയെത്താറുണ്ട് കൂടാതെ ചില ഇടവകകളിലും സ്ഥാപനങ്ങളിലും നിർദ്ധനരായ രോഗി കൾക്കു വേണ്ടിയുള്ള സഹായനിധികൾ നാം രൂപീകരിക്കാറുണ്ട്. എന്നാൽ നിർദ്ധനരായ കുടുംബങ്ങൾക്ക് ഇത്തരം ഇൻഷൂറൻസ് എടുക്കാൻ നാം സഹായിച്ചാൽ അവരുടെ അടിയന്തര ആരോഗ്യ ആവശ്യങ്ങളിൽ അത് അവർക്ക് ഒരു സഹായമാകും. നമ്മുടെ രൂപതയിലെ എല്ലാ ജനങ്ങൾക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കു കയാണ് ഈ പദ്ധതി വഴി നാം ലക്ഷ്യം വയ്ക്കുന്നത്. കാരണം വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുകൾ പല കുടുംബങ്ങളേയും ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തിക്കാറുണ്ട്. കുടുംബയൂണിറ്റുകളും ഇടവകകളും തങ്ങളുടെ ഇടയിലെ നിർദ്ധന കുടുംബങ്ങളെ ഇത്തരം പദ്ധതികളിൽ ചേർക്കാനുള്ള പരിശ്രമം നടത്തുന്നത് ആ കുടുംബത്തോട് ചെയ്യുന്ന വലിയ കരുതലാ യിരിക്കും.

കഴിഞ്ഞ വർഷം 2030 കുടുംബങ്ങളേയാണ് ഈ പദ്ധതി യിൽ നമ്മൾ ഉൾച്ചേർത്തത്. ഇതുവരെ 480 ക്ലെയിം ലഭിക്കുകയും 356066/- രൂപ പാസാവുകയും ചെയ്തു.

നിലവിൽ ജീവസ് ഇൻഷൂറൻസ് പദ്ധതിയിൽ ചേർന്നിട്ടു ള്ളവർ മാർച്ച് 20 ന് മുമ്പ് പോളിസി പുതുക്കേണ്ടതാണ്. കഴിഞ്ഞ വർഷങ്ങളിൽ പോളിസി എടുക്കാത്തവർ ഈ വർഷം മുതലെ ങ്കിലും ജീവസ് ഇൻഷൂറൻസ് പദ്ധതിയിൽ ചേർന്ന് ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുമല്ലോ.

കഴിഞ്ഞവർഷം ജീവസ് ആരോഗ്യ സുരക്ഷ പദ്ധതിയിൽ കുടുംബങ്ങളെ ചേർത്ത് സഹകരിച്ച ബഹുമാനപ്പെട്ട വികാരിയച്ച

ന്മാർക്കും, സിസ്റ്റേഴ്സിനും, അത്മായ സഹോദരങ്ങൾക്കും, സംഘടനാഭാരവാഹികൾക്കും, കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും, പ്രത്യേകമായി നന്ദി പറയുന്നു. ഈ വർഷവും ഇൻഷൂറൻസ് പോളിസി പുതുക്കുവാനും പുതിയ കുടുംബങ്ങളെ ചേർക്കുവാനും നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. വിശദവിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുമല്ലോ.

കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കര്യാലയത്തിൽ നിന്ന് ഫെബ്രുവരി മാസം 14 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ എല്ലാ ഇടവകകളിലും വിശ്വാസ സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കുന്ന മറ്റെല്ലാ ഇടങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചു നൽകുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 4/2020***
***Prot. No. 22889/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ രൂപത സ്ഥാപിതമായിട്ട് 2023-ൽ 50 വർഷം പൂർത്തിയാകുകയാണ്. നിങ്ങൾക്കറിയാവുന്നതുപോലെ 1973 മെയ് ഒന്നിനാണ് നമ്മുടെ രൂപത ഉത്ഘാടനം ചെയ്യപ്പെട്ടത്. രൂപതാ സ്ഥാപനത്തിന്റെ അമ്പതാം വാർഷികം അഥവാ സുവർണ്ണ ജൂബിലിയുടെ പ്രാരംഭമായി നമ്മൾ ഒരു രൂപതാ അസംബ്ലി (eparchial assembly) നടത്താൻ തീരുമാനിച്ച വിവരം നിങ്ങളെ അറിയിക്കട്ടെ. 2020 നവംബർ മാസം 24, 25, 26 (ചൊവ്വ, ബുധൻ, വ്യാഴം) എന്നീ ദിവസങ്ങളിലാണ് അസംബ്ലി നടക്കുന്നത്. സാധ്യമാകുന്നിടത്തോളം എല്ലാ അഞ്ച് വർഷം കൂടുമ്പോഴും അപ്രകാരം നടത്തണം എന്നാണ് നിയമം എങ്കിലും നമ്മുടെ ആദ്യത്തെ അസംബ്ലിക്കുശേഷം ഇതുവരെ നടത്താൻ പറ്റിയിട്ടില്ല. പല കാരണങ്ങൾ അതിനുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ ആണ് ഇപ്പോൾ നമ്മൾ ഒരു അസംബ്ലി നടത്താനുള്ള ക്രമീകരണങ്ങളുമായി മുന്നോട്ട് പോകുന്നത്.

നിലവിൽ രൂപതാംഗങ്ങളുടെ വിശ്വാസപരവും ക്രൈസ്തവ ധാർമ്മികപരവുമായ ജീവിതത്തെ സഹായിക്കുന്ന തരത്തിലുള്ളതാണോ, രൂപതയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും സംഘടനകളിലും മറ്റും നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്ന് വിലയിരുത്തുക, മാറിവരുന്ന കാലത്തിനനുസരിച്ച് അവ ഫലപ്രദമാകുന്നില്ലെങ്കിൽ അവയുടെ കാരണം അന്വേഷിച്ച് കണ്ടെത്തി ഫലപ്രദമാക്കാനുള്ള വഴികൾ കണ്ടെത്തി നടപ്പാക്കുക തുടങ്ങിയവയാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. അതിനായി രൂപതാംഗങ്ങളുടെ, എല്ലാ വിഭാഗത്തിലുംപ്പെട്ടവരുടെ പ്രതിനിധികൾ നിയമാനുസൃതം പങ്കെടുക്കുന്ന യോഗമാണ് രൂപതാ അസംബ്ലി. രൂപതയുടെ ജീവിതത്തിൽ പുതിയൊരു കാൽവയ്പിന് ഈ അസംബ്ലി സഹായകമാകട്ടെ. വിശ്വാസജീവിത നവീകരണത്തിലേയ്ക്കും ഐക്യത്തോടെയുള്ള നിലപാടുകളിലേയ്ക്കും ഇതു നമ്മെ നയിക്കട്ടെ.

രൂപതയിലെ ഫൊറോനാ വൈദികസമിതി രൂപതായോഗത്തെക്കുറിച്ച് പല ഘട്ടങ്ങളിലായി വിശദമായ ചർച്ചകൾ നടത്തി രൂപതായോഗത്തിന്റെ വിഷയനിർണയത്തെക്കുറിച്ചു ചിന്തിച്ചു. വീണ്ടും ഫൊറോനാ സമിതിയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സമിതി രൂപത പാസ്റ്ററൽ കൗൺസിൽ, രൂപത ആലോചനാ സമിതി, രൂപത പബ്ലിക് റിലേഷൻ വകുപ്പ് എന്നിവയിൽ നിന്നും പങ്കെടുത്ത പ്രതിനിധികളുടെ യോഗം ചേർന്ന് വിഷയനിർണയത്തെക്കുറിച്ച് ചിന്തിച്ചു. വിശദമായ ചർച്ചകളും പഠനങ്ങളും നടത്തി. തൽഫലമായി 'മാറുന്ന ലോകത്തിൽ പ്രകാശത്തിന്റെ സാക്ഷ്യം' എന്ന അടിസ്ഥാന ആശയത്തെ ആധാരമാക്കി കുടുംബം, ഇടവക, സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക മേഖലകൾ, കാർഷിക-പരിസ്ഥിതി മേഖലകൾ എന്നീ നാലുതലങ്ങൾ ചർച്ചാവിഷയമാക്കാം എന്ന് തീരുമാനിച്ചു. ഇതിന്റെ വെളിച്ചത്തിൽ, ഈ മേഖലകളിലെ മാറ്റങ്ങളെക്കുറിച്ചുള്ള ഇന്നിന്റെ പ്രതികരണങ്ങളിൽ രൂപത ക്രിയാത്മകമായി എങ്ങനെ ഇടപെടാൻ പറ്റുമെന്നും ഈ തലങ്ങളിൽ ക്രിസ്തീയ മൂല്യാധിഷ്ഠിതസാക്ഷ്യം എങ്ങനെ സാധ്യമാക്കാം എന്നും, രൂപതായോഗത്തിന്റെ ചർച്ചകളിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

മേൽപ്പറഞ്ഞ വിഷയങ്ങൾ കൂട്ടായ ചർച്ചകൾക്കും വിശദമായ പഠനത്തിനും വിധേയമാക്കി കരടുരേഖ തയ്യാറാക്കാൻ റവ.ഫാ.ജെയിംസ് പുത്തൻപറമ്പിൽ, റവ. ഫാ. ജോസഫ് മുതിരക്കാലായിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ.ജോസ് പള്ളത്ത് എന്നിവരെ ചുമതലപ്പെടുത്തി. കൂട്ടായ ചർച്ചകൾക്കും പഠനത്തിനുംശേഷം കരടുരേഖയും, ചോദ്യാവലിയും തയ്യാറായിട്ടുണ്ട്.

**ചർച്ച നടത്തേണ്ട തലങ്ങൾ:** കരടുരേഖയും ചോദ്യാവലിയും രൂപതയുടെ എല്ലാതലങ്ങളിലും ചർച്ച ചെയ്യപ്പെടണം. എല്ലാ കുടുംബകൂട്ടായ്മകളിലും പാരീഷ്കൗൺസിൽ, ഫൊറോന കൗൺസിൽ, സന്യാസഭവനങ്ങൾ, ഇടവകകളിലെ വിവിധ സംഘടനകൾ, മതാധ്യാപകർ, സ്ക്കൂൾ അധ്യാപകർ, ഫൊറോന വൈദികസമിതി, ഇടവകകളിലെ പ്രാർത്ഥനാ കൂട്ടായ്മകൾ എന്നീ സമിതികളിലെല്ലാം ചർച്ച നടക്കണം.

2020 മാർച്ച്-ഏപ്രിൽ മാസങ്ങളിലായി കരടുരേഖയുടെ ചർച്ച മേൽപ്പറഞ്ഞ എല്ലാ സമിതികളും നടത്തേണ്ടതാണ്. ചർച്ച യ്ക്കുള്ള പൊതു നിർദ്ദേശങ്ങളും മറ്റു വിശദാംശങ്ങളും നിങ്ങൾക്കു പിന്നീട് ലഭിക്കുന്നതായിരിക്കും. രൂപതയിലെ വിവിധ തലങ്ങളിൽ നടക്കുന്ന ചർച്ചകളുടെ റിപ്പോർട്ടുകളെ ആധാരമാക്കിയായിരിക്കും രൂപതായോഗത്തിലെ ചർച്ചക്കുള്ള പ്രവർത്തന രേഖ തയ്യാറാക്കുക. ഈ രേഖ സമഗ്രമാകണമെങ്കിൽ കരടുരേഖയുടെ ചർച്ചകൾ വിവിധ തലങ്ങളിൽ കാര്യക്ഷമമായി നടക്കേണ്ടതുണ്ട്. അതിന്റെ കൃത്യമായ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. അസംബ്ലിയുടെ വിജയത്തിനായി ബഹു. വികാരിയച്ചന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങൾ, സന്യാസിനീസന്യാസികൾ, സംഘടനാ ഭാരവാഹികൾ എന്നിവരുടെയും അകമഴിഞ്ഞ പിന്തുണയും സഹ കരണവും ഹൃദയപൂർവം അഭ്യർത്ഥിക്കുന്നു. ശ്ലീഹന്മാരെ വിശ്വാസ ത്തിലും സത്യത്തിലും ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവ് നമ്മെയും ശക്തിപ്പെടുത്തട്ടെ.

നമ്മുടെ കർത്താവിന്റെകൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2020 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2020 മാർച്ച് മാസം 15-ന് ഞായറാഴ്ച ഇടവകകളിലെ വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19-ാം തിയ്യതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പ് പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റേയും പേരിൽ നാമഹേതുക തിരുനാളിന്റെ സ്നേഹപൂർവ്വകമായ മംഗളാശംസകൾ. തിരുസഭയുടെ പരിപാലകനായ മാർ യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടട്ടെ എന്ന് നമുക്ക് ഒന്നു ചേർന്ന് പ്രാർത്ഥിക്കാം. വി. യൗസേപ്പിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തിയ്യതി തിങ്കളാഴ്ചയാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാർച്ച് 3 ന് ബഹു. ജോർജ് മൂലയിൽ അച്ചന്റെയും മാർച്ച് 10 ന് ബഹു. ഫ്രാൻസീസ് വാളായിൽ അച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെയും ചരമദിനങ്ങളാണ്. ഈ ദിനങ്ങളിൽ രാവിലെ 7 മണിക്ക് വിയാനിഭവനിൽ വച്ച് വി. കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി.ബലികളിലും നമുക്കോർക്കാം.

**മദ്യവിരുദ്ധ ഞായർ മാർച്ച് 08**

മാർച്ച് 08 ന് മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. ഈ ദിനം സമുചിതമായി ആഘോഷിക്കുവാൻ എല്ലാ ഇടവകകളും

ശ്രദ്ധിക്കുമല്ലോ. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടേതായി ഈ മാസത്തിലെ ബുള്ളറ്റിനിൽ ചേർത്തിരിക്കുന്ന സർക്കുലർ വി. കുർബാന മദ്ധ്യേ വായിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാ കേന്ദ്രത്തിലേക്ക് എത്തിച്ചുതരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന ബഹു. സണ്ണി മഠത്തിലച്ചനും മറ്റ് സഹപ്രവർത്ത കർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## വൈദിക സെനറ്റ് യോഗം (Presbyteral Council)

വൈദിക സെനറ്റിന്റെ ഒരു യോഗം മാർച്ച് 5 വ്യാഴാഴ്ച രാവിലെ 10.00 മുതൽ 1.30 വരെ മാനന്തവാടി ബിഷപ്സ് ഹൗസിൽ ചേരുന്ന താണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. എന്തെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ ഇതൊരു അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പാസ്റ്ററൽ കൗൺസിൽ (Pastoral Council)

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2020 മാർച്ച് 14 ശനിയാഴ്ച രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തു മുഖേന അറിയിക്കുന്നതാണ്.

## വൈദിക സമ്മേളനം (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരു ടെയും ഒരു യോഗം 2020 മാർച്ച് 18 ബുധനാഴ്ച രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ കത്തു മുഖേന ബഹു. വൈദികരെ അറിയിക്കുന്ന താണ്.

## പൊതു പിരിവുകൾ

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവു കൾ മാർച്ച് 31 നകം എത്തിച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും 10 % രൂപതാ വിഹിതവും, വൈദിക ക്ഷേമ നിധി യിലേയ്ക്കുള്ള തുകയും, വൈദിക ക്ഷേമനിധി കുടിശികയുള്ള ഇടവകകൾ കുടിശികയും അടയ്ക്കാൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥി ക്കുന്നു.

**വിദ്യാഭ്യാസ സഹായനിധി (Education Aid Fund), വൈദിക വിദ്യാർത്ഥി ക്ഷേമനിധി (Seminary Formation)**

എല്ലാവർഷത്തേയും പോലെ ഈ വർഷവും മാർച്ച് 15 ന് രൂപതാ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്കും, മാർച്ച് 22-ന് വൈദിക വിദ്യാർത്ഥി ക്ഷേമനിധിയിലേക്കും ഓരോ ഇടവകയിലും നിന്ന് പിരിവ് എടുക്കേണ്ടതും രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 7 ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

**വൈദികവസ്ത്ര സ്വീകരണം**

ബിരുദാനന്തര ബിരുദമോ റീജൻസിയോ കഴിഞ്ഞ് ദൈവശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മെയ് 11 തിങ്കളാഴ്ച മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവ് വൈദികവസ്ത്രം നൽകുന്നതായിരിക്കും.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. അതുൽ ഉള്ളോപ്പള്ളിൽ SJ (മുള്ളൻകൊല്ലി) അച്ചന് രൂപതയിലേക്ക് സ്വാഗതം.

## TRANSFER AND APPOINTMENTS OF PRIESTS

| SN. | Rev. Father | Assignment |
|---|---|---|
| 1 | Fr Puthenpura Mathew | Vicar, Kalpra |
| 2 | Fr Periyappuram Mathew | Shamshabad Mission |
| 3 | Fr Punnackapadavil Sebastian | Vicar, Karani (Additional Charge) |
| 4 | Fr Palakkatt Antony | Ramanathapuram |
| 5 | Fr Kanipallil Varghese | House Procurator, Mount Mary College & Assistant Vocation Promotor |
| 6 | Fr Thekkilakattil Mathew | Assistant Director, St Joseph's Hospital |
| 7 | Fr Chirayilparambil Thomas | Shamshabad Mission |
| 8 | Fr Chakkulathil Joseph | Assistant Vicar, Kallody |
| 9 | Fr Elemkunnel Joseph | Assistant Vicar, Chundakkara |
| 10 | Fr Thenpallil Sebastian | Assistant Vicar, Poroor |
| 11 | Fr Chakkalackal Joseph | Assistant Vicar, Vazhavatta |
| 12 | Fr Kalapurackal Abraham | Assistant Vicar, Nilambur |

| | | |
|---|---|---|
| 13 | Fr Thalachira George | Assistant Vicar, Kottiyoor |
| 14 | Fr Pezhakkattil Francis | Assistant Vicar, Kayyunni |
| 15 | Fr Alackathadathil James | Assistant Vicar, Nadavayal |
| 16 | Fr Kalapurackal Mathew | Diocesan Archivist and Assistant Vicar, Town Church, Mananthavady |
| 17 | Fr Edachilath Joseph | Assistant Vicar, Nadavayal |
| 18 | Fr Kunnath Joseph | Assistant Vicar, Payyampally |
| 19 | Fr Thekkethil Abraham | Assistant Vicar, Manimooly |
| 20 | Fr Muttappallil Joseph | Assistant Vicar, Mullenkolly |
| 21 | Fr Mulakodiyankal Sebastian | Assistant Vicar, Cathedral |
| 22 | Fr Madathiparambil Devasia | Assistant Vicar, Chungakunnu |
| 23 | Fr George Ulloppillil SJ | Assistant Vicar, Mullenkolly |

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 5-ാം തിയ്യതി ഞായറാഴ്ചയോ അതിനു മുൻപോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2019-20 വർഷത്തെ വാർഷിക കണക്ക്, 2020-21 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2020-21 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

★ വാർഷിക തെരട്ടിനോടൊപ്പം പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റേയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനു ശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ *(കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം.*

*പേജ് 151, നമ്പർ 42.)* സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

- ★ സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതു തരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.
- ★ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ★ ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- ★ സീറോമലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധി യോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.
- ★ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം സമർപ്പിക്കേണ്ടതാണ്.
- ★ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
- ★ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.
- ★ മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**ഓഡിറ്റിംഗ്**

മുൻ വർഷങ്ങളിൽ ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശപണം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ട താണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനു സരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്ഥാപനങ്ങളുടെ FC & general കണക്കുകളുടെ ഓഡിറ്റിംഗ് ഈ വർഷം മെയ് 1, 2 തിയ്യതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവക കളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തിയ്യതികൾ പിന്നാലെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്ന താണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കു ന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീ കരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീ കരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, 2020-2021 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെര ട്ടിന്റെ 2 കോപ്പികൾ, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി Online ആയി account ചെയ്ത തിന്റെ print out, നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കു കൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ, കഴിഞ്ഞവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

നീലഗിരി റീജണിലുള്ള പള്ളികളിലെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ കാലേകൂട്ടിതന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കും എന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും മെയ് 5-ന് അരുൾനിലയം സി.എം.ഐ. ആശ്രമത്തിൽ വച്ച് ആയിരിക്കും. അന്നേ ദിവസം ഓഡിറ്റർമാരും അവിടെ ഉണ്ടായിരിക്കും.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| നിരവിൽപുഴ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരി | രാവിലെ 9 മുതൽ | " |
| പുതിയിടംകുന്ന് | രാവിലെ 9 മുതൽ | " |
| വഞ്ഞോട് | രാവിലെ 9 മുതൽ | " |
| വാളേരി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 22 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | രാവിലെ 9 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| കളത്തുവയൽ | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **ബിഷപ്പ്സ് ഹൗസ്** |
| എടയൂർക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 25 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 25 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| സു.ബത്തേരി ഫൊറോന | ഏപ്രിൽ 28 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 29 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 29 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 30 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| പുഷ്പനഗർ (Independent Station) | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പൊയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 30 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **മെയ് 5 ചൊവ്വ** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| ബോസ്പാറ | രാവിലെ 9 മുതൽ | " |
| മൺവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

**പ്രത്യേക അറിയിപ്പ്**

Online Accounting System ഉപയോഗിക്കുന്നവർ Soft-ware Charge അടച്ചിട്ടില്ലെങ്കിൽ 9520 രൂപയും വാർഷിക maintenance charge 3570 രൂപയും രൂപതയിൽ അടയ്ക്കേണ്ടതാണ്.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാകേന്ദ്രത്തിൽ എൽപ്പിക്കേണ്ട പൊതുപിരിവുകൾ (സ്നേഹനിധി, യുവജനദിനം, മതബോധന ഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്, വിദ്യാഭ്യാസ സഹായനിധി, ഇടവക കളിൽ നിന്നുള്ള 10% എന്നിവ ഒഴികെ) താഴെ കൊടുത്തിരിക്കുന്ന രൂപതയുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. സ്നേഹ നിധി, യുവജനദിനം, മതബോധനഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്., വിദ്യാഭ്യാസ സഹായനിധി, ഇടവകകളിൽ നിന്നുള്ള 10% എന്നിവ താഴെകൊടുത്തിരിക്കുന്ന അതാത് സംഘടന കളുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. പിരിവുകൾ അയച്ചു കഴിയുമ്പോൾ വിശദവിവരങ്ങൾ ബിഷപ്സ്ഹൗസ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫോൺ: 8281879949

**രൂപതയുടെ ബാങ്ക് അക്കൗണ്ട്**

| | | |
|---|---|---|
| A/C Name | : | The Roman Catholic Diocese of Mananthavady |
| A/C No. | : | 0605053000000001 |
| Name of the Bank | : | South Indian Bank |
| Branch | : | Mananthavady |
| IFS Code | : | SIBL0000605 |

| | | |
|---|---|---|
| A/C Name | : | Diocese of Mananthavady |
| A/C No. | : | 0063-02151700-190001 |
| Name of the Bank | : | Catholic Syrian Bank |
| Branch | : | Mananthavady |
| IFS Code | : | CSBK0000063 |

**Bishop's Account**

A/C Name : Bishop Jose Porunnedom

A/C No : 0605053000008376

Bank : South Indian Bank

Branch : Mananthavady

IFS Code : SIBL0000605

**Mass Intention**
A/C Name : Vicar General
A/C No : 0063 02151838 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Priest Provident Fund**
A/C Name : Priest Provident Fund
A/C No : 0063 02151971 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Educational Aid Fund**
A/C Name : Secretary Educational Aid Fund
A/C No : 0063 02154100 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Mutual Aid Fund (ഇടവകകളിൽ നിന്നുള്ള 10%)**
A/C Name : The Roman Catholic Diocese of Mananthavady
A/C No : 0063-03854921-195001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Snehanidhi (സ്നേഹനിധി)**
A/C Name : Snehanidhi
A/C No : 0063 02151620 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**KCYM (യുവജനദിനം)**
A/C Name : Director KCYM
A/C No : 0063 02152928 190001
Bank : Catholic Syrian Bankl
Branch : Mananthavady
IFS Code : CSBK0000063

---

**Account Details of Department of Cathechism** **(മതബോധന ഞായർ)**
A/C Name: CATECHETICAL CENTRE
A/C No. 0063-02152792-190001
Bank: Catholic Syrian Bank
Branch: Mananthavady
IFS Code: CSBK0000063

---

**Communication Media (മാധ്യമ ദിനം)**
A/C Name : Director Media Commission
A/C No : 47512200041588
Bank : Syndicate bank
Branch : Nalloornad
IFS Code : SYNB0004751

---

**Madyvirudhasamithi (മദ്യവിരുദ്ധ ഞായർ)**
A/C Name : KCBC madyavirudhasamithi
A/C No : 0063 02155302 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**ഫാ. ജിൽസൺ കോക്കണ്ടത്തിൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

# Safe Environment Programme

**കുന്നൂർ**

കുന്നൂർ, ഊട്ടി, അറുവൻകാട്, ബർളിയാർ എന്നീ ഇടവക കൾക്കായി Safe Environment Committee സംഘടിപ്പിച്ച Safe Environment Training Programme ഫെബ്രുവരി 16-ന് കുന്നൂർ ഇടവക യിൽ വച്ച് നടന്നു. കുന്നൂർ ഇടവക വികാരി ബഹു. മാർട്ടിൻ പുതു ശ്ശേരി അച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാ. നോബിൾ പാറ യ്ക്കൽ, ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർ ക്ലാസുകൾ എടുത്തു. കുന്നൂർ ഇടവക വികാരി ബഹു. മാർട്ടിൻ പുതുശ്ശേരി അച്ചനും ഊട്ടി ഇടവക വികാരി ബഹു. സജി ഇളയിടത്ത് അച്ചനും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും വളരെ ഭംഗിയായി ചെയ്തു തന്നു. പ്രോഗ്രാം മനോ ഹരമായി സംഘടിപ്പിച്ചതിന് ബഹു. അച്ചന്മാർക്കും ഇവരോട് സഹ കരിച്ച ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, സെക്രട്ടറിമാർ തുടങ്ങിയ എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

പയ്യമ്പള്ളി ഫൊറോനയിലെ കൈക്കാരന്മാർ, കപ്യാർമാർ, സെക്രട്ടറിമാർ, മതാധ്യാപകർ എന്നിവർക്കുവേണ്ടി നടത്തിയ Safe Environment Training programe ഫെബ്രുവരി 21-ന് വെള്ളിയാഴ്ച പയ്യമ്പള്ളി ഇടവകയിൽ വച്ച് നടന്നു. പ്രോഗ്രാം പയ്യമ്പള്ളി ഫൊറോന വികാരി ബഹു. ജോയി പുല്ലൻകുന്നേൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് പരുവുമ്മേൽ, അഡ്വ. റിനു ജോസ് എന്നിവർ ക്ലാസു കൾ നയിച്ചു. പ്രോഗ്രാമിൽ 176 പേർ സംബന്ധിച്ചു. ആവശ്യമായ എല്ലാ ക്രമീകരണങ്ങളും വളരെ ഭംഗിയായി ചെയ്തു തന്ന ഫൊറോന വികാരി ബഹു. ജോയി പുല്ലൻക്കുന്നേൽ അച്ചനും അസി. വികാരി അഖിൽ കുന്നത്ത് അച്ചനും സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയി ക്കുന്നു.

ഇതുവരെ ചുങ്കക്കുന്ന്, തരിയോട്, കയ്യൂന്നി, മാനന്തവാടി എന്നീ ഫൊറോനകളിലും SH പ്രൊവിഷ്യൽ ഹൗസ് ദ്വാരക, MSMI പ്രൊവിൻഷ്യൽ ഹൗസ് ബത്തേരി, FCC പ്രൊവിഷ്യൽ ഹൗസ് ദീപ്തിഭവൻ എന്നിവിടങ്ങളിലും പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

**വരും മാസങ്ങളിലെ പ്രോഗ്രാമുകൾ**

| | | |
|---|---|---|
| മുള്ളൻകൊല്ലി | – | ഫെബ്രുവരി 29 |
| നിലമ്പൂർ | – | മാർച്ച് 1 |
| ദ്വാരക | – | മാർച്ച് 8 |
| കൽപ്പറ്റ | – | മാർച്ച് 14 |
| ബത്തേരി | – | മാർച്ച് 15 |
| നടവയൽ | – | മാർച്ച് 22 |
| കല്ലോടി | – | മാർച്ച് 29 |
| മണിമൂളി | – | ഏപ്രിൽ 26 |

**പങ്കെടുക്കേണ്ടവർ**

കൈക്കാരൻമാർ, സെക്രട്ടറി, കപ്യാർ, മതാധ്യാപകർ.

ഒരോ ഫൊറോനയിൽ നിന്നും പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ബഹു. വികാരിയച്ചന്മാർ കഴിവതും വേഗം ബഹു. ഫൊറോനാ വികാരിയച്ചന് കൊടുക്കണേ.

**Fr. Joseph Paruvummel**
Coordinator, Safe Enviornment Committee

## തരിയോട് മേഖല

തരിയോട് ഫൊറോനയിലെ ഫെബ്രുവരി മാസത്തിലെ വൈദികരുടെ മാസധ്യാനം പന്തിപ്പൊയിൽ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു. ഫാ. വിൻസെന്റ് കൊരണ്ടിയാർകുന്നേൽ OSB ധ്യാനചിന്തകൾ പങ്കുവെച്ചു. തുടർന്നുള്ള ചർച്ചകൾക്ക് ഫൊറോന വികാരി ബഹു. ജെയിംസ് കുന്നത്തേട്ടച്ചൻ നേതൃത്വം നൽകി. വിവിധ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. മാതൃവേദിയുടെ ഫൊറോനാതല മീറ്റിംഗ് ഫെബ്രുവരി 15 ന് നടത്തപ്പെടുമെന്ന് അറിയിച്ചു. ചെറുപുഷ്പമിഷൻലീഗ് ഫൊറോനാതല തിരുബാലസംഖ്യ മത്സരം നടത്തി. ഫൊറോനയിലെ എല്ലാ ഇടവകയിലെയും SSLC,+2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന കൂട്ടായ്മ ഫെബ്രുവരി 16 ഞായറാഴ്ച 2 pm മുതൽ 5 pm വരെ ചെന്നലോട് പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. നവതിയുടെ നിറവിലായിരിക്കുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തായെ തരിയോട് ഫൊറോനയുടെ നേതൃത്വത്തിൽ കാവുംമന്ദം പള്ളിയിൽ വച്ച് ഏപ്രിൽ 19 ന് അനുമോദന ചടങ്ങ് നടത്തി ആശംസകൾ നേരുവാൻ തീരുമാനിച്ചു. മംഗളം ഇടവക വികാരി ബഹു. ജോസ് തയ്യിലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം മാർച്ച് 10 ന് മംഗളം പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. സന്തോഷ് ഒറവാറന്തറ**

സെക്രട്ടറി

## നീലഗിരി

2020 ഫെബ്രുവരി 12-ാം തീയതി ഗൂഡല്ലൂർ റീജണൽ സെന്ററിൽ വച്ച് പ്രഥമ വൈദീക സന്യാസ സംയുക്ത സംഗമം നടത്തപ്പെട്ടു. 54 പേർ പങ്കെടുത്തു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബഹു. ഷിബിനച്ചനും, ബഹു. മാർട്ടിനച്ചനും ജന്മദിനാശംസകൾ നേർന്നു. പുതുതായി ചാർജ്ജെടുത്ത ബഹു. ഫാ. റിബിൻ പേഴേക്കാട്ടിൽ, ബഹു. ഫാ. ജിജോ CMI എന്നിവരെ സ്വാഗതം ചെയ്തു. നീലഗിരി റീജണൽ ഡയറക്ടർ ബഹു. ഫാ. തോമസ് മണക്കുന്നേൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് പ്രേഷിതവർഷത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. ദ്വാരക

സീയോൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. സോണി വാഴകാട്ട് അച്ചൻ ധൂർത്തപുത്രന്റെ ഉപമയെ ആസ്പദമാക്കി ധ്യാനചിന്തകൾ പങ്കു വച്ചു. തുടർന്ന് നടന്ന ജപമാലയ്ക്ക് ബഹു. സിസ്റ്റേഴ്സ് നേതൃത്വം നല്കി. ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ സി. കുസുമം SH, സി. ഇന്നസെന്റ് MSMI എന്നിവർ സംസാരിച്ചു. വിവിധ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളെ ക്കുറിച്ച് വിലയിരുത്തി. CML മേഖല ഡയറക്ടർ ബഹു. ഫാ. സജി ഇളയിടത്ത് ഏപ്രിൽ മാസത്തിൽ ഊട്ടിയിൽ വച്ച് എയ്ഞ്ചൽ മീറ്റ് നടത്തു ന്നതിനെകുറിച്ച് സംസാരിച്ചു. KCYM ഡയറക്ടർ ബഹു. റോബിൻ പടി ഞ്ഞാറയിൽ അച്ചൻ മാർച്ച് 1 ന് മേഖലാഭാരവാഹികളുടെ തെരഞ്ഞെ ടുപ്പ് നീലഗിരി റീജണൽ സെന്ററിൽ വച്ച് നടക്കുമെന്ന് അറിയിച്ചു. മാതൃ വേദി ജനറൽ ബോഡി മീറ്റിംഗ് നോമ്പുകാലത്ത് നടത്തുവാൻ തീരു മാനിച്ചു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മേഖലയിലെ കുട്ടികൾക്കായി മാർച്ച് മാസത്തിൽ ഒരു കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തുന്നതിനെകുറിച്ച് സംസാരിച്ചു. മതബോധന ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ ഫെബ്രുവരി 23 ന് സൺഡേസ്ക്കൂൾ വാർഷിക പരീക്ഷയും മേഖല സ്കോളർഷിപ്പ് പരീക്ഷയും നടക്കുന്നതായിരിക്കും സമയം രാവിലെ 11 മുതൽ 1 വരെ ആയിരിക്കും എന്നറിയിച്ചു. സോണൽ പാസ്റ്ററൽ പ്രാർത്ഥനാക്കൂട്ടായ്മയെകുറിച്ച് ബഹു. ഫാ. ജെയിംസ് മാങ്കോട്ടിൽ സംസാരിച്ചു. ബഹു. ഫാ. റിബിൻ പാരീഷ് APP-ന്റെ ആവശ്യകതയെ കുറിച്ച് സംസാരിച്ചു പരിചയപ്പെടുത്തി. ബഹു. ഫാ. മാർട്ടിൻ പുതു ശ്ശേരി എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം മാർച്ച് 10-ന് ധർമ്മഗിരിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
സെക്രട്ടറി

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോന വൈദീകകൂട്ടായ്മ പരി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ന് തെനേരി ലൂർദ്ദ്മാതാ ദേവാലയത്തിൽ വച്ച് നടന്നു. ബഹു. ജോസ്മുണ്ടയ്ക്കൽ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബഹു. ജിബിൻ OFM അച്ചൻ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും കുമ്പസാരത്തിനും ആരാധന യ്ക്കും നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് ബഹു. സോമി വടയാപറമ്പിലച്ചൻ ജന്മദിനമാഘോഷിക്കുന്നവരെ ആദരിച്ചു. ഒരോ ഇടവകയ്ക്കുമുള്ള സ്നേഹനിധി വിഹിതം കൈമാറി. കൽപ്പറ്റ

ഫൊറോനയിലെ കൈക്കാരന്മാർക്കും മതാധ്യാപകർക്കും ഇടവക സെക്രട്ടറിമാർ തുടങ്ങിയവർക്കുമുള്ള Safe Enviornment ക്ലാസ്സുകൾ മാർച്ച് രണ്ടാം ശനിയാഴ്ച 9.30 മുതൽ 3.30 വരെ കൽപ്പറ്റ ഡി പോൾ സ്കൂളിൽ വച്ച് നടത്താൻ തീരുമാനിച്ചു. ഉന്നത പഠനത്തിനായി പോകുന്ന ഫാ.ടോം CST ക്ക് മംഗളങ്ങൾ നേരുകയും ചെയ്തു. മാതൃസംഘത്തിന്റെ മേഖലാ ഡയറക്ടർ ബഹു. ഫ്രാൻസിസ് നെല്ലിക്കുന്നേൽ അച്ചൻ ഫെബ്രുവരി 18 ന് കൽപ്പറ്റ സിവിൽ സ്റ്റേഷനിൽ വച്ച് പ്രോ-ലൈഫിന്റെ നേതൃത്വത്തിൽ നടക്കാൻ പോകുന്ന പ്രാർത്ഥനാ യഞ്ജത്തിലേക്ക് എല്ലാവരെയും ക്ഷണിച്ചു. ലൗജിഹാദിനെക്കുറിച്ചുള്ള ക്രിയാത്മക ചർച്ച നടന്നു. ഒടുവിൽ ബഹു. തോമസ് ജോസഫ് തേരകം വേണ്ട ക്രമീകരണം ചെയ്ത തേനേരി ഇടവകയ്ക്ക് നന്ദിയും അടുത്ത മാസധ്യാന കുട്ടായ്മയ്ക്ക് എല്ലാവരേയും എടപ്പെട്ടിയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി**
സെക്രട്ടറി

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ഫെബ്രുവരി 12-ാം തിയ്യതി ബുധനാഴ്ച്ച സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ ബഹു. മനോജ് കവലക്കാടൻ അച്ചന്റെ നേതൃത്വത്തിൽ കണിയാരം കത്തിഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ബഹു. മനോജ് കവലക്കാടൻ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഫാ.ജിബിൻ (OFM) ധ്യാനചിന്തകൾ പങ്കുവച്ചു. (വിശുദ്ധ ലൂക്കായുടെ സുവിശേഷം 13-ാം അദ്ധ്യായം 18 മുതലുള്ള വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി) നാം ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കണമെന്നും, പുരോഹിതന്റെ ജീവിതത്തിൽ ദൈവത്തോടുള്ള ബന്ധം ശക്തമാകണമെന്നും, മൂന്നാമതായി വ്യക്തികളോ വസ്തുക്കളോ ആശയങ്ങളോ ചേക്കേറരുതെന്നും ഓർമ്മിപ്പിച്ചു. തുടർന്ന് ആരാധനയ്ക്കുശേഷമുള്ള ചർച്ചകൾക്ക് ഫൊറോനാ വികാരി ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ നേതൃത്വം നൽകി. പുതുതായി മാനന്തവാടി ഫൊറോന കൂട്ടായ്മയിലേക്ക് കടന്നുവന്ന റവ. ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ, റവ. ഫാ. നിഷ്വിൻ തേൻപള്ളിയിൽ, റവ. ഫാ. വിപിൻ കളപ്പുരയ്ക്കൽ, റവ. ഫാ. ജോഫിൻ മുളകൊടിയാങ്കൽ എന്നിവരെ സ്വാഗതം ചെയ്യുകയും ഫെബ്രുവരി മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് വിവിധ ഭക്തസംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച്

വിലയിരുത്തി. കെ.സി.വൈ.എം. ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മേഖലാ ഡയറക്ടർ റവ. ഫാ. ജോണി മലയിലും, തിരുബാലസഖ്യ മത്സരങ്ങൾ നടത്തിയതിനെക്കുറിച്ച് ചെറുപുഷ്പ മിഷൻലീഗിന്റെ മേഖലാ ഡയറക്ടർ റവ.ഫാ.അനീഷ് കാട്ടാംക്കോട്ടിലും സംസാരിച്ചു. മാതൃസംഘടനയുടെ നേതൃത്വത്തിൽ നോമ്പുകാലത്തു കുരിശിന്റെ വഴി നടത്തുന്നതിനെക്കുറിച്ചും സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും മേഖലാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർത്തോട്ടം സംസാരിച്ചു. മാനന്തവാടി മൈനർ സെമിനാരിയിൽ വച്ച് മാർച്ച് മാസം 29,30,31 തിയ്യതികളിൽ നടത്തപ്പെടുന്ന വൊക്കെഷൻ ക്യാമ്പിൽ പങ്കെടുക്കുവാൻ കുട്ടികളെ പറഞ്ഞയക്കണം എന്ന് റവ. ഫാ. ബിജു തുരുത്തേൽ ഓർമ്മിപ്പിച്ചു. തുടർന്ന് രൂപതകാര്യലയത്തിൽ നിന്ന് നിർദ്ദേശിച്ചതനുസരിച്ച് മാനന്തവാടി ഫൊറോനയിൽ നിന്ന് അനുരഞ്ജനസമിതിയുടെ ചെയർമാനായ ബഹു.പോൾ മുണ്ടോളിക്കൽ അച്ചനൊപ്പം തോമസ് കുറ്റിക്കാട്ടുക്കുന്നേൽ അച്ചനെയും മാത്യു പെരുമാട്ടിക്കുന്നേൽ അച്ചനെയും തെരഞ്ഞെടുത്തു. പ്രശാന്തഗിരി ഇടവക വികാരി ബഹു. ഫാ. അനീഷ് കാട്ടാംക്കോട്ടിൽ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം മാർച്ച് 10 ന് പ്രശാന്തഗിരി പള്ളിയിൽവച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോഫിൻ മുളകൊടിയാങ്കൽ**
സെക്രട്ടറി

# മൈനർ സെമിനാരി വാർത്തകൾ

**1. ദൈവവിളി ക്യാമ്പുകൾ 2020**

മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശംസകൾ! സമാഗതമാകുന്ന ഈസ്റ്റർ ആശംസകൾ നേരുന്നു. ദൈവവിളി കണ്ടെത്തുവാനും ദൈവവിളി തിരിച്ചറിയുവാനും സഹായകമാകുന്ന ദൈവവിളിക്യാമ്പുകൾ ഈ വർഷവും മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആൺകുട്ടികൾക്കായുള്ള ക്യാമ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**ക്യാമ്പ് I: പങ്കെടുക്കേണ്ട ഫൊറോനകൾ**

കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി, ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, ദ്വാരക.

**ക്യാമ്പ് നടക്കുന്ന സ്ഥലം:** മൗണ്ട് മേരി കോളേജ് (രൂപതാ മൈനർ സെമിനാരി) മാനന്തവാടി

**തീയതി:** 2020 മാർച്ച് 29 ഞായർ 5 മണി മുതൽ 31 ചൊവ്വാഴ്ച രാവിലെ 10 മണി വരെ

**ക്യാമ്പ് I : പങ്കെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

1. ക്യാമ്പിനുവരുന്ന കുട്ടികൾ പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. അവരുടെ സന്ദർശനസമയം മാർച്ച് 30 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ 3.30 വരെയാണ്.
3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.
4. മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയണിൽ നിന്നുള്ളവർക്ക് ഒന്നാമത്തെ ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്.

**ക്യാമ്പ് II : പങ്കെടുക്കേണ്ട ഫൊറോനകൾ –** മണിമൂളി, നിലമ്പൂർ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി:** 2020 ഏപ്രിൽ 6 തിങ്കൾ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ

**ക്യാമ്പ് III :** നീലഗിരി റീജിയൺ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** ഫാത്തിമ മാതാ ചർച്ച്, കയ്യൂന്നി

**തീയതി:** 2020 ഏപ്രിൽ 8 ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ

**NB** : ക്യാമ്പ് II, III പങ്കെടുക്കുന്നവരുടെ ശ്രദ്ധക്ക്

1) രാവിലെ 9.00 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.
2) പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം
3) ക്യാമ്പ് ഫീസ് ഒരാൾക്ക് 50 രൂപ ആയിരിക്കും.

**പ്രത്യേക അറിയിപ്പ്**

1. ഈ വർഷം പെൺകുട്ടികൾക്കായി രൂപതാക്യാമ്പ് ഇല്ല.
2. നമ്മുടെ രൂപതയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി സ്വീകരിച്ച് പോകുന്നവർ NOC വാങ്ങുന്നതിനായി വൊക്കേഷൻ പ്രൊമോട്ടറെ സമീപിക്കേണ്ടതാണ്.

ദൈവവിളി ക്യാമ്പുകൾക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. ബിജു തുരുത്തേൽ**
വൊക്കേഷൻ പ്രൊമോട്ടർ

**Address**

Mount Mary College (Minor Seminary)
Bishop's House, PB No.1, Mananthavady, Wayanad Dt- 670 645
Fr. Sebastian Elemkunnel (Rector) - 9447882293
Fr. Biju Thuruthel (Vocation Promoter) - 9495511616
Fr. Geogekutty Kanippillil (Asst. Vocation Promoter) - 8289882267

## 2. Come and See Programme

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേരുവാൻ താൽപര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2020 ഏപ്രിൽ 14 ചൊവ്വാഴ്ച വൈകുന്നേരം 4 മണി മുതൽ 16 വ്യാഴാഴ്ച രാവിലെ 10 മണി വരെ രൂപതാ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നു. രൂപതയിൽ ചേരുവാനാഗ്രഹിക്കുന്ന എല്ലാവരെയും ദൈവവിളി ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്. രൂപതയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, മൈനർ സെമിനാരി, മാനന്തവാടി രൂപത,
ഫോൺ: 09447882293

**മേഖലാ നേതൃത്വത്തിന് നന്ദി**

HCC പരീക്ഷകൾ കൃത്യതയോടെ ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തിയ ബഹു. മേഖലാ ഡയറക്ടർ, സെക്രട്ടറിമാർ, ടീം അംഗങ്ങൾ, സൂപ്പർവിഷന് സഹായിച്ച അധ്യാപകർ, പരീക്ഷാ കേന്ദ്രങ്ങളിലെ ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ് എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**HCC മൂല്യനിർണ്ണയ ക്യാമ്പ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ് ഫെബ്രുവരി 8–9 ദിവസങ്ങളിൽ ക്രിസ്റ്റ്യൻ ചെയറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. മൂല്യനിർണ്ണയത്തിന് സഹായിച്ച രൂപതാ ടീമംഗങ്ങൾക്കും എല്ലാ അധ്യാപകർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**HCC പരീക്ഷാ ഫലം**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തപ്പെട്ട HCC പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. റാങ്ക് ജേതാക്കൾക്കും വിജയികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ!. റിസൾട്ട് രൂപതാ മതബോധന കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. www.catechismmdy.in > Result > HCC യിൽ കയറി രജിസ്റ്റർ നമ്പർ അടിച്ചാൽ റിസൾട്ട് ലഭ്യമാണ്. ഇടവകയുടെ മൊത്തം റിസൾട്ട് ലഭിക്കാൻ Parish Login ചെയ്ത് Result Menu വിൽ ലഭ്യമാണ്.

**Say Exam - Revaluation**

പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളിൽ Say പരീക്ഷയോ- Revaluation നോ ആവശ്യമുള്ളവർ മാർച്ച് 10 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ നമ്പർ, പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. ബഹു. വികാരിയച്ചന്റെ ഒപ്പ് നിർബന്ധമായും അപേക്ഷയിൽ ഉണ്ടാവണം. ഒപ്പില്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. – Revalua-

tion ന് 50 രൂപയും Say പരീക്ഷയ്ക്ക് 100 രൂപയും ഫീസടച്ച് അപേക്ഷ എഴുതി നൽകണം. മാർച്ച് 10-ന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുകയില്ല. Say പരീക്ഷയുടെ സെന്റർ ദ്വാരക യുപി സ്കൂളും മണിമൂളി ഹൈസ്കൂളും ആയിരിക്കും. പരീക്ഷാസമയം: ഏപ്രിൽ 1-ാം തിയ്യതി ബുധനാഴ്ച രാവിലെ 9.30 മുതൽ 12.00 മണി വരെ ആയിരിക്കും. 9.30 ന് ശേഷം വരുന്നവർക്ക് പരീക്ഷ എഴുതാൻ സാധിക്കില്ല. ഹാൾടിക്കറ്റ് നിർബന്ധമായും കൊണ്ടുവരണം.

**വിശ്വാസോത്സവം- പരീക്ഷാ പഠനശില്പശാല- വാർഷിക പരീക്ഷ**

I-IX ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഏപ്രിൽ 4-ാം തിയ്യതി ശനിയാഴ്ചയാണ്. 10 മണി മുതൽ 12 മണി വരെയാണ് പരീക്ഷാ സമയം. ഏപ്രിൽ 1, 2, 3 തിയ്യതികളിൽ വിശ്വാസോത്സവവും, പരീക്ഷ പഠനശില്പശാലയും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവത്തിനുള്ള അദ്ധ്യാപക സഹായി തയ്യാറാക്കിയിട്ടുണ്ട്. രൂപതാ മതബോധന ഓഫീസിൽ ലഭ്യമാണ്. സ്കോളർഷിപ്പ് പരീക്ഷകൾക്കും മറ്റ് പരീക്ഷകൾക്കും വിശ്വാസോത്സവ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്.

**ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷ**

ഈ വർഷത്തെ 4, 7 ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷയും ഡിപ്ലോമ പരീക്ഷയും ഏപ്രിൽ 4-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയാണ്. പരീക്ഷാസമയം കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഓരോ ഇടവകയിലെയും പരീക്ഷാ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റർക്കുമായിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ ചോദ്യപേപ്പർ പായ്ക്കറ്റ് പൊട്ടിക്കാനുള്ള അധികാരം സൂപ്പർ വിഷന് വരുന്ന അദ്ധ്യാപകനായിരിക്കും. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപന രംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരെയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണേ.

**ചോദ്യപേപ്പറുകൾ**

ഏപ്രിൽ 2-ാം തിയ്യതി രാവിലെ 10.00 മണി മുതൽ 5.00 മണി വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കു സ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

**ഇന്റേണൽ അസ്സസ്മെന്റ്**

X-ാം ക്ലാസ്സ് ഡിപ്ലോമ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി പ്രത്യേക കവറിലാക്കി ഉത്തരക്കടലാസിനോടൊപ്പം ഓഫീസിൽ എത്തിക്കണം.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷയ്ക്ക് വേണ്ടിയുള്ള സൂപ്പർ വൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

**പരീക്ഷയ്ക്ക് മുമ്പ്**

1. പരീക്ഷാ സമയത്തിനു മുമ്പായി പരീക്ഷാ കേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരിയെ അറിയിക്കുക.
2. നിങ്ങൾക്ക് ഫൊറോനാ കേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3. ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പ് വരുത്തുക.
4. പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണം നടത്തുക.
5. രൂപതാമതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**പരീക്ഷാഹാളിൽ**

1. 30 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.
2. രജിസ്റ്റർനമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിറ്റിലധികം താമസിച്ച് വരുന്നവരെയും എഴുതാൻ അനുവദിക്കേണ്ടതില്ല.
3. രജിസ്ട്രേഷൻ ഫോറത്തിൽ നമ്പർ ഇട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം റിപ്പോർട്ടിൽ രേഖപ്പെടുത്തി രൂപതാകേന്ദ്രത്തിൽ അറിയിക്കുക.
4. ഉത്തരകടലാസുകൾ സൂപ്പർവൈസർ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ, മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പ് വരു

ത്തണം. രജിസ്റ്റർ നമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതുവാൻ പറയുക. പേരോ, മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.

5. പേപ്പറിന്റെ രണ്ട് പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർ വൈസറുടെ ഒപ്പുള്ള പേപ്പറിലെ എഴുതാവൂ എന്നും വ്യക്തമായി പറയണം. (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.) പാഠപുസ്തകം, നോട്ട് ബുക്ക് മൊബൈൽ ഫോൺ മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
6. പരീക്ഷാ സമയത്തിന് 5 മിനിറ്റ് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം സൂചനയിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
7. കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക. രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
8. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംങ്ങ് ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
9. പരീക്ഷാ സമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടാകുവാൻ ശ്രദ്ധിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

**പരീക്ഷ കഴിഞ്ഞാൽ**

10. പേപ്പറുകൾ വാങ്ങി എഴുതി നിർത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക. നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസ്സുകളുടെത് പ്രത്യേകം അടുക്കുക.
11. തന്നിരിക്കുന്ന റിപ്പോർട്ട് ഫോം കൃത്യമായി പൂരിപ്പിച്ച് പ്രത്യേക കവറിൽ ഇട്ട് പേപ്പർ പായ്ക്ക് ചെയ്ത കവറിനൊപ്പം വയ്ക്കുക.
12. മേൽ പറഞ്ഞവിധം പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏല്പ്പിക്കുക.
13. കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക്ചെയ്ത് ഉത്തരകടലാസ്സിനൊപ്പം ഫൊറോനകേന്ദ്രത്തിൽ

എത്തിക്കണം. (ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക.)

14. ഹെഡ്മാസ്റ്റർ അന്ന് തന്നെ പേപ്പറുകൾ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്, എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
15. മേഖലാസെക്രട്ടറി അന്ന് തന്നെ മേഖലയിൽ നിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് വിശദ മായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ - വികാരി എന്നി വരെകൊണ്ട് ഒപ്പിടുവിച്ച് സൂപ്പർവൈസർ രൂപതയ്ക്ക് നൽകണം ഇത് ആധികാരികരേഖയാണ്.
16. പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പ് വരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
17. നിങ്ങളുടെ യാത്രാച്ചെലവ് പരീക്ഷാ കേന്ദ്രത്തിൽനിന്നും വാങ്ങണം.
18. സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിറ്റ് കാത്തിട്ട് ഹെഡ്മാസ്റ്റർ - വികാരിയച്ചൻ എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

നാമൊക്കെ സ്നേഹിക്കാനും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്നവരാണ്. എന്നാൽ സ്നേഹത്തെക്കാളുപരി ഇഷ്ടങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന ഒരു സംസ്ക്കാരത്തിലാണ് നാം ജീവിക്കുന്നത്. സ്നേഹവും ഇഷ്ടവും തമ്മിൽ വളരെയേറെ അന്തരമുണ്ട്. മഹാനായ ബുദ്ധൻ പറഞ്ഞ ഒരു വാചകമുണ്ട്. 'When you like a flower, you just pluck it. But when you love a flower, you water it daily. Those who understand this understand life'. നാം ഒരു പൂവിനെ ഇഷ്ടപ്പെടുകയാണെങ്കിൽ അതിനെ പറിച്ചെടുക്കാൻ ശ്രമിക്കും. മറിച്ച് നാം അതിനെ സ്നേഹിക്കുകയാണെങ്കിൽ അതിനെ പരിപാലിക്കാൻ ശ്രദ്ധിക്കും. അതാണ് ജീവിതം.

ഇഷ്ടങ്ങളെപ്പോഴും പുറമെ കാണുന്ന സൗന്ദര്യത്തോടുള്ള ഒരുതരം അഭിനിവേശമാണ്. അതുകൊണ്ടാണ് എനിക്കിഷ്ടമുള്ളതൊക്കെ എന്ത് വിലകൊടുത്തും സ്വന്തമാക്കണമെന്നും അതിനു തടസ്സമായി നിൽക്കുന്നവരെ ഉന്മൂലനം ചെയ്യണമെന്നുമുള്ള വികലമായ ചിന്തകൾ നമ്മുടെ ഉള്ളിൽ ഉടലെടുക്കുന്നത്. അവ സ്വാർത്ഥതയിലേയ്ക്കും വ്യക്തിഹത്യയിലേക്കുമേ നയിക്കുകയുള്ളു.

വെറുമൊരു ഇഷ്ടത്തേക്കാളുമപ്പുറം മറ്റുള്ളവരെ സ്നേഹിക്കാനും പരിപാലിക്കാനും കുറവുകൾ കണ്ടറിഞ്ഞ് മനസ്സിലാക്കാനും നമുക്ക് സാധിക്കണം. സ്നേഹം എന്നാൽ ത്യാഗവും സേവനവും സഹനവും കരുത്തുമാണ്. ആ സ്നേഹം നിസ്വാർത്ഥതയിലേയ്ക്കും വ്യക്തിത്വ വളർച്ചയിലേയ്ക്കും നമ്മെ നയിക്കണം. ഇഷ്ടത്തേയും സ്നേഹത്തേയും വേർതിരിച്ചറിയാൻ കൂട്ടുകാർക്ക് കഴിയട്ടെ. ആത്മീയതയുടെ എണ്ണ പകരാനും വെളിച്ചമേറെ സംഭരിക്കാനും സാധിക്കുന്ന നോമ്പുകാലത്ത് നമ്മുടെ പ്രേഷിത യത്നങ്ങൾക്കും കൂടുതൽ വെളിച്ചവും തെളിവുമുണ്ടാകട്ടെ  നമ്മുടെ വെളിച്ചം അകന്നു പോകാതിരിക്കട്ടെ..

പ്രാർത്ഥനയോടെ, സ്നേഹത്തോടെ

**ഷിജു അച്ചൻ**

**പ്രാർത്ഥനാ മലരുകൾ** – 72 തിരുഹൃദയ ജപമാല

**മിഷൻപ്രെയർ ബാങ്ക്** – ഉജ്ജയിൻ രൂപത (കല്ലോടി മേഖലയിലെ ശാഖകൾ)

**FAMILIA 2020:–** രൂപതാതല മത്സരം മെയ് 16 ന്. ഫാമിലി ബൈബിൾ ക്വിസ്സ് മത്സരം. മാതാപിതാക്കളും മക്കളും ഒരുമിച്ച് വിശുദ്ധ ഗ്രന്ഥം പഠിക്കുന്നു. **പഠനഭാഗങ്ങൾ** – 1. ലോഗോസ് 2019 40% (വി. മത്തായി 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങൾ) 2. മിഷൻലീഗ് നിയമാവലി 30%. 3.സഭ 30%. 2020 മെയ് 1 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് FAMILIA 2020 രൂപതാതല മത്സരംനടത്തപ്പെടുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷൻ, കൃത്യം 10 മണിക്ക് മത്സരം ആരംഭിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 250 രൂപ ആയിരിക്കും. ഒരു ഇടവകയിൽ നിന്നും പരമാവധി 5 ടീമിന് പങ്കെടുക്കാം. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും.

**വചനതാരം ക്വിസ്സ്:–** നമ്മുടെ വചനതാരം പരിപാടി നേരത്തെ അറിയിച്ചിരുന്നതുപോലെ 2020 ഏപ്രിൽ 14 ചൊവ്വാഴ്ച രാവിലെ 9.00 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ഈ വർഷം മേഖലാ തലത്തിൽ ഒരു വചനതാര സംഗമവും എഴുത്തു പരീക്ഷയും നടത്തിയാണ് നമ്മൾ രൂപതയിലേയ്ക്കുള്ള മത്സരാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

**പഠന ഭാഗം:–** വി. മത്തായിയുടെ സുവിശേഷം 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളും, വി. മർക്കോസിന്റെ സുവിശേഷം 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളുമാണ് മന:പാഠമാക്കേണ്ടത്.

**നിർദ്ദേശങ്ങൾ:**

1. മേഖലാതല മത്സരം അതതു മേഖലകൾ തയ്യാറാക്കുന്ന ചോദ്യപേപ്പർ അടിസ്ഥാനമാക്കിയാണ് നടത്തേണ്ടത് ചോദ്യ മാതൃകകൾ ഡിസംബർ മാസത്തെ ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. മത്സരാർത്ഥികൾ വചനം മന:പാഠമാക്കിയിട്ടുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. അതിനുതകുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തണം. സാധാരണ ബൈബിൾ ക്വിസ്സ് മത്സരത്തിലുള്ളതുപോലെ ഒറ്റവാക്കിൽ ഉത്തരമെഴുതാവുന്ന ചോദ്യങ്ങൾ ഒവിവാക്കുന്നതാണ് നല്ലത്.

2. മേഖലയിൽ മത്സരം നടത്തിയതിനു ശേഷം മത്സരാർത്ഥികളുടെ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ, മേഖലാതലത്തിൽ ലഭിച്ച മാർക്ക് (100–ൽ) എന്നിവയുൾപ്പടുന്ന ലിസ്റ്റ് രൂപതാ കേന്ദ്രത്തിൽ ഫെബ്രുവരി 29 ന് മുമ്പ് ലഭിക്കേണ്ടതാണ്. പ്രത്യേകം ശ്രദ്ധിക്കുക മാർക്ക് തരുമ്പോൾ 100–ൽ എത്ര മാർക്ക് എന്ന രീതിയിൽ വേണം നൽകാൻ.

3. എല്ലാ മേഖലകളിലെയും മാർക്ക് ലിസ്റ്റ് കിട്ടിയതിനു ശേഷം വചനതാര സമിതി മാർക്കുകൾ വിലയിരുത്തി ഒരു കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നതാണ്. ആ കട്ട് ഓഫ് മാർക്കിൽ കൂടുതൽ ലഭിക്കുന്ന എല്ലാ പഠിതാക്കൾക്കും രൂപതാ മത്സരത്തിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നതാണ്.

തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം മേഖലാ– ശാഖാ ഭാരവാഹികളെ അറിയിക്കുന്നതാണ്.

**മേഖല ജോയിന്റ് ഡയറക്ടേഴ്സ് സംഗമം:–** നമ്മുടെ മേഖലകൾക്ക് നേതൃത്വം നൽകുന്ന മേഖല ജോയിന്റ് ഡയറക്ടേഴ്സ് സംഗമം ഏപ്രിൽ 18 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. എല്ലാവരും കൃത്യസമയത്ത് തന്നെ എത്തിചേരുമല്ലോ?.

**മേഖല മാനേജിംഗ് കമ്മറ്റി ഇലക്ഷൻ:–** മാർച്ച് – ഏപ്രിൽ മാസങ്ങളിൽ മേഖല മാനേജിംഗ് കമ്മറ്റികൾ കൂടുവാൻ ശ്രദ്ധിക്കുമല്ലോ? മേഖല ഭാര വാഹികളുടെ കാലാവധി രണ്ട് വർഷത്തേക്കാണ്. ഈ വർഷം മേഖല ഭാര വാഹികളുടെ തിരഞ്ഞെടുപ്പിന്റെ കാലഘട്ടമാണ്. മാർച്ച് – ഏപ്രിൽ മാസ ങ്ങളിൽ തന്നെ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

## 'LOVE PAPYRUS'– 'സദ്‌വാർത്ത എല്ലാവരും അറിയട്ടെ'

ഇതുവരെ ബൈബിൾ അച്ചടിക്കാത്തതും ബൈബിൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഭാഷകളിൽ ബൈബിൾ അച്ചടിച്ച്, വിലക്കുറവും അർഹ രായവർക്ക് സൗജന്യമായും വിതരണം ചെയ്യുകയെന്ന പ്രവർത്തനം സ്തുത്യർഹമായ രീതിയിൽ നടത്തുന്ന ഫിയാത്തു മിഷനുമായി സഹകരിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഒരുക്കുന്ന പ്രവർത്തനമാണ് "LOVE PAPYRUS'' സദ്‌വാർത്ത എല്ലാവരും അറിയട്ടെ'. സ്നേഹത്തിന്റെ തിരുവചനം അച്ചടിക്കാനാവശ്യമായ പ്രിന്റിംങ് പേപ്പർ സമാഹരണ പദ്ധതിയാണിത്. ഒരുലക്ഷം ബൈബിൾ അച്ചടിക്കാനുള്ള കടലാസ് നമ്മൾ ശേഖരിക്കുന്നു. ഉപയോഗശൂന്യമായ പത്രങ്ങൾ, മാസികകൾ, നോട്ടുബുക്കു കൾ, കാർഡ്ബോർഡുകൾ തുടങ്ങിയവ മേഖലാ കേന്ദ്രങ്ങളിലോ/ ശാഖ കളിലോ എത്തിക്കുക. അവിടെ നിന്ന് ഫിയാത്ത് മിഷന്റെയോ, മിഷൻലീഗി ന്റെയോ വാഹനങ്ങൾ വന്ന് അവ ശേഖരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യു ന്നതാണ്. 2020 മെയ് 25 ന് മുമ്പ് അതാത് കേന്ദ്രങ്ങളിൽ വന്ന് ശേഖരി ക്കുന്നതാണ്.

**പ്രവർത്തന റിപ്പോർട്ടുകൾ:**

**രാപകൽ സമരം:–** ബത്തേരി സ്വതന്ത്ര മൈതാനിയിൽ വെച്ചു നടന്ന വടക്കനാട് ഗ്രാമ സംരക്ഷണസമിതി നടത്തിയ രാപകൽ സമരത്തിന് സർവ്വ പിൻതുണയുമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഡയറ ക്ടർ ഫാ. ഷിജു ഐക്കരകാനായിൽ, രൂപത പ്രസിഡണ്ട് ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ, റീജണൽ ഓർഗനൈസർ ശ്രീ. ജോസ് മാങ്കൂട്ടം എന്നിവർ സമരപന്തലിൽ എത്തി സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**SAVE LIFE; SAVE CHILDREN:–** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഫെബ്രുവരി 1 ശനിയാഴ്ച ദ്വാരക യു.പി. സ്കൂളിൽ വെച്ച് അബോർഷൻ 24 ആഴ്ച (6 മാസം) വരെ നീട്ടിയ കേന്ദ്ര സർക്കാർ അനുമതിക്കെതിരെ, മനുഷ്യജീവനെ ഉദരത്തിൽ വെച്ചു തന്നെ

കൊല്ലാനുള്ള നിയമത്തിനെതിരെ ശക്തമായ പ്രതിഷേധം അറിയിച്ചു. രൂപത – മേഖല – ശാഖ ഭാരവാഹികൾ നേതൃത്വം നൽകി.

**തിരുബാലസഖ്യ മത്സരം:–** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിച്ചു. പ്രസംഗം, സംഗീതം, ബൈബിൾവായന, വചനം എഴുത്ത്, കഥപറച്ചിൽ, ആക്ഷൻസോങ്ങ്, കളറിംഗ്, ചിത്രരചന എന്നീ ഇനങ്ങളിലാണ് മത്സരം നടത്തിയത്. 69 പോയിന്റ് നേടി കല്ലോടി മേഖല ഒന്നാം സ്ഥാനത്തും, 63 പോയിന്റ് നേടി ദ്വാരക മേഖല രണ്ടാം സ്ഥാനത്തും, 60 പോയിന്റ് നേടി ബത്തേരി മേഖല മൂന്നാം സ്ഥാനത്തും എത്തി . റേഡിയോ മാറ്റൊലി ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളി, രൂപത ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ സ്വാഗതവും രൂപതാസെക്രട്ടറി ശ്രീ. ടോം ജോസ് പൂവക്കുന്നേൽ നന്ദിയും പറഞ്ഞു. രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി.

**തിരുബാലസഖ്യ മത്സര വിജയികൾ**

**പൂമ്പാറ്റ 1 പ്രസംഗം**

| **പേര്, വീട്ടുപേര്** | **ശാഖ** | **മേഖല** | |
|---|---|---|---|
| എൽസ അനേയ കാരിപ്ര | കാരയ്ക്കാമല | ദ്വാരക | I A |
| എലിസബത്ത് ഓമാക്കര | കേണിച്ചിറ | നടവയൽ | II A |
| സാവിയോ കുളങ്ങര | കയ്യൂന്നി | നീലഗിരി | III A |
| ആൻ ലിയ കാക്കനാട്ട് | പുതിയിടം | മാനന്തവാടി | III A |

**പൂമ്പാറ്റ 1 സംഗീതം**

| | | | |
|---|---|---|---|
| ഐറിൻ അന്ന വയലിൽ | കാരയ്ക്കാമല | ദ്വാരക | I A |
| ആനി റോസ് കാവുംപുറത്ത് | നെടുംമ്പാല | കൽപ്പറ്റ | II A |
| എയ്ഡൻ ചെറുപ്ലാവിൽ | മാർട്ടിൻ നഗർ | പയ്യമ്പള്ളി | IIIA |

**പൂമ്പാറ്റ 1 കഥപറയൽ**

| | | | |
|---|---|---|---|
| ആൽഫിൻ ജോർജ്ജ് ആളോത്ത്മല | വാളേരി | കല്ലോടി | I A |
| അലോണ തേക്കുംങ്കൽ | ബത്തേരി | ബത്തേരി | IIA |
| ഷോൺ കപ്യാരുമലയിൽ | കാരയ്ക്കാമല | ദ്വാരക | IIIA |

**പൂമ്പാറ്റ 1 കളറിംഗ്**

| | | | |
|---|---|---|---|
| ബ്ലെസിൻ മാങ്കുഴയിൽ | വാളേരി | കല്ലോടി | I A |
| ചാക്കോ തോട്ടുംങ്കര | വാളാട് | മാനന്തവാടി | IIA |
| അലൻ തടത്തിൽ | പനവല്ലി | പയ്യമ്പള്ളി | IIIA |

**പൂമ്പാറ്റ 2 പ്രസംഗം**

| | | | |
|---|---|---|---|
| ഹെലന അറയ്ക്കൽ | ചുണ്ടക്കര | നടവയൽ | I A |
| എയ്ഞ്ചൽ മഴുവഞ്ചേരി | മാർട്ടിൻ നഗർ | പയ്യമ്പള്ളി | IIA |
| നൈനിക കൊല്ലംകാലായിൽ | പുഴമുടി | കൽപ്പറ്റ | IIIA |

**പൂമ്പാറ്റ 2 സംഗീതം**

| | | | |
|---|---|---|---|
| മെബിൻ തച്ചുപറമ്പിൽ | അമ്പലവയൽ | ബത്തേരി | I A |
| സിസിലി മുതിരക്കാലായിൽ | ചെറുകാട്ടൂർ | നടവയൽ | IIA |
| അഖിന കപ്യാരുമലയിൽ | മൊതക്കര | ദ്വാരക | IIIA |

**പൂമ്പാറ്റ 2 ബൈബിൾ വായന**

| | | | |
|---|---|---|---|
| ആഷ്‌ലി വേഴേപറമ്പിൽ | കുഞ്ഞോം | കല്ലോടി | I A |
| എയ്ഞ്ചൽ മരിയ കുന്നത്തുമറ്റത്തിൽ | പയ്യമ്പള്ളി | പയ്യമ്പള്ളി | IIA |
| നൈനിക കൊല്ലംകാലായിൽ | പുഴമുടി | കൽപ്പറ്റ | IIIA |

**പൂമ്പാറ്റ 2 വചനം എഴുത്ത്**

| | | | |
|---|---|---|---|
| ആഷേർ മാളികതടത്തിൽ | മുതിരേരി | മാനന്തവാടി | I A |
| മോനിക്ക തുണ്ടത്തിൽ | അമ്പലവയൽ | ബത്തേരി | IIA |
| നോയൽ ഏറനാട്ട് | തെനേരി | കൽപ്പറ്റ | IIIA |

**പൂമ്പാറ്റ 2 ചിത്രരചന**

| | | | |
|---|---|---|---|
| ആൻസ് മരിയ ചെറുപ്ലാവിൽ | കല്ലോടി | കല്ലോടി | I A |
| തെരസീന മുക്കണ്ണിക്കൽ | മൂലങ്കാവ് | ബത്തേരി | IIA |
| ടെൽസ കൂനംമാക്കിൽ | നടവയൽ | നടവയൽ | IIIA |

**പൂമ്പാറ്റ - ആക്ഷൻസോങ്ങ്**

| | | | |
|---|---|---|---|
| മുള്ളൻകൊല്ലി | മേഖല | പട്ടാണികുപ്പ് ശാഖ | I A |
| കല്ലോടി | മേഖല | വാളേരി ശാഖ | IIA |
| ദ്വാരക | മേഖല | കാരക്കാമല ശാഖ | IIIA |

**ദി വിന്നർ-പരീക്ഷ ഒരുക്ക ധ്യാനം:-** പനമരം പാദ്രേപിയോ ആശ്രമത്തിൽ വെച്ച് 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം നടത്തി. ദ്വാരക സിയോൻ ധ്യാന കേന്ദ്രം അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, കോഴിക്കോട് യൂണിവേഴ്സിറ്റി മുൻ രജിസ്റ്റാർ ശ്രീ.ജോസഫ് വട്ടക്കുന്നേൽ, രൂപത പ്രസിഡണ്ട് ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ, രൂപത ടീം അംഗം സി. ലിസ്സ അലക്സ് എസ്. കെ. ഡി എന്നിവർ ക്ലാസ്സുകൾ നയിച്ചു. സി. സാലി ആൻസ് സി.എം. സി കുട്ടികൾക്ക് കൗൺസിലിംഗ് നടത്തി. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ, രൂപത വൈസ് പ്രസിഡണ്ട് ആര്യ കൊച്ചുപുരയ്ക്കൽ, രൂപത സെക്രട്ടറി ടോംജോസ് പൂവക്കുന്നേൽ, രൂപത ജോ. സെക്രട്ടറി അലോഷിൻ കൊല്ലപ്പള്ളി എന്നിവർ നേതൃത്വം നൽകി.

**ജീവദീപം:-** ആറ് മാസം വരെ പ്രായമുള്ള ഗർഭസ്ഥ ശിശുക്കളെ വധിക്കുന്നത് നിയമാനുസൃതമാക്കിയ കിരാതബില്ലിനെതിരെ കുഞ്ഞുമിഷനറിമാർ വിവിധ ശാഖകളിൽ മെഴുകുതിരി തെളിച്ചു ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**രാഷ്ട്രപതിക്ക് 1001 കത്തുകൾ:-** ഭ്രൂണഹത്യ നിയമഭേദഗതി തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാസമിതിയുടെനേതൃത്വത്തിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് 1001 കത്തുകൾ അയച്ചു. രൂപത പ്രസിഡണ്ട് ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ

അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ റേഡിയോ മാറ്റൊലി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി മുഖ്യ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ, സെക്രട്ടറി ടോംജോസ് പൂവക്കുന്നേൽ, സജീഷ് എടത്തട്ടേൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**തിരുബാലസഖ്യ ദിനാഘോഷം:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും വലിയകൊല്ലി ഇൻഫന്റ് ജീസ്സസ് ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ വലിയകൊല്ലിയിൽ വെച്ച് രൂപതാതല തിരുബാലസഖ്യ ദിനാഘോഷം നടത്തി. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. ശാഖാ ഡയറക്ടർ റവ.ഫാ. ജെറി ഓണംപള്ളി, ശാഖ വൈസ് ഡയറക്ടർ സി. ആൻ ജോസ്, ശാഖാ ഭാരവാഹികൾ, രൂപത ജോ.സെക്രട്ടറി അലോഷിൻ കൊല്ലപ്പള്ളി, രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

**സൗഹൃദം:-** സംസ്ഥാന - ദേശീയ സമിതിയുടെ സംയുക്ത എക്സിക്യൂട്ടീവ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഫെബ്രുവരി 15-ാം തീയതി നടത്തപ്പെട്ടു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജോബി പൂച്ചുകണ്ടത്തിൽ സ്വാഗതം ആശംസിച്ചു. സംസ്ഥാന വൈസ് ഡയറക്ടർ ഫാ.ഷിജു ഐക്കരകാനായിൽ, ദേശീയ പ്രസിഡണ്ട് ബിനോയ് പള്ളിപറമ്പിൽ, സംസ്ഥാന സെക്രട്ടറി ഷിനോ മോളത്ത്, സി. ഷൈനി, മലബാർ റീജണൽ ഓർഗനൈസർ ബേബി പ്ലാശ്ശേരിൽ മറ്റ് ദേശീയ സംസ്ഥാന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**ക്രിസ്മസ്സ് സ്റ്റാർ ചലഞ്ച്:-** ക്രിസ്മസ്സിന് ഒരുക്കമായി 25 ദിനങ്ങളിൽ വ്യത്യസ്തമായ ചലഞ്ചുകൾ സംഘടിപ്പിച്ചിരുന്നുവല്ലോ? അതിൽ മികച്ച സ്റ്റാർചലഞ്ച് ആയി തിരഞ്ഞെടുക്കപ്പെട്ടവർ 1. ദിയ ബിജു കൊടിയംകുന്നേൽ (അമ്പലവയൽ) 2. അഥീന മാത്യു അഴിയാത്ത് (തോമാട്ടുചാൽ) 3. സാന്ദ്ര കദളിക്കാട്ടിൽ (വിളമ്പുകണ്ടം) എന്നിവരാണ്. വിജയികൾക്ക് അഭിനന്ദനങ്ങൾ..

**ശാഖാ വാർത്തകൾ:**

*നെയ്ക്കുപ്പ*:-Old Age Home - (Panamaram)സന്ദർശനം നടത്തി. Christmas Kit വിതരണം ചെയ്തു.

*പോരൂർ*:- ഇടവക തിരുനാളിന് വാർഷികം, ചെണ്ടമേളം എന്നിവ നടത്തി. തിരുപ്പട്ട സ്വീകരണത്തിന്റെ ഒരുക്കങ്ങൾ നടത്തി. നവ വൈദികരായ ഫാ. അരുൺ മഠത്തിപറമ്പിൽ, ഫാ. അരുൺ നാട്ടാലിൽ എന്നിവർക്ക് ആശംസകൾ നേർന്ന് സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

*കല്ലുവയൽ*:- ഇടവക തിരുനാളിന് കലാപരിപാടികൾ അവതരിപ്പിച്ചു. ദൈവവിളി സെമിനാർ നടത്തി, ലോകസമാധാന ദിനത്തിൽ പ്രത്യേകം പ്രാർത്ഥിച്ചു.

*ഇടിവണ്ണ*:- തിരുബാലസഖ്യ മത്സരത്തിൽ ഇടിവണ്ണ ശാഖ - മേഖലാ തലത്തിൽ ഒന്നാം സ്ഥാനം നേടി, പ്രസംഗ പരിശീലനം നടത്തി.
*ചുണ്ടക്കര*:- ബൈബിൾ പ്രതിഷ്ഠ, ബൈബിൾ റാലി, തിരുനാളിനോടനുബന്ധിച്ച് വാർഷികം, 'ദൈവവിളിയുടെ വിത്ത് വിതയ്ക്കാനും വിളവെടുക്കാനും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ, വി.ഡോൺ ബോസ്കോ അനുസ്മരണം എന്നിവ നടത്തി.
*ആറാട്ടുതറ*:- ഇടവക തിരുനാളിൽ പങ്കെടുത്തു, കാട്ടിക്കുളം ജയമാതായിൽ വെച്ചു നടത്തിയ മേഖലാ ക്യാമ്പിൽ പങ്കെടുത്തു, രൂപതാ വാർഷികത്തോടനുബന്ധിച്ച് നടത്തിയ ജൂബിലിമേളം 50 വർഷം വിവാഹജീവിതത്തിൽ പൂർത്തിയാക്കിയവരുടെ സംഗമത്തിൽ പങ്കെടുത്തു.
*പുതുശ്ശേരി*:- അൾത്താരസംഘ സംഗമം നടത്തി, പ്രേഷിതവർഷത്തിന്റെ ഭാഗമായി എല്ലാ പ്രേഷിതർക്കും വേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു, മിഷൻമാസ പ്രവർത്തനത്തിൽ രൂപതയിൽ 10-ാം സ്ഥാനം ലഭിച്ചു.
*റൂബി നഗർ*:- ഇടവക മദ്ധ്യസ്ഥനായ വി. യൂദാശ്ലീഹായുടെ തിരുനാളിന് ഒരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി അലങ്കരിച്ചു.
*വിളമ്പുകണ്ടം*:- പുതുവർഷാരംഭം, രൂപതാ വാർഷികത്തിൽ പങ്കെടുത്തു. തിരുബാലസഖ്യ മത്സരത്തിൽ പങ്കെടുത്തു. ഇടവക തിരുനാളിൽ പങ്കെടുത്തു.
*പാറത്തോട്ടം*:- ഇടവക തിരുനാളിനൊരുക്കമായി അലങ്കാരങ്ങൾ നടത്തി, കലാസന്ധ്യയിൽ പങ്കെടുത്തു. തിരുനാൾ പ്രദിക്ഷണത്തിൽ അമ്മാംകുടം എടുത്തു.
*ആടിക്കൊല്ലി*:-പള്ളിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചവരേയും, ഇടവകയിൽ സേവനം ചെയ്ത എല്ലാ വൈദികരേയും സിസ്റ്റേഴ്സിനെയും 25-50 വർഷങ്ങളുടെ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനെയും, ദമ്പതികളേയും ആദരിച്ചു.
*അപ്പപ്പാറ*:- ക്ലിക്ക് ഫോട്ടോഗ്രാഫി മത്സരത്തിൽ ലിജോ ടി. ജി ഒന്നാം സ്ഥാനം കരസ്ഥമാക്കി. രോഗി സഹായം നൽകി, ഭവന സന്ദർശനം നടത്തി. S.S.L.C, +2 വിദ്യാർത്ഥികൾക്കു വേണ്ടി ഉപവാസമെടുത്ത് പ്രാർത്ഥിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം...

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

**ദേശീയ ബാലികാ ദിനം ആചരിച്ചു**

യുവർ നെയ്ബർ അസോസിയേഷനും, വാളാട് ഗവൺമെന്റ് യു.പി. സ്ക്കൂളും ചേർന്ന് 24-01-2020 വെള്ളിയാഴ്ച്ച ദേശീയ ജില്ലാതല ബാലീകാ ദിനം ആചരിച്ചു. വാളാട് യു.പി.സ്ക്കൂളിലെ മുഴുവൻ ബാലിക മാരും തുല്യ നീതിക്കും ശാക്തീകരണത്തിനുമായി സ്വയം പ്രതിജ്ഞ ചൊല്ലിക്കൊണ്ട് ദേശീയബാലീകാ ദിനത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടന കർമ്മം കത്തിച്ച തിരികൾ കൈകളിലേന്തി നിർവഹിച്ചു. മാറിവരുന്ന ആധുനീക കാലഘട്ടത്തിൽ മികച്ച സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെയും വിവരശേഖരണത്തിലൂടെയും സ്ത്രീകൾ സമൂഹത്തിന്റെ ചാലക ശക്തിയായി മാറണമെന്ന് സ്ക്കൂൾ പ്രിൻസിപ്പൽ ശ്രീമതി സ്മിത ടീച്ചർ സ്വാഗത പ്രസംഗത്തിലൂടെ ഉദ്ബോധിപ്പിച്ചു. ഭാരതത്തിന്റെ പൈതൃകം സ്ത്രീകളെയും കുട്ടികളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പൈതൃകമാണെന്നും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങ ളുടെ നീതിപൂർവ്വകമായ വിതരണവും പെൺകുട്ടികൾക്കും അവകാശ പ്പെട്ടതാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ പറഞ്ഞു. പെൺകുട്ടികളുടെ പ്രതിനിധിയായി നന്ദനയും, യൂത്ത് മിനിസ്ട്രി ഫുൾടൈംമർ ജെസ്പിൻ ജോസഫ് എന്നിവരും ബാലികാ ദിനത്തിന്റെ ആശംസകൾ നേർന്ന് സംസാരിച്ചു. 'പെൺകുട്ടികളും തുല്യതയും' എന്ന വിഷയത്തെ ആസ്പദമാക്കി സി.ആൻസി തോമസ്സ് സി.എം.സിയും, സി.ലിൻസി എസ്.സി.വി യും ക്ലാസ്സ് നയിച്ചു.

**ലൈഫ് ട്രെയിനിംഗ്**

2020 ഫെബ്രുവരി 7, 8 വെള്ളി ശനി ദിവസങ്ങളിൽ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ക്ലാസ്സ് കാട്ടിക്കുളം ജയമാതാ ട്രെയിനിംഗ് സെന്ററിൽ വെച്ച് നടന്നു. 46 വിദ്യാർത്ഥികൾ ട്രെയിനിംഗിൽ പങ്കെടുത്തു. വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് സി.ലിൻസി എസ്.സി.വി യുടെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ട്രെയിനിംഗ് ആരംഭിച്ചു. വിദ്യാർത്ഥികൾ അവരുടെ പഠന നിലവാര ത്തെയും ആത്മീയ ജീവിതത്തെയും വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നല്കുകയും

ചെയ്തു. ഈ രണ്ട് ദിവസങ്ങളിൽ 2019 വർഷത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച ക്ലാസ്സിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് വിഷയത്തിലും, കലാപരമായ വളർച്ചയും, ആദ്ധ്യാത്മീക നിലവാരവും വിലയിരുത്തുന്നതിനായി വിവിധ പരീക്ഷകൾ ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. പരീക്ഷകൾ നടത്താൻ സഹായിച്ച യൂത്ത് മിനിസ്ട്രി ടീം ശ്രീ. സെബാസ്റ്റ്യൻ പുരക്കൻ സാർ, സി.ഷീജ തോമസ്സ് എസ്.സി.വി, യൂത്ത് മിനിസ്ട്രി ഫുൾടൈംമർ ജെസ്പിൻ ജോസഫ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**LIFE Training Entrance Test For 2020**

Department of Youth Ministry യുടെ ഭാഗമായുള്ള LIFE Training 2020 വർഷത്തേക്കുള്ള ബാച്ചിന്റെ എൻട്രൻസ് ടെസ്റ്റ് 2020 മാർച്ച് 15-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് മൂന്ന് മണി മുതൽ 4 മണിവരെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപയാണ്. നിലവിൽ അഞ്ച് ബാച്ചുകളിലായി 69 വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു. 2019-2020 വർഷത്തിൽ 6-ാം ക്ലാസ്സ് പഠനം നടത്തുന്നവർ മാത്രമേ പരീക്ഷയിൽ പങ്കെടുക്കേണ്ടതുള്ളൂ.

**പങ്കെടുക്കേണ്ട ഫൊറോനകളും പരീക്ഷാകേന്ദ്രങ്ങളും**

1. ബത്തേരി, പുൽപ്പള്ളി, നടവയൽ - അസംപ്ഷൻ സ്കൂൾ ബത്തേരി
2. കല്പറ്റ, തരിയോട് - ഡി പോൾ സ്ക്കൂൾ കല്പ്പറ്റ
3. ചുങ്കക്കുന്ന് - ഫാത്തിമാ മാതാ സൺഡേ സ്ക്കൂൾ ചുങ്കക്കുന്ന്
4. പയ്യമ്പള്ളി, മാനന്തവാടി, കല്ലോടി, ദ്വാരക - മാനന്തവാടി ടൗൺ ചർച്ച്
5. നിലമ്പൂർ, മണിമുളി - ലിറ്റിൽ ഫ്ളവർ ചർച്ച് നിലമ്പൂർ

**പ്രത്യേക അറിയിപ്പ്**

2020 - 2021 വർഷത്തിൽ അധ്യയനം നടത്തുന്ന മാനന്തവാടി രൂപതാ അംഗങ്ങളായ 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുവേണ്ടിയും ഈ വർഷം ലൈഫ് ട്രെയിനിംഗ് എൻട്രൻസ് പരീക്ഷ നടത്തുന്നു. വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്രിസ്തീയ ആത്മീയ പരിശീലനത്തോട് താല്പര്യമുള്ളവരും പത്താം ക്ലാസ്സിനു ശേഷം Residential +1, +2 പഠനത്തിന് താല്പര്യമുള്ളവരുമായിരിക്കണം. എൻട്രൻസ് പരീക്ഷയിൽ ഉയർന്നമാർക്ക് ലഭിക്കുന്ന 20 പേർക്കാണ് പ്രവേശനം ലഭിക്കുന്നത്. For details contact. 9495065656.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**വാർഷിക സെനറ്റും തെരഞ്ഞെടുപ്പും – 2020 ജനുവരി 25**

പിന്നിട്ട വഴികളെ വിലയിരുത്തുന്നതിനും പുതുവർഷത്തിൽ പുത്തൻ ഉണർവോടെ കർമ്മനിരതരാകാനും രൂപത വാർഷിക സെനറ്റ് 2020 ജനുവരി 25–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ.എബിൻ മുട്ടപ്പള്ളി പതാക ഉയർത്തി. പൊതു സമ്മേളനത്തിന് രൂപത ആനിമേറ്റർ സി.സാലി സി.എം.സി. വചന പ്രതിഷ്ഠ നടത്തി. രൂപത ജനറൽസെക്രട്ടറി ശ്രീ.ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ സ്വാഗതമാശംസിച്ചു. രൂപത കെ.സി. വൈ.എം. ഡയറക്ടർ റവ.ഫാ.അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ ആമുഖ പ്രഭാഷണത്തിൽ തെരഞ്ഞെടുപ്പിന്റെ വിശ്വാസ്യതയെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഓർമ്മപ്പെടുത്തി. രൂപത പ്രസിഡന്റ് ശ്രീ. എബിൻ മുട്ടപ്പള്ളി അധ്യക്ഷ പ്രസംഗവും, മാനന്തവാടി രൂപത പാസ്റ്റർ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പിള്ളി ഉദ്ഘാടന കർമ്മവും നിർവ്വഹിച്ചു. നമ്മുടെ രാജ്യത്ത് യുവജനങ്ങളുടെ പങ്കിനെക്കുറിച്ചും, പൗരത്വബില്ലിനെ കുറിച്ച് യുവജനങ്ങൾ ജാഗരൂകരായിരിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അച്ചൻ ബോധ്യപ്പെടുത്തി. നക്ഷത്ര രാഗം 2 കെ.19, പരസ്പരം ഡിബേറ്റ് മത്സരം എന്നിവയുടെ സമ്മാനദാനവും അദ്ദേഹം നിർവഹിച്ചു. 3001 രൂപയും മെമന്റോയും വാഴവറ്റ യൂണിറ്റും, 2001 രൂപ ദ്വാരക യൂണിറ്റും, 1001 രൂപ മക്കിയാട് യൂണിറ്റും യഥാക്രമം കരസ്ഥമാക്കി. പരസ്പരം 2019 ഡിബേറ്റ് മത്സരത്തിന്റെ സമ്മാനങ്ങൾ യഥാക്രമം കൊമ്മയാട് യൂണിറ്റ്, പാടിച്ചിറ യൂണിറ്റ് എന്നിവർ ഏറ്റ് വാങ്ങി. തുടർന്ന് 12 മേഖലകളുടെ റിപ്പോർട്ടുകളും രൂപതാ റിപ്പോർട്ടും അവതരിപ്പിച്ച് പാസാക്കി. രൂപത ട്രഷറർ ശ്രീ. ജിയോ മച്ചുക്കുഴി രൂപതയുടെ വാർഷിക കണക്ക് അവതരിപ്പിച്ചു. 2020 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**2020 ലെ രൂപതാ നേതൃത്വം (സെക്രട്ടറിയേറ്റ് അംഗങ്ങൾ)**

പ്രസിഡന്റ് - ശ്രീ. ബിബിൻ ചെമ്പക്കര മുള്ളൻകൊല്ലി മേഖല **പട്ടാണികൂപ്പ് യൂണിറ്റ്**

വൈസ് പ്രസിഡന്റ് – കുമാരി ടെസ്സിൻ വയലിൽ നടവയൽ മേഖല

**പനമരം യൂണിറ്റ്**
ജനറൽ സെക്രട്ടറി - ശ്രീ. ജിജോ പൊടിമറ്റം തരിയോട് മേഖല
**കോട്ടത്തറ യൂണിറ്റ്**
സെക്രട്ടറിമാർ - കുമാരി മേബിൾ പുള്ളോലിക്കൽ ദ്വാരക മേഖല
ദ്വാരക യൂണിറ്റ് - ശ്രീ. ജിയോ മച്ചുകുഴിയിൽ കല്ലോടി മേഖല
**വാളേരി യൂണിറ്റ്**
ട്രഷറർ - ശ്രീ. റ്റിബിൻ പാറക്കൽ കൽപ്പറ്റ മേഖല
**റിപ്പൺ യൂണിറ്റ്**
കോഡിനേറ്റർ - ശ്രീ. ഡെറിൻ കൊട്ടാരത്തിൽ ചുങ്കക്കുന്ന് മേഖല
**ചുങ്കക്കുന്ന് യൂണിറ്റ്**
2020 – ലെ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ
ശ്രീ. എബിൻ മുട്ടപ്പള്ളി (തരിയോട് മേഖല) കുമാരി റോസ് മേരി തേറുകാട്ടിൽ (ബത്തേരി മേഖല)

**2020 – ലെ സംസ്ഥാന സെനറ്റ് അംഗങ്ങൾ**
കുമാരി ചിപ്പി കളമ്പുക്കാട്ട് (പയ്യമ്പള്ളി), ശ്രീ. ബിബിൻ ചെമ്പക്കര (മുള്ളൻക്കൊല്ലി), ശ്രീ. ആൽഫിൻ അമ്പാറയിൽ (തരിയോട്), ശ്രീ. റ്റോബി കൂട്ടുങ്കൽ (പയ്യമ്പള്ളി)

**2020 – ലെ രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ**
**Ex - Officio Members:-** റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ, സി. സ്മിത എസ്.എ.ബി.എസ്., റവ. ഫാ. ഷൈജു മുതിരക്കാലയിൽ, ശ്രീ. എബിൻ മുട്ടപ്പള്ളി, കുമാരി അലീന പാണ്ടിയാംപറമ്പിൽ, ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ എന്നിവരും മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ നിലമ്പൂർ - ശ്രീ. ആശിഷ് ജോസ് കാവുങ്കൽ, ബത്തേരി - ശ്രീ. ഷെറിൻ മേസ്തിരിപ്പറമ്പിൽ, ദ്വാരക - ശ്രീ. ഷിനു വടകര, കല്ലോടി - കുമാരി സ്റ്റാനിയ തെക്കേമല, കൽപ്പറ്റ - കുമാരി. ജോസ്‌ലിൻ കദളിമറ്റം, മാനന്തവാടി - കുമാരി ജോസ്ന വടക്കേടത്ത്, മണിമൂളി - ശ്രീ. ആൻസൻ വടക്കേക്കര, പയ്യമ്പള്ളി - ശ്രീ. ഷിബിൻ ചക്കുളത്തിൽ, ചുങ്കക്കുന്ന് - ശ്രീ. വിനീഷ് മഠത്തിൽ.

**സമ്മാനകൂപ്പൺ നറുക്കെടുപ്പ്**
രജത ജൂബിലിയോടനുബന്ധിച്ച് ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി പുറത്തിറക്കിയ സമ്മാനകൂപ്പണിന്റെ നറുക്കെടുപ്പ് ജനുവരി 25 ന് രൂപതാ വാർഷിക സെനറ്റിൽ വച്ച് നടത്തപ്പെട്ടു. **1–ാംസമ്മാനം** (ഫ്രിഡ്ജ്) പനമരം യൂണിറ്റ് ശ്രീ. ബിജു മുരിങ്ങമറ്റം, **2–ാംസമ്മാനം** (എൽഇഡി ടിവി) ചുങ്കക്കുന്ന് യൂണിറ്റ് ശ്രീ. കമിലോ കണ്ണന്താനം, **3–ാംസമ്മാനം** പനവല്ലി യൂണിറ്റ് കുമാരി അമിത ബൈജു എന്നിവർക്ക്

ലഭിച്ചു. 10 പേർക്ക് പ്രോത്സാഹന സമ്മാനങ്ങളും നല്കി. സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങളും കൂപ്പൺ വിൽക്കാൻ സഹകരിച്ച മേഖലാ, യൂണിറ്റ് ഭാരവാഹികൾക്കും എല്ലാ യുവജനങ്ങൾക്കും നന്ദിയും അറിയിക്കുന്നു.

**രാപകൽ സമരത്തിന് ഐക്യദാർഢ്യം**

രൂക്ഷമായ വന്യമൃഗശല്യത്തിനെതിരെ വടക്കനാട് ഗ്രാമ സംരക്ഷണസമിതി ബത്തേരിയിൽ നടത്തിയ രാപകൽ സമരത്തിന് പിന്തുണയുമായി ജനുവരി 24 ന് വൈകുന്നേരം 6.00 മണിയ്ക്ക് മാനന്തവാടി രൂപതാസമിതി എല്ലാവിധ പിന്തുണയുമായി സമരപ്പന്തലിലെത്തി. മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ, രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, സിസ്റ്റർ സാലി സിഎംസി, ശ്രീ. റ്റിബിൻ പാറക്കൽ, ബത്തേരി മേഖലാ പ്രസിഡന്റ് ശ്രീ. ഷെറിൻ മേസ്തിരിപറമ്പിൽ എന്നിവരാണ് രാപകൽ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരത്തിൽ പങ്കെടുത്തത്.

**അഭിവന്ദ്യ പിതാവിനോടൊപ്പം**

2020 പ്രവർത്തന വർഷത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കെ.സി.വൈ.എം. രൂപത ഭാരവാഹികൾ ജനുവരി 29-ന് മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവുമായി കൂടിക്കാഴ്ച നടത്തി. പുതിയ പ്രവർത്തനവർഷത്തിലേക്ക് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും പിതാവിന്റെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പിതാവിൽ നിന്നും അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലച്ചനെയും രൂപതാ ടീം സന്ദർശിച്ചു.

**ഭരണഘടന സംരക്ഷണ ദിനാചരണം നടത്തി**

രാജ്യത്തിന്റെ അഖണ്ഡതയ്ക്കും മതേതരത്വത്തിനും എതിരായി ജനങ്ങളെ മതത്തിന്റെയും ജാതിയുടെയും പേരിൽ വേർതിരിക്കുന്നതിനെതിരെ, ഭരണഘടനയുടെ മൂല്യങ്ങൾ ഉയർത്തിപിടിക്കുക, ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങളുമായി കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ യുവജനങ്ങൾ, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനമായ 2020 ജനുവരി 30 ന് കാക്കവയൽ ജവാൻ സ്മൃതി മണ്ഡപത്തിനു ചുറ്റും ഒരുമിച്ചു ചേർന്നു. മാനന്തവാടി കെ.സി.വൈ.എം. രൂപതാ പ്രസിഡൻറ് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി. സമാധാന അന്തരീക്ഷം രാജ്യത്ത് സൃഷ്ടിക്കേണ്ടതിന്റെ ആവശ്യ

കതയെക്കുറിച്ച് ഡയറക്ടർ അച്ചൻ ഓർമ്മിപ്പിച്ചു. എടപ്പെട്ടി യൂണിറ്റ് ഡയറക്ടർ അഡ്വ. റവ. ഫാ. തോമസ് ജോസഫ് തേരകം ഭരണഘടനയുടെ ആമുഖം വായിച്ചു. മാനന്തവാടി രൂപതാ ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രാജ്യത്തിനു വേണ്ടി അക്ഷീണം പ്രയത്നിക്കുന്ന ധീര ജവാൻമാരെ അനുസ്മരിപ്പിച്ചുകൊണ്ട് കെ.സി.വൈ.എം. രൂപത പ്രസിഡൻറ് ശ്രീ. ബിബിൻ ചെമ്പക്കര എക്സ് സർവീസ്മാൻ ശ്രീ.ജയിംസ് ജേക്കബിനെ പൊന്നാടയണിച്ച് ആദരിച്ചു. മുൻ കെ.സി.വൈ.എം. രൂപത സെക്രട്ടറിയും പൊതുപ്രവർത്തകനുമായ ശ്രീ. ബിനു ഏറനാട്ട് സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. തെനേരി പള്ളി വികാരി റവ.ഫാ.ജോസ് മുണ്ടയ്ക്കൽ, മുൻ രൂപതാ ഭാരവാഹികളായിരുന്ന ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, ശ്രീ.ബെന്നി വെട്ടിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള ഡയറക്ടർമാർ, ആനിമേറ്റർമാർ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു. രൂപതാ ട്രഷറർ ശ്രീ. റ്റിബിൻ പാറക്കൽ സ്വാഗതവും കൽപ്പറ്റ മേഖലാ സെക്രട്ടറി അനുഗ്രഹ് അറക്കൽ നന്ദിയും അർപ്പിച്ചു. രൂപത ഭാരവാഹികളായ ജിജോ പൊടിമറ്റം, മേബിൾ ജോയി, ജിയോ മച്ചുക്കുഴി, ഡെറിൻ കൊട്ടാരത്തിൽ, ടെസിൻ വയലിൽ രൂപത ആനിമേറ്റർ സി. സാലി സി.എം.സി. എന്നിവർ നേതൃത്വം വഹിച്ചു. എല്ലാ വിധ സഹായ സഹകരണങ്ങളും ചെയ്തു തന്ന കൽപ്പറ്റ മേഖല ഭാരവാഹികൾക്ക് നന്ദിയറിയിക്കുന്നു.

**ഷൈൻ 2020**

2020 പ്രവർത്തന വർഷത്തിലെ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളുടെ പ്രാർത്ഥന കൂട്ടായ്മ ഷൈൻ 2020 ഫെബ്രുവരി 7 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. മാനന്തവാടി രൂപത സീയോൻ ധ്യാന സെന്റർ ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, എഫേസോസ് ലേഖനം 6–ാം അദ്ധ്യായത്തെ ആസ്പദമാക്കി നേതാവിന് ഉണ്ടായിരിക്കേണ്ട മൂല്യങ്ങളെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ജപമാല, ദിവ്യകാരുണ്യ ആരാധന, കുമ്പസാരം എന്നിവയും ഉണ്ടായിരുന്നു. കുമ്പസാരത്തിന് സഹായിച്ച വൈദീകർക്കും ആത്മീയ പ്രചോദനം നല്കി ക്ലാസ്സ് നയിച്ച സോണിയച്ചനും രൂപത സമിതിയുടെ നന്ദി അറിയിക്കുന്നു.

**സംയുക്ത സിൻഡിക്കേറ്റും ഉത്തരവാദിത്വ കൈമാറ്റവും**

രൂപതാ സമിതിയുടെ ഉത്തരവാദിത്ത്വ കൈമാറ്റവും സംയുക്ത സിൻഡിക്കേറ്റും ഫെബ്രുവരി 7–ന് ദ്വാരക പാസ്റ്റർ സെന്റർ കെ.സി. വൈ.എം. ഓഫീസിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട രൂപതാ ഡയറക്ടർ

റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിലിന്റെ സാന്നിധ്യത്തിൽ 2020 വർഷത്തെ ഭാരവാഹികൾ ശ്രീ.ബിബിൻ ചെമ്പക്കരക്കൊപ്പം ഉത്തരവാദിത്ത്വം ഏറ്റെടുത്തു. പ്രസ്തുത യോഗത്തിൽ വച്ച് 2020 വർഷത്തെ രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ സത്യവാചകം ചൊല്ലി കൊടുത്തു.

**അന്താരാഷ്ട്ര റേഡിയോ ദിനാചരണം**

ഫെബ്രുവരി 13 ന് അന്താരാഷ്ട്ര റേഡിയോ ദിനാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. മാനന്തവാടി രൂപത നേതൃത്വം റേഡിയോ മാറ്റൊലി സന്ദർശിച്ച് പ്രവർത്തകർക്ക് ആശംസകൾ അർപ്പിക്കുകയും മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര ഭാരവാഹികളായ ടെസ്സിൻ വയലിൽ, കുമാരി മേബിൾ പുള്ളോലിക്കൽ, ശ്രീ. റ്റിബിൻ പാറക്കൽ, ശ്രീ. ഡെറിൻ കൊട്ടാരത്തിൽ ആനിമേറ്റർ സി.സാലി സി.എം.സി.എന്നിവർ പങ്കെടുത്തു.

**INIZIO 2020**

കെ.സി.വൈ.എം. മാനന്തവാടി രൂപത 26-ാമത് പ്രവർത്തന വർഷത്തിന് തിരിതെളിച്ചു. INIZIO 2020 ഒരു തുടർച്ചയാണ്. 25 വർഷത്തെ കരുത്തുമായി നിൽക്കുന്ന യുവജന പ്രസ്ഥാനം വളർച്ചയുടെ പാതയിലാണ്. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും 2020 ഫെബ്രുവരി 21 ന് ബത്തേരി മേഖലയുടെ ആതിഥേയത്വത്തിൽ ബത്തേരി അസംപ്ഷൻ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര പതാക ഉയർത്തി. രൂപത ആനിമേറ്റർ സി. സാലി ആൻസ് സി എം സി വചന പ്രതിഷ്ഠ നടത്തി. രൂപത ജനറൽ സെക്രട്ടറി ശ്രീ. ജിജോ പൊടിമറ്റം ഏവർക്കും സ്വാഗതമാശംസിച്ചു. രൂപത കെ.സി. വൈ.എം. ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി.

2020 ലെ പ്രവർത്തന മുദ്രാവാക്യമായ ക്രിസ്തു ദാർശനികത യുവജന പ്രേക്ഷിതത്വത്തിൽ എന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അച്ചൻ യുവജനങ്ങളെ ബോധ്യപ്പെടുത്തി. രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷനായിരുന്നു. അദ്ദേഹം ഇതൊരു യാത്രയുടെ തുടർച്ചയാണ്, സഭയുടെയും സമൂഹത്തിന്റെയും ശക്തിയായ് മാറേണ്ടവരാണ് യുവജനങ്ങൾ എന്ന് ഓർമ്മപ്പെടുത്തി.

കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് കുമാരി ലിമിന ജോർജ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഈ ലോകത്തിൽ നിന്നും തിരിച്ചു പോകുമ്പോൾ എന്തെങ്കിലും ലോകത്തിനുവേണ്ടി അവശേഷിപ്പിക്കുന്നവരാകണം യുവജനങ്ങൾ. പ്രതിഫലം നോക്കാതെ സേവനം ചെയ്യണമെന്ന് ഓർമ്മപ്പെടുത്തി. ബത്തേരി മുൻസിപ്പാലിറ്റി ചെയർമാൻ ശ്രീ. റ്റി.എൽ. സാബു മുഖ്യപ്രഭാഷണം നടത്തി. നമ്മുടെ യുവജനങ്ങൾ നമ്മുടെ നാടിന് പ്രയോജനപ്പെടണമെന്നും അതിനു തക്കതായ പ്രവർത്തനങ്ങൾ കെ.സി.വൈ.എം. ഭാഗത്തുനിന്നും ഉണ്ടാകണമെന്നും, മദ്യം മയക്കുമരുന്ന് തുടങ്ങിയ ദുഃശീലങ്ങളെക്കുറിച്ച് യുവജനങ്ങൾ ബോധവാന്മാർ ആയിരിക്കണം എന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ബത്തേരി അസംപ്ഷൻ ദേവാലയം വികാരിയും മുൻ കെ.സി.വൈ.എം. ഡയറക്ടറുമായ ബഹു. ജെയിംസ് പുത്തൻപറമ്പിൽ അച്ചൻ തന്റെ അനുഗ്രഹ പ്രഭാഷണത്തിൽ കഴിഞ്ഞ 25 വർഷങ്ങൾ വയനാടിന്റെ വിവിധ ഭാഗങ്ങളിൽ മാറ്റൊലി കൊണ്ട ശബ്ദം ഇനിയും ലോകം മുഴുവൻ മുഴങ്ങുവാൻ ഇടവരട്ടെ എന്ന് ആശംസിച്ചു. ബത്തേരി അസംപ്ഷൻ സ്ക്കൂൾ പ്രധാനാധ്യാപകനും മുൻ കെ.സി.വൈ.എം. പ്രസിഡണ്ടുമായ ശ്രീ. ടോമി എൻ.യു. 2020 പ്രവർത്തന വർഷത്തെ കർമ്മ പദ്ധതി പ്രകാശനം ചെയ്തു. കെ.സി.വൈ.എം. രൂപതാ വൈസ് പ്രസിഡന്റ് കുമാരി ടെസ്സിൻ വയലിൽ കർമ്മപദ്ധതി ഏറ്റുവാങ്ങി. കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി റോസ്മേരി തേറുകാട്ടിൽ, കെ.സി.വൈ.എം. ബത്തേരി മേഖല പ്രസിഡന്റ് ശ്രീ. ഷെറിൻ മേസ്തിരിപറമ്പിൽ, കെ.സി.വൈ.എം. ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. രജീഷ് കറുത്തേടം, ബത്തേരി യൂണിറ്റ് പ്രസിഡന്റ് അജോ പടിഞ്ഞാറേമംഗലത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപതാ സെക്രട്ടറി കുമാരി മേബിൾ പുള്ളോലിക്കൽ ഏവർക്കും നന്ദി അർപ്പിച്ചു. തുടർന്ന് ഐ.സി.വൈ.എം. മുൻ ദേശീയ ജനറൽ സെക്രട്ടറിയും കെ.സി.വൈ.എം. സംസ്ഥാന അഡ്വൈസറി കമ്മിറ്റി അംഗവുമായ ശ്രീമതി ജോയ്സ് മേരി ആന്റണി ക്ലാസ് നയിച്ചു. രണ്ടാം ഭാഗം കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ ക്ലാസ് നയിച്ചു. ക്രിസ്തു ജീവിക്കുന്നു അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കി പ്രധാനപ്പെട്ട 10 കാര്യങ്ങൾ യുവജനങ്ങളെ ബോധ്യപ്പെടുത്തി. രൂപത പ്രസിഡണ്ടും സെക്രട്ടറിയും ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ഏവരെയും പരിചയപ്പെടുത്തി. മുൻ ആനിമേറ്റർ സി. സ്മിത മെമന്റോ നൽകി ജോയ്സിനെ ആദരിച്ചു. പ്രസ്തുത മീറ്റിംഗിൽ വെച്ച് 2019 ലെ രൂപത

സെക്രട്ടറിയേറ്റ് അംഗങ്ങളെ മെമന്റോ നൽകി ആദരിച്ചു. 2019 വർഷത്തെ മുഴുവൻ പ്രവർത്തനങ്ങളുടെയും വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മികച്ച മേഖലയായി തെരഞ്ഞെടുക്കപ്പെട്ട ദ്വാരക മേഖലയും, 2019 വർഷത്തിലെ മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട പാതിരിപ്പാടവും സമ്മാനങ്ങൾ ഏറ്റുവാങ്ങി. ദ്വാരക മേഖലയ്ക്കും പാതിരിപ്പാടം യൂണിറ്റിനും അഭിനന്ദനങ്ങൾ അറിയിക്കുന്നു. പ്രവർത്തനവർഷ ഉദ്ഘാടനം മനോഹരമാക്കാൻ പ്രയത്നിച്ച ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. രജീഷ് കറുത്തേടം, മേഖല ആനിമേറ്റർ സി. ഡോ. നാൻസി എസ്.എ.ബി.എസ്, മേഖല പ്രസിഡന്റ് ശ്രീ. ഷെറിൻ മേസ്തിരി പറമ്പിൽ, മേഖല ടീം മുഴുവനും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ഒപ്പം സ്ഥല സൗകര്യങ്ങൾ ഒരുക്കി തന്ന ബത്തേരി യൂണിറ്റ് ഡയറക്ടർ ജെയിംസ് പുത്തൻപറമ്പിലച്ചനും അസി. വികാരിമാർക്കും യൂണിറ്റ് ആനിമേറ്റർ സി. സിജി ജോസഫ് എം.എസ്. എം.ഐ.ക്കും എല്ലാ യുവജന പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു. മനോഹരമായ ഗാനങ്ങൾ ആലപിച്ച ബത്തേരി യൂണിറ്റ് ഹൃദ്യക്കും സ്റ്റെഫിനും രംഗപൂജ അവതരിപ്പിച്ച കുട്ടികൾക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. വിവിധ മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും എത്തിയ എല്ലാ കെ.സി.വൈ.എം. നേതൃത്വങ്ങൾക്കും രൂപത സമിതിയുടെ കൃതജ്ഞത അറിയിക്കുന്നു.

**2020 ലെ പഠന വിഷയം**

'ക്രിസ്തു ദാർശനികത യുവജന പ്രേഷിതത്വത്തിൽ' എന്ന താണ് ഈ വർഷത്തെ മുദ്യാവാക്യം. ഉപ വിഷയങ്ങൾ 1. മാധ്യമ പ്രേക്ഷിതത്വം, 2. മതേതരത്വവും ന്യൂനപക്ഷ അവകാശങ്ങളും, 3. ജൈവവൈവിധ്യവും കാർഷിക പുരോഗതിയും എന്നതാണ്. രൂപത കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ മേഖലകളും യൂണിറ്റും Year Plan തയ്യാറാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മാർച്ച് 8 – അന്താരാഷ്ട്ര വനിതാദിനം**

മാർച്ച് 8–ാം തിയ്യതി അന്താരാഷ്ട്ര വനിതാദിനമായി ആചരി ക്കുന്നു. ഈ അവസരത്തിൽ യൂണിറ്റ്, മേഖല തലങ്ങളിൽ വ്യത്യസ്ഥ തലങ്ങളിൽ പ്രവർത്തിക്കുന്ന വനിതകളെ ആദരിക്കുന്നത് ഉചിതമായി രിക്കും.

**ഓർമ്മിക്കാൻ**

1. യൂണിറ്റ് ഭാരവാഹികളുടെ അഡ്രസ്സ്, ഫോൺ നമ്പർ, ഇ–മെയിൽ ഐഡി, എന്നിവ രൂപത ഓഫീസിൽ ഏൽപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. 2. കൂപ്പൺ കുറ്റികൾ തിരിച്ചേൽപ്പിക്കാത്തവർ എത്രയും വേഗത്തിൽ ഓഫീസിൽ ഏൽപ്പിക്കണമെന്ന് താൽപര്യപ്പെടുന്നു.

**മേഖല വാർത്തകൾ**

**മുള്ളൻക്കൊല്ലി മേഖല**

മേഖല ഭാരവാഹികൾ പ്രസിഡണ്ട് - അന്റണി മങ്കടപ്ര (മുള്ളൻക്കൊല്ലി), വൈസ് പ്രസിഡണ്ട്-ബിനില പള്ളിക്കമാലിൽ (പാടിച്ചിറ), സെക്രട്ടറി - ജെസ്റ്റിൻ വേങ്ങശ്ശേരി (മുള്ളൻക്കൊല്ലി), ജോയിന്റ് സെക്രട്ടറി – അബിന കണ്ടത്തിൻകര (പാടിച്ചിറ), ട്രഷറർ – അബിൻ മുണ്ടോക്കുഴി (പുൽപ്പള്ളി), കോഡിനേറ്റർ-അഗസ്റ്റിൻ അബ്രാഹം (മുള്ളൻക്കൊല്ലി), സെനറ്റ് മെംബേഴ്സ്- ആൽബിൻ കൂട്ടുങ്കൽ, രേഷ്മ കണിയാമറ്റം (ആടിക്കൊല്ലി).

**യൂണിറ്റ് വാർത്തകൾ**

**പാറത്തോട്ടം യൂണിറ്റ്**

ഇടവക തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ തിരു സ്വരൂപങ്ങൾ, രൂപക്കൂടുകൾ, രഥം, പള്ളി എന്നിവ മനോഹരമായി അലങ്കരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രദക്ഷിണത്തിന് തിരുസ്വരൂപങ്ങളും മുത്തുക്കുടകളും വഹിച്ചു. ഐസ്ക്രീം സ്റ്റാൾ നടത്തി ഫണ്ട് ശേഖരിച്ചു.

**മക്കിയാട് യൂണിറ്റ്**

മേഖലാ തിരഞ്ഞെടുപ്പിലും വാർഷിക സെനറ്റിലും യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. മേഖല ജോയിൻ സെക്രട്ടറിയായി അലീന മടുത്താശ്ശേരിയും സെനറ്റ് മെമ്പറായി അലീന ഉമ്പുക്കാട്ടും തിരഞ്ഞെടുക്കപ്പെട്ടു. ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കുകയും പള്ളി അലങ്കരിക്കുകയും ചെയ്തു. നക്ഷത്ര രാഗം ഓൺലൈൻ മത്സരത്തിൽ 17 പേർ പങ്കെടുത്തു. രൂപതയിൽ 3-ാം സ്ഥാനവും ക്യാഷ് അവാർഡും നേടി യുവജനങ്ങൾ അണിയിച്ചൊരുക്കിയ 'കാഹളം' മാഗസിൻ കെ.സി. വൈ.എം. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് ഒറ്റപ്ലാക്കൽ, ശ്രീ.സ്റ്റീഫൻ വേണാടിന് നൽകി പ്രകാശനം ചെയ്തു.

**ജിജോ പൊടിമറ്റം**
ജനറൽ സെക്രട്ടറി

## കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി 26 മുതൽ 29 വരെ നടന്ന MPC യിൽ 53 പേരും ഫെബ്രുവരി 9 മുതൽ 12 വരെ നടന്ന കോഴ്സിൽ 71 പേരും പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മാർച്ച് 27-30 | - | പാസ്റ്ററൽ സെന്റർ മണിമൂളി |
| ഏപ്രിൽ 05-08 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 24-27 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 10-13 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

മണിമൂളിയിൽ നടക്കുന്ന വിവാഹ ഒരുക്ക സെമിനാറിനെക്കുറിച്ച് ആ പ്രദേശത്തെ ബഹുമാനപ്പെട്ട വികാരി അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

**പ്രോ-ലൈഫ്**

ഗർഭഛിദ്ര നിയമഭേദഗതിക്കെതിരെ മാനന്തവാടി രൂപതാ പ്രോ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ മാതൃവേദിയുടെ സഹകരണത്തോടെ കൽപ്പറ്റ സിവിൽ സ്റ്റേഷൻ പരിസരത്ത് ഫെബ്രുവരി 18-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ പ്രാർത്ഥനാ കൂട്ടായ്മയും ധർണയും നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോഷി മഞ്ഞക്കുന്നേൽ ഉത്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് അഡ്വ. ജോസ്, മലബാർ റീജിയൺ പ്രസിഡണ്ട് സാലു മേച്ചേരിൽ, ഫാ. സോമി വടയാപറമ്പിൽ, ഫാ. തോമസ് തേരകം, ഫാ.ജോസ് കൊച്ചറക്കൽ, രൂപതാ മാതൃവേദി പ്രസിഡണ്ട് വിജി നെല്ലിക്കുന്നേൽ, ഗ്രേസി ചിറ്റിനപ്പിള്ളി, ജിൻസി കൂവയ്ക്കൽ, ജെസ്സി കുപ്പയിൽ, മേരി വട്ടയ്ക്കാമുകളേൽ, രഞ്ജിത്ത് മുതുപ്ലാക്കൽ (CML), ടെസ്സിൻ വയലിൽ, ബിബിൻ ചമ്പക്കര (KCYM) തുടങ്ങിയവർ പ്രസംഗിച്ചു. പോൾ കരിമ്പനാക്കുഴി സ്വാഗതവും ഡിന്റോ ജോസ് നന്ദിയും പറഞ്ഞു. പ്രോ-ലൈഫ് പ്രവർത്തകരും വിവിധ ഇടവകകളിൽ നിന്നായി ധാരാളം മാതൃവേദി അംഗങ്ങളും പങ്കെടുത്തു. ഏവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**മാതൃവേദി വാർത്തകൾ**

**തരിയോട് മേഖല**

മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ വച്ച് ഡയറക്ടർ ബഹു. ജോണി അച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. ക്രിസ്തുമസ്സ് ഫ്രണ്ട് സമ്മാനം കൈമാറി. പുതിയ മാർഗ്ഗരേഖ തയ്യാറാക്കി. മാനന്തവാടി സമരിറ്റൻഭവൻ സന്ദർശിക്കുകയും ഇടവകയിൽ നിന്നും ശേഖരിച്ച പച്ചക്കറികളും 5000 രൂപ സംഭാവനയും നൽകി. പരിപാടികൾ അവതരിപ്പിച്ചു. രോഗി സന്ദർശനം നടത്തി.

**ശാഖാ വാർത്തകൾ**

**ചുങ്കക്കുന്ന്**

വൃദ്ധമാതാപിതാക്കൾക്കായി ദേവാലയത്തിൽ ക്രമീകരിച്ച കുമ്പസാരത്തിലും വി. കുർബാനയിലും പങ്കുചേരുവാൻ അവരെ സഹായിച്ചു. വിൻസെന്റ് ഡീ പോൾ സംഘടനയുമായി സഹകരിച്ച് ഉച്ച ഭക്ഷണം നൽകി. ലോഗോസ് പരിശീലന പരീക്ഷ നടത്തി വിജയികൾക്ക് സമ്മാനം നൽകി. റിപ്പബ്ളിക്ക് ദിനത്തിൽ അമ്മമാർ ഇരട്ടത്തോട് കോളനി സന്ദർശിച്ചു. അവിടെയുള്ള സ്ക്കൂൾ കുട്ടികൾക്ക് ആനിമേറ്റർ സി. ലിൻസി എസ്. എച്ച് ബോധവത്കരണ ക്ലാസ്സ് എടുത്തു. കോളനിയിലെ കിടപ്പുരോഗിക്ക് 500/- രൂപ സഹായം നൽകി. മാനന്തവാടി ഗവ. കോളേജിൽ പഠിക്കുന്ന കുട്ടിക്ക് 3500/- രൂപ ഹോസ്റ്റൽ ഫീസ് നൽകി. ബഹു. വിൻസെന്റ് കളപ്പുരയിൽ അച്ചൻ അമ്മമാരുടെ ദൈനംദിന ജീവിത സഹനങ്ങളെക്കുറിച്ച് ക്ലാസ്സ് എടുത്തു.

**അമ്പായത്തോട്**

മാനന്തവാടി ഗവ. ഹോസ്പിറ്റൽ സന്ദർശിച്ച് ജീവജ്യോതി ചാരിറ്റബിൾ ട്രസ്റ്റിന് 3000/- രൂപ സംഭാവന നൽകി, അന്നേദിവസം ഉച്ച ഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു. ആലച്ചേരി സ്നേഹഭവൻ സന്ദർശിച്ച് 10000/- രൂപയുടെ ഭക്ഷ്യസാധനങ്ങൾ നൽകി. വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരെ ആദരിച്ചു. തിരുനാൾ പ്രദക്ഷിണത്തിന് ആവശ്യമായ കൈവിളക്കുകൾ വാങ്ങിച്ചു നൽകി. പള്ളിയിലേക്ക് വി.യൗസേപ്പിതാവിന്റെ രൂപം വാങ്ങാൻ 10000/- രൂപ സംഭാവന നൽകി.

**കൽപ്ര**

ജനുവരി 15 - ന് മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സഭയിലെ സി. ജിനു കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. 125 പേർ പങ്കെടുത്തു. ദേവാലയത്തിലെ നവീകരണപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും 7000/- രൂപ സംഭാവന നൽകുകയും ചെയ്തു. വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി ചെയിൻ റോസറി നടത്തി. എല്ലാ വെള്ളിയാഴ്ചളിലും ഇടവകയ്ക്കും രൂപത മുഴുവനും വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

**ബോസ്പാറ**

100 സുകൃതജപം അച്ചടിച്ച് എല്ലാ വീടുകളിലും കൊടുത്തു. സുകൃതജപ മത്സരം വാർഡു പ്രാർത്ഥനയിൽ നടത്തുന്നു. ലോഗോസ് ക്വിസ് വിജയികൾക്കും 60% ൽ കൂടുതൽ മാർക്കുള്ളവർക്കും, പരീക്ഷ എഴുതിയ എല്ലാവർക്കും സമ്മാനങ്ങൾ നൽകി. രോഗീസന്ദർശനം നടത്തി അവർക്കുവേണ്ടി പ്രാർത്ഥിച്ചു, ധനസഹായം നൽകി. രൂപതയുടെ ഗോഡ്ബ്ലെസ്സ് മാട്രിമണി വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുവാൻ വേണ്ടി ഭവന സന്ദർശനം നടത്തി. അമ്മമാർ പള്ളിയിലെ പൂന്തോട്ടം നന്നാക്കുകയും പള്ളി പരിസരം വൃത്തിയാക്കുകയും ചെയ്യുന്നു.

**കയ്യൂന്നി**

പച്ചക്കറിത്തോട്ടങ്ങൾ സന്ദർശിച്ച് മൂല്യനിർണ്ണയം നടത്തി. ഫണ്ട് സ്വരൂപിക്കുന്നതിനായി സ്കൂൾ വാർഷിക ദിനത്തിൽ ഐസ്ക്രീം, മധുര പലഹാരങ്ങൾ എന്നിവ വിൽപ്പന നടത്തി. ഇടവക തിരുനാളിന് ആവശ്യ മായ പലഹാരങ്ങൾ യൂണിറ്റടിസ്ഥാനത്തിൽ ഉണ്ടാക്കി. തിരുനാൾ പ്രദക്ഷിണത്തിൽ 100 അമ്മമാർ യൂണിഫോം ധരിച്ച് മുത്തുക്കുട വഹിച്ചു. തിരുനാളിന്റെ വിജയത്തിനായി ഒരു മാസം ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഇടിവണ്ണ**

തിരുനാളിനുവേണ്ടി പള്ളിയും പരിസരവും വൃത്തിയാക്കി, തോരണം ഒട്ടിച്ചു. വി. കുർബാനയിൽ സമർപ്പിക്കാൻ 15 വാർഡുകളി ലായി പൂക്കൾ നിർമ്മിച്ചു. ഫണ്ട് സമാഹരണത്തിനായി സ്റ്റാൾ ഇടുകയു ണ്ടായി. പ്രദക്ഷിണത്തിന് ബാൻഡ് മേളക്കാരായ എമ്മാവൂസിലെ ഭിന്നശേഷിയുള്ള കുട്ടികളെ സഹായിച്ചു.

**നരിവാലമുണ്ട**

തിരുനാളിനോടനുബന്ധിച്ച് ദേവാലയ പരിസരം അലങ്കരിക്കാൻ 2000-ത്തോളം പൂക്കൾ നിർമ്മിച്ചു. യൂണിഫോം ധരിച്ച അമ്മമാർ താലമേന്തി പ്രദക്ഷിണത്തിൽ പങ്കെടുത്തു. കലാസന്ധ്യയിൽ അമ്മ മാർ സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും മൂല്യം ഉയർത്തിക്കാണി ക്കുന്ന ദൃശ്യാവിഷ്കാരം നടത്തി. കൊറോണ വൈറസ് ഭീതിയിൽ രാജ്യ ങ്ങൾ വിഷമിക്കുമ്പോൾ ലോകാരോഗ്യത്തിനായി തിരുസന്നിധിയിൽ ആരാധന നടത്തി.

**പാതിരിപ്പാടം**

തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരങ്ങളും അല ങ്കരിച്ചു. ഭക്ഷണം ഉണ്ടാക്കാനും വിളമ്പാനും സഹായിച്ചു. ചാവറയച്ചന്റെ തിരുനാൾ ആചരിച്ചു. ഭവനസന്ദർശനം നടത്തി. തിരുഹൃദയ ജപ മാലയും കരുണകൊന്തയും ചൊല്ലി.

**തലഞ്ഞി**

അമലോത്ഭവ മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. അമ്മമാർ സെറ്റുസാരിയും യൂണിഫോം സാരിയും ധരിച്ച് മുത്തുകുടയും ദീപ ക്കാഴ്ച്ചയും പിടിച്ച് പ്രദക്ഷിണത്തിൽ പങ്കുചേർന്നു. അച്ചാർ, പലഹാര ങ്ങൾ എന്നിവ ഉണ്ടാക്കി വിൽപ്പന നടത്തി. ക്രിസ്തുമസ് കരോളിൽ പങ്കെടുത്തു. എല്ലാ യൂണിറ്റിലേയും അമ്മമാർ കലാപരിപാടികൾ നടത്തി. വാർഡ് അടിസ്ഥാനത്തിൽ കേക്ക് നിർമ്മാണ മത്സരം നടത്തി സമ്മാനങ്ങൾ നൽകി. മെഗാ മാർഗ്ഗം കളി നടത്തി. സ്നേഹതീരം ആതു രാലയത്തിൽ കേക്ക് വിതരണം ചെയ്തു. അവിടെയുള്ളവർക്ക് ഭക്ഷണം നൽകി അതിനായി 10500/- രൂപ ചിലവഴിച്ചു. ബ്രദർ ഷിന്റോ കുളങ്ങര ക്രിസ്തുമസ് സന്ദേശം നൽകി.

**പാറത്തോട്ടം**

ഭവന സന്ദർശനവും രോഗി സന്ദർശനവും നടത്തി. ഇടവക തിരു നാളിനായി ക്ലീനിംഗ്, അലങ്കാരം, ഭക്ഷണം തയ്യാറാക്കൽ, കൊടി ഉണ്ടാ ക്കൽ എന്നിവയ്ക്ക് സഹായിച്ചു. എല്ലാ യൂണിറ്റിൽ നിന്നും പലഹാര ങ്ങൾ ഉണ്ടാക്കി കൊടുത്തു. പ്രദക്ഷിണത്തിന് സെറ്റ്സാരി ഉടുത്ത അമ്മ മാർ മുത്തുക്കുടകൾ വഹിച്ചു. ഫണ്ട് ശേഖരണത്തിനായി കൊന്ത, രൂപ ങ്ങൾ മറ്റ് ഭക്തസാധനങ്ങൾ, ബേക്കറി സാധനങ്ങൾ എന്നിവ വിൽക്കു കയും ചെയ്തു.

**ബത്തേരി**

ജനുവരി 16-ന് സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് അവർക്ക് ഭക്ഷണം നൽകി. ശാഖ ദത്തെടുത്ത ഭിന്നശേഷിയുള്ള കുട്ടിക്ക് 15000 രൂപ വിദ്യാഭ്യാസ സഹായം നൽകി. സ്പെഷ്യൽ സ്ക്കൂൾ പരിസരം കാടുവെട്ടി വൃത്തിയാക്കി. രണ്ടാം ശനി അഖണ്ഡ വചന വായന നടത്തി. തിരുനാളിൽ സജീവമായി പങ്കുകൊണ്ടു. തട്ടുകട നടത്തി ഫണ്ട് സ്വരൂപിച്ചു. ക്യാൻസർ മൂലം വേദനിക്കുന്ന രോഗിക്ക് വേണ്ടി പ്രാർത്ഥിക്കുകയും സഹായം നൽകുകയും ചെയ്തു.

**മരക്കടവ്**

ഇടവക തിരുനാളിന് എല്ലാ ദിവസവും ജപമാല, ദിവ്യബലി, നൊവേന എന്നിവയിൽ പങ്കെടുത്തു. ഫണ്ട് ശേഖരണത്തിനായി പല ഹാരങ്ങൾ ഉണ്ടാക്കി വിറ്റു. വാർഷികത്തിന് 'തിരുക്കുടുംബം' സ്കിറ്റ് അവതരിപ്പിച്ചു.

**വഞ്ഞോട്**

ജനുവരി 1 -ന് ഇടവകയിൽ നടന്ന തിരുപ്പട്ട സ്വീകരണത്തിനായി പള്ളിയും പരിസരവും വൃത്തിയാക്കി. നവവൈദികനുവേണ്ടി അമ്മമാർ 100 ജപമാല ചൊല്ലി, സമ്മാനം നൽകി ആദരിച്ചു. തിരുനാളിന് ഭക്ഷണം തയ്യാറാക്കാനും, അച്ചാറിടാനും സഹായിച്ചു. പ്രദക്ഷിണത്തിന് 50 അമ്മ മാർ മുത്തുക്കുടകൾ വഹിച്ചു. തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി. വിവാഹതടസ്സം നേരിടുന്ന വ്യക്തികൾക്ക് വേണ്ടി ചെയിൻ റോസറി നടത്തി പ്രാർത്ഥിച്ചു.

**വാഴവറ്റ**

പ്രായമായും രോഗികളായും വീടുകളിൽ കഴിയുന്നവരെ സന്ദർശിച്ച് ക്രിസ്തുമസിന്റെ ആശംസകൾ നേരുകയും കേക്ക് നൽകുകയും ചെയ്തു. കരോൾഗാനമത്സരവും, ക്രിസ്തുമസ് കാർഡ് മത്സരവും നടത്തി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു, എല്ലാ പൈതങ്ങൾക്കും കളിപ്പാട്ടങ്ങളും മിഠായിയും നൽകി. കുക്കറി ഷോയിൽ വിജയികളായവർക്ക് സമ്മാനം നൽകി. മേഖല കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. മേഖല നടത്തിയ കേക്ക് അലങ്കാരത്തിൽ പങ്കെടുക്കുകയും സമ്മാനം നേടുകയും ചെയ്തു. മാർഗ്ഗരേഖ പ്രകാശനം നടത്തി. തിരുനാളിന് ധനശേഖരണാർത്ഥം സ്റ്റാൾ ഇട്ടു. ഡീക്കൻ അരുണിന്റെ തിരുപ്പട്ട സ്വീകരണത്തിൽ പങ്കെടുത്തു.

**കുറുമണി**

മാതൃവേദി എക്സിക്യൂട്ടിവ് അംഗത്തിന്റെ വിവാഹ വാർഷികം വീട്ടിൽ പോയി ആഘോഷിച്ചു സമ്മാനങ്ങൾ നൽകി. വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ഇടവകതിരുനാളിന് മാതൃവേദി അംഗങ്ങൾ സജീവമായി പങ്കുകൊണ്ടു. പ്രദക്ഷിണത്തിന് ചട്ടയും മുണ്ടും ഉടുത്തു. വാർഷികത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു.

**കല്ലുവയൽ**

ഇടവക തിരുനാളിനായി പള്ളിയും പരിസരവും വൃത്തിയാക്കി. തിരുനാൾ ദിവസങ്ങളിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. യൂണിറ്റടിസ്ഥാനത്തിൽ പരിപാടികൾ അവതരിപ്പിച്ചു. ലോഗോസ് പരീക്ഷയിൽ 70% നു മുകളിൽ വിജയം നേടിയ അമ്മമാർക്ക് സമ്മാനം നല്കി. രോഗിസന്ദർശനവും ഭവനസന്ദർശനവും നടത്തി.

**കോട്ടത്തറ**

നവവൈദികൻ ഫാ. ജോഫിൻ മുളകുടിയാങ്കലിന് ആശംസകൾ അർപ്പിച്ച് സമ്മാനം നൽകി. ലഹരി വസ്തുക്കൾക്കൾക്ക് അടിമകളായവർക്കുവേണ്ടി ജപമാലയും ഭവനരഹിതർക്കുവേണ്ടി കരുണകൊന്ത ചൊല്ലുകയും ചെയ്തു. വാർഡ് സന്ദർശനം നടത്തി കിട്ടിയ തുക ഇടവകയിലെ ക്യാൻസർ രോഗിക്ക് ചികിത്സയ്ക്കായി 1000/- രൂപ നൽകി. പച്ചക്കറിത്തോട്ടം മത്സരത്തിൽ പങ്കെടുത്തവർക്ക് സമ്മാനം നൽകി. ബഹു. സെബാസ്റ്റ്യൻ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. തിരുനാളിന് മുത്തുക്കുടകൾ പിടിച്ച് പ്രദക്ഷിണത്തിൽ പങ്കെടുത്തു.

**പാടിച്ചിറ**

ഇടവക തിരുനാളിന് ജപമാല ചൊല്ലിക്കൊണ്ട് തോരണം തയ്യാറാക്കി. പ്രദക്ഷിണത്തിൽ മുത്തുക്കുടകളും താലങ്ങളുമേന്തി പങ്കെടുത്തു. സ്നേഹവിരുന്നിനുശേഷം ഭക്ഷണപാത്രങ്ങൾ കഴുകി, പള്ളി, സ്ക്കൂൾ പരിസരങ്ങൾ വൃത്തിയാക്കി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി 31-01-2020**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ജനുവരി മാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണപ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ 1-02-2020**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8.45ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാലപ്രദക്ഷിണം, സ്തുതി ആരാധന എന്നിവയ്ക്കുശേഷം സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും റവ. ഫാ. ജോഫ്രി കളരിക്കൽ (ബിഷപ്സ് ഹൗസ്) വി. ബലിയും അർപ്പിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർ നേതൃത്വം നൽകി. 3.15 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം വെള്ളി - ജാഗരണ പ്രാർത്ഥന 7-02-2020 6 pm to 1.00 am**

വൈകുന്നേരം 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണകൊന്ത ജപമാല, മധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തി. ബ്ര.ജോസ് മാളോല, പൈലി തുറപ്പാട്ട്, ബേബി നാക്കുഴിക്കാട്ട്, ബേബി കുപ്പയിൽ, മത്തായി കാരക്കാട്ട് എന്നിവർ നേതൃത്വം നൽകി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലി അർപ്പിച്ചു വചനസന്ദേശം നൽകി. രാത്രി 1 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം ശനി - പൊതുസ്പിരിചൽ ഷെയറിംഗ് 8-02-2020**

ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30ന് പൊതുസ്പിരിചൽ ഷെയറിംഗ് ആരംഭിച്ചു. 50 പേർ പങ്കെടുത്തു.

**താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം 13-16**

നാല് ദിവസത്തെ താമസിച്ചുള്ള ആന്തരികസൗഖ്യ ധ്യാനത്തിന് സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, അസ്സി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ബാബു മൂത്തേടം, ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്ര. ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**നാലാം ശനി – രോഗസൗഖ്യശുശ്രൂഷാ ദിനം 22–02–2020**

രാവിലെ 9.30 ന് രോഗശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥന കൾ ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വി.കുർബാന, തൈലാഭിഷേക പ്രാർത്ഥന എന്നിവ നടത്തി.

**ഇടവകധ്യാനം**

21 മുതൽ 23 വരെ ഹസ്സൻ നേഴ്സിംഗ് വിദ്യാർത്ഥികൾക്കും, 24 മുതൽ 27 വരെ നിലമ്പൂർ ഇടിവണ്ണ ഇടവകയിലും സീയോൻ ധ്യാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി.

**2020 മാർച്ച് മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 06–03–2020 ആദ്യവെള്ളി | – | എൽഡറിംഗ് ടീം മീറ്റിംഗ്, |
| | – | ജാഗരണം |
| 07–03–2020 ആദ്യശനി | – | ഏകദിനകൺവെൻഷൻ |
| 14–03–2020 രണ്ടാം ശനി | – | പൊതുസ്പിരിച്ചൽ ഷെയറിംഗ് |
| 19–22 വ്യാഴം – ഞായർ | – | ആന്തരിക സൗഖ്യധ്യാനം |
| 28–03–2020 നാലാം ശനി | – | രോഗസൗഖ്യശുശ്രൂഷാ ദിനം |

**ഇടവകധ്യാനങ്ങൾ**

| | | |
|---|---|---|
| 1–4 ഞായർ–ബുധൻ | – | എടപ്പെട്ടി ഇടവക |
| 8–11 ഞായർ – ബുധൻ | – | തൃക്കൈപ്പറ്റ ഇടവക |
| 12–15 വ്യാഴം – ഞായർ | – | അമരക്കുനി ഇടവക |
| 15–18 ഞായർ– ബുധൻ | – | കരണി ഇടവക |
| 22–25 ഞായർ – ബുധൻ | – | പ്രശാന്തഗിരി ഇടവക |
| 29 –1 ഞായർ – ബുധൻ | – | ധർമ്മഗിരി ഇടവക |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിന്‍സെന്റ് ഡി പോള്‍ സൊസൈറ്റി

പ്രിയപ്പെട്ട വിന്‍സെന്‍ഷ്യന്‍ സഹോദരരേ.

വീണ്ടും ഒരു വലിയ നോമ്പാചരണത്തിലൂടെ നാം കടന്നു പോകുകയാണല്ലോ. യേശുവിന്റെ പീഡാസഹനവും, ഉയിര്‍പ്പും ഓരോ വലിയനോമ്പുകാലത്തും നാം പുനര്‍വിചിന്തനം നടത്തുകയാണ്. നോമ്പാചരണം ആരംഭിച്ചിരിക്കുന്നത് പെത്തൂര്‍ത്താ (പേത്തര്‍ത്ത) യോടും വിഭൂതിയോടും കൂടിയാണ്. പെത്തൂര്‍ത്തായെന്നാല്‍ തിരിഞ്ഞു നോട്ടമെന്നാണര്‍ത്ഥം. നോമ്പുകാലത്ത് നാമോരോരുത്തരും നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കണം. ഓരോ വിന്‍സെന്‍ഷ്യനും ദൈവത്തിന്റെ തിരുസന്നിധിയില്‍ ചെയ്തുപോയ പാപങ്ങള്‍ ഏറ്റുപറഞ്ഞ് (കുമ്പസാരം) കണ്ണീരോടെ മാപ്പപേക്ഷിക്കുവാനുള്ള അവസരമാണിത്. ഈ അവസരത്തില്‍ വിന്‍സെന്‍ഷ്യന്‍ പ്രവര്‍ത്തക രായ നാം വിചിന്തനത്തിന് വിഷയമാക്കേണ്ട മറ്റൊരു കാര്യവു മുണ്ട്-ചെയ്യാതെ പോയ നന്മകള്‍. സഹായത്തിനുവേണ്ടി നമ്മുടെ മുന്നില്‍ വന്ന് കൈ നീട്ടിയവരെ നാം സഹായിച്ചിണ്ടുണ്ടാവാം. എന്നാല്‍ പലവിധ സാഹചര്യങ്ങള്‍കൊണ്ട് നമ്മോട് സഹായം ചോദിക്കാന്‍ കഴിയാതെ നിസ്സഹായരായി സ്വഭവനത്തില്‍ ഒരു നേരത്തെ ആഹാരത്തിനുവേണ്ട വക കണ്ടെത്താനാവാതെ-രോഗാവസ്ഥയില്‍ പണമില്ലാത്തതുകൊണ്ട് ചികിത്സ തേടാനാവാതെ-വാര്‍ദ്ധക്യം, രോഗം എന്നിവമൂലം വീടിന്റെ നാലു ചുമരുകള്‍ക്കുള്ളില്‍ നിസ്സഹായരായി കഴിയുന്ന പട്ടിണി പാവങ്ങള്‍-ഇവര്‍ക്കൊക്കെ സമ്പത്തും സാന്നിധ്യവും കൊണ്ട് സഹായമെത്തിക്കുവാന്‍ നമുക്ക് കഴിഞ്ഞിട്ടുണ്ടോ. ഞാന്‍ നഗ്നനായിരുന്നു, നീ എനിക്ക് വസ്ത്രം തന്നോ എന്ന അന്ത്യവിധിയിലെ ചോദ്യത്തിന് നഗ്നനായി ആരും എന്റെ മുന്നില്‍ വന്നില്ല അതുകൊണ്ട് സഹായിച്ചുമില്ല എന്ന മറുപടി നല്കിയാല്‍ ധനവാന്റെയും ലാസറിന്റെയും ഉപമയിലെ ധനവാന്റെ ഗതിയായിരിക്കും നമ്മെയും കാത്തിരിക്കുന്നത്. പ്രിയപ്പെട്ട വിന്‍സെന്‍ഷ്യന്‍ സഹോദരരെ, നമുക്ക് സമൂഹത്തിലെ അടഞ്ഞു കിടക്കുന്ന വാതിലുകളുടെ പിന്നിലേക്ക് കടന്നുചെല്ലാം. സെന്റ് വിന്‍സെന്റ് ഡി പോള്‍ സൊസൈറ്റി സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാം നമുക്ക് കാണിച്ചു തന്ന മാര്‍ഗ്ഗം ഭവനസന്ദര്‍ശനങ്ങള്‍ മാത്രമാണ്.

**ട്രഷറർമാർക്കുള്ള പരിശീലനം**

കോൺഫ്രൻസ്, എ.സി ട്രഷറർമാർക്കുള്ള പരിശീലന പരിപാടിയുടെ രണ്ടാംഘട്ടം മാനന്തവാടി കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രൽ ഹാളിൽ നടന്നു. കത്തീഡ്രൽ വികാരി റവ.ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ പ്രവർത്തകർ നടത്തുന്ന കാരുണ്യപ്രവർത്തികളിലൂടെ അവർ സ്വയം വിശുദ്ധീകരിക്കപ്പെടുകയാണെന്നും കാര്യങ്ങൾ ലളിതമായി ചെയ്യുന്നതിലൂടെ ആശ്വാസത്തിന്റെ വാക്കുകൾ പകർന്നു നല്കുവാൻ കഴിയുന്നതായും അദ്ദേഹം പറഞ്ഞു. മാനന്തവാടി എ.സി.പ്രസിഡന്റ് ബ്ര.ജോൺ അതിരകുളങ്കര, സി.അന്ന കുളങ്ങാട്ട് എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. സി.സി. പ്രസിഡന്റ് ബ്ര. ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.സി. ജനറൽസെക്രട്ടറി ബ്ര.ബാബു നമ്പുടാകം സ്വാഗതം ആശംസിച്ചു. കത്തീഡ്രൽപള്ളി സഹവികാരി റവ.ഫാ.ജോഫിൻ ആശംസകളർപ്പിച്ച് സംസാരിച്ചു. സി.സി.ട്രഷറർ ബ്ര.എൻ.യു.ജോൺ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി.സി.സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി നന്ദിപറഞ്ഞു. കൊട്ടിയൂർ, മാനന്തവാടി, തോണിച്ചാൽ, പയ്യംമ്പള്ളി, കല്ലോടി, തരിയോട്, ചുണ്ടക്കര, കുറുമ്പാല എന്നീ എ.സി.കളിൽ നിന്നും 125-പ്രതിനിധികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**2020 മാർച്ച് മാസത്തിൽ ഓസാനാംഭവൻ സന്ദർശിക്കേണ്ട കോൺഫ്രൻസുകൾ**

മാർച്ച് 1-15 വരെ മണിമൂളി എ.സിയിൽപ്പെട്ട കോൺഫ്രൻസുകൾ.

16-30 വരെ നിലമ്പൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.

ഏപ്രിൽ 1-15 കല്ലോടി എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ,

16-30 മാനന്തവാടി എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ആദരം**

സംസ്ഥാനത്ത് ഏറ്റവും നല്ല രീതിയിൽ സമഗ്ര ആദിവാസി വികസന പദ്ധതി നടപ്പിലാക്കിയ സന്നദ്ധ സംഘടന എന്ന നിലയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ജില്ലാതല സന്നദ്ധ സംഘടന മീറ്റിൽ വെച്ച് നബാർഡ് ആദരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തുകളിൽ കഴിഞ്ഞ 05 വർഷം നടപ്പിലാക്കിയ സമഗ്ര ആദിവാസി വികസന പദ്ധതി സംസ്ഥാനതലത്തിൽ പുരസ്കാരം നേടിയ പശ്ചാത്തലത്തിലാണ് ജില്ലാതലത്തിൽ ആദരം നൽകിയത്. കൽപ്പറ്റ ഹോട്ടൽ ഗ്രീൻ ഗേറ്റ്സിൽ നടന്ന ജില്ലാതല സന്നദ്ധ സംഘടനാ യോഗത്തിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പി.യു.ദാസ് വയനാട് സോഷ്യൽ സർവ്വീസ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, റേഡിയോ മാറ്റൊലി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ എന്നിവരെ ആദരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കു പുറമേ ഫ്ളയിം കേരളയും നബാർഡിന്റെ ആദരം ഏറ്റുവാങ്ങി. കേരള ഗ്രാമീൺ ബാങ്ക് റീജിയണൽ മാനേജർ കെ.കെ. പ്രസാദ്, നബാർഡ് ജില്ലാ മാനേജർ ജിഷ വി, വിമൻസ് വെൽഫയർ അസോസിയേഷൻ ഡയറക്ടർ സി. ക്രിസ്റ്റീന, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, ശ്രേയസ് പ്രോഗ്രാം ഓഫീസർ ഷാജി.കെ.വി, ഫ്ളയിം കേരള ഡയറക്ടർ പി.ഒ. ജോയി, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനു സ്കറിയ എന്നിവർ സംസാരിച്ചു.

**പ്രളയ ബാധിതർക്ക് ഹൈടെക് കോഴി ഫാം ഒരുക്കി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

കഴിഞ്ഞ പ്രളയകാലത്ത് സർവ്വതും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 50 കുടുംബങ്ങൾക്ക് ഹൈടെക് രീതിയിൽ മുട്ടക്കോഴികളെ വളർത്തുന്നതിനുള്ള സഹായം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നൽകി. കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ ആണ് ഓരോ കുടുംബത്തിനും പതിനായിരം രൂപ വീതം വിലയുള്ള പദ്ധതി സഹായം നൽകിയത്. ഈ തുക ഉപയോഗിച്ച് ബിവി 360 ഇനത്തിൽപ്പെട്ട 25 കോഴി കുഞ്ഞുങ്ങളെയും അവയെ വളർത്തുന്നതിനുള്ള ഹൈടെക് കൂടും വയനാട് സോഷ്യൽ

സർവ്വീസ് സൊസൈറ്റി ക്രമീകരിച്ച് നൽകി. കൂടാതെ ശാസ്ത്രീയമായ രീതിയിൽ മുട്ടക്കോഴി വളർത്തുന്നതിനെക്കുറിച്ചുള്ള പരിശീലനവും നൽകി. പദ്ധതിയുടെ വിതരണ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. ഡെവലപ്മെന്റ് കൺസൽറ്റന്റ് വിൻസെന്റ് ജോർജ്ജ്, അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, പ്രൊജക്റ്റ് കോഓർഡിനേറ്റർ ഷൈജു ജോസഫ് എന്നിവർ സംസാരിച്ചു. ഫീൽഡ് കോഓർഡിനേറ്റർ ഷൈനി ദേവസ്യ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**വാട്ടർ ഫിൽറ്ററുകൾ സൗജന്യമായി വിതരണം ചെയ്തു**

പ്രളയാനന്തര വികസന പദ്ധതികളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വാട്ടർ ഫിൽറ്ററുകൾ വിതരണം ചെയ്തു. സുരക്ഷിതമായ കുടിവെള്ളം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ലോകാരോഗ്യ സംഘടന, വാട്ടർ എയിഡ് എന്നിവയുമായി സഹകരിച്ചാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അന്താരാഷ്ട്ര നിലവാരത്തിലുള്ള വാട്ടർ ഫിൽറ്ററുകൾ ജില്ലയിലെ അംഗൻവാടികൾ, ആരോഗ്യ ഉപകേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ലൈബ്രറികൾ, ആരാധനാലയങ്ങൾ തുടങ്ങിയ പൊതുസ്ഥാപനങ്ങൾക്ക് സൗജന്യമായി നൽകിയത്. ഒരു വാട്ടർ ഫിൽറ്ററിന് വിപണിയിൽ 27500 രൂപ വിലയുണ്ട്. ആകെ 89,37,500 രൂപയുടെ മൂല്യമുള്ള 325 വാട്ടർ ഫിൽറ്ററുകൾ ജില്ലയിൽ വിതരണം ചെയ്തു. പദ്ധതിയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, പ്രൊജക്റ്റ് കോഓർഡിനേറ്റർ ടെസ്ന വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**പ്രളയ ബാധിതർ അതിജീവനത്തിന്റെ വഴിയിൽ**

രണ്ടായിരത്തി പതിനെട്ടിലെ പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ടവർ ഇന്ന് അതിജീവനത്തിന്റെ പാതയിലാണ്. മുട്ടക്കോഴി വളർത്തിയും, ആട് വളർത്തിയും, തയ്യൽ ജോലിയിലൂടെയും, കാർഷിക വിളകൾ കൃഷി ചെയ്തും നൂറുകണക്കിന് കുടുംബങ്ങളാണ് ഇന്ന് ജീവിതം കരുപ്പിടിപ്പിക്കുന്നത്. മാനന്തവാടി രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ഒരു വർഷത്തോളം നീണ്ടുനിന്ന പ്രളയ പുനരധിവാസ പദ്ധതി അതിജീവൻ എന്ന പേരിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയിരുന്നു. ഇതിനായി 6 പ്രളയ ബാധിത പ്രദേശ

ങ്ങൾ കാരിത്താസ് ഗ്രാമം എന്ന പേരിൽ തെരഞ്ഞെടുക്കുകയും അവിടങ്ങളിൽ വിവിധങ്ങളായ വരുമാന വർദ്ധക പരിപാടികളും, ഭവന നിർമ്മാണ പ്രവർത്തനങ്ങളും, കുടിവെള്ള ശുചിത്വ പദ്ധതികളും നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 125 കുടുംബ ങ്ങൾക്ക് മുട്ടക്കോഴി വളർത്തുന്നതിനും, 150 കുടുംബങ്ങൾക്ക് ആട് വളർത്തുന്നതിനും, 30 കുടുംബങ്ങൾക്ക് ടൈലറിംഗിനും, 100 കുടുംബങ്ങൾക്ക് കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനും സാമ്പത്തിക സഹായം നൽകിയിരുന്നു. കഴിഞ്ഞ വെള്ളപ്പൊക്കത്തിലും മറ്റും കുറച്ച് പേരുടെ കോഴി, ആട്, കൃഷികൾ എന്നിവ വീണ്ടും നശിച്ചു പോയി എങ്കിലും എഴുപത്തിയഞ്ച് ശതമാനത്തിന് മുകളിൽ കുടുംബങ്ങളിൽ ഇവ ഇന്ന് നിത്യ വരുമാനം നേടികൊടുക്കുന്നു. 15 കോഴി കുഞ്ഞും ഹൈടെക് കൂടും ആണ് പദ്ധതി സഹായമായി നൽകിയതെങ്കിലും ഇന്ന് ധാരാളം കുടുംബങ്ങൾ ഈ പദ്ധതി വിപുല പ്പെടുത്തിയിട്ടുണ്ട്. 2 ആടുകളെ പദ്ധതിയിൽ നൽകിയത് ഇന്ന് അവ യുടെ കുഞ്ഞുങ്ങളോടൊപ്പം വലിയ യൂണിറ്റുകൾ ആയി മാറിയിട്ടുണ്ട്. ഇപ്പോൾ ഓരോ ഗുണഭോക്താവും ഓരോ ആട്ടിൻകുട്ടികളെ വീതം സഹായം ലഭ്യമാകാത്ത മറ്റ് പ്രളയ ബാധിതർക്ക് നൽകി വരികയാണ്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കിയ അതീവൻ പദ്ധതി ഇന്ന് പ്രളയബാധിതർക്ക് യഥാർത്ഥത്തിൽ അതിജീവനത്തിന്റെ മാർഗ്ഗമായി മാറിയിരിക്കുന്നു.

**മുബൈ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ പഠനത്തിനായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സാമൂഹ്യ വികസന മേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് മുബൈ യൂണിവേഴ്സിറ്റിലിലെ 26 എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിച്ചേർന്നു. യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരായ ഡോക്ടർ വാഗ്മറെ, ആൻഡ്രിയ ചാണ്ടി എന്നിവർ വിദ്യാർത്ഥികളോടൊപ്പം പഠനത്തിന് എത്തിയിട്ടുണ്ട്. ബയോവിൻ അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ ആണ് പഠന പരിപാടി ഏകോപിപ്പിക്കുന്നത്. സുസ്ഥിര വികസനം, പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ ഇടപെടലുകൾ, ദുരന്ത പുനരധിവാസ നിവാരണ പ്രവർത്തനങ്ങൾ, ആദിവാസി മേഖലയിലെ ഇടപെടലുകൾ തുടങ്ങിയ മേഖലകളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പഠന വിധേയമാക്കുന്ന തിനുവേണ്ടിയാണ് ഒരാഴ്ചത്തെ സന്ദർശനത്തിന് ടീം എത്തി ച്ചേർന്നിരിക്കുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക്

പുറമെ ഡോൺ ബോസ്കോ കോളേജ് സുൽത്താൻ ബത്തേരി, റേഡിയോ മാറ്റൊലി, എടവക ഗ്രാമപഞ്ചായത്ത്, ബോയ്സ് ടൗൺ ബൊട്ടാണിക്കൽ ഗാർഡൻ, ഉറവ്, ബയോവിൻ അഗ്രോ റിസർച്ച്, ശ്രേയസ് ബത്തേരി എന്നിവിടങ്ങളിൽ ടീം സന്ദർശിക്കും. കൂടാതെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രമേഷ് ബിഷ്ണോയ് ഐ.എഫ്.എസ്, എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ വിജയൻ, ചെറുവയൽ രാമൻ, ട്രൈബൽ ഡിപ്പാർട്ട്മെന്റ് റിട്ടയേർഡ് ജോയിന്റ് ഡയറക്ടർ ജോസഫ് കെ എന്നിവരുമായി ടീം സംവദിക്കും. ടീം സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബയോവിൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. എന്നിവർ നേതൃത്വം നൽകുന്നു.

**ജീവസ് ഇൻഷുറൻസ്**

കഴിഞ്ഞ രണ്ടു വർഷങ്ങളായി നമ്മുടെ രൂപതയിൽ ജീവസ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടത്തിവരുന്നു. 3000 രൂപയ്ക്ക് ഒരു ഭവനത്തിലെ 6 അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. നമ്മുടെ രൂപതയുടെ സാമൂഹിക സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കേരള മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റും, സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസും സംയുക്തമായി നടത്തുന്ന പദ്ധതിയാണിത്. നമ്മുടെ രൂപതയിലെ എല്ലാ ജനങ്ങൾക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കുകയാണ് ഈ പദ്ധതി വഴി നാം ലക്ഷ്യം വയ്ക്കുന്നത്. കാരണം വർദ്ധിച്ചുവരുന്ന ചികിത്സാചെലവുകൾ പല കുടുംബങ്ങളെയും ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തിക്കാറുണ്ട്.

കഴിഞ്ഞ വർഷം 2030 കുടുംബങ്ങളേയാണ് ഈ പദ്ധതിയിൽ നമ്മൾ ഉൾച്ചേർത്തത്. ഇതുവെര 480 ക്ലെയിം ലഭിക്കുകയും 3560669 രൂപ പാസാവുകയും ചെയ്തു.

നിലവിൽ ജീവസ് ഇൻഷൂറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ മാർച്ച് 20-ന് മുമ്പ് പോളിസി പുതുക്കേണ്ടതാണ്. കഴിഞ്ഞവർഷങ്ങളിൽ പോളിസി എടുക്കാത്തവർ ഈ വർഷം മുതലെങ്കിലും ജീവസ് ഇൻഷൂറൻസ് പദ്ധതിയിൽ ചേർന്ന് ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുമല്ലോ.

കഴിഞ്ഞ വർഷം ജീവസ് ആരോഗ്യ സുരക്ഷ പദ്ധതിയിൽ കുടുംബങ്ങളെ ചേർത്ത് സഹകരിച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും, അത്മായ സഹോദരങ്ങൾക്കും, സംഘടനാ ഭാരവാഹികൾക്കും, കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും, പ്രത്യേകമായി നന്ദി പറയുന്നു. ഈ വർഷവും ഇൻഷൂറൻസ് പോളിസി പുതുക്കുവാനും പുതിയ കുടുംബങ്ങളേ ചേർക്കുവാനും നിങ്ങളുടെ

ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. വിശദവിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി**

സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് നബാർഡ് ഇ-ശക്തി പ്രൊജക്റ്റ് നിലവിൽ വന്നു. വയനാട് സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ 600 സ്വാശ്രയസംഘങ്ങൾ നബാർഡിൽ അംഗത്വം സ്വികരിക്കാൻ തയ്യാറായി മുൻപോട്ടു വന്നിട്ടുണ്ട്. അതിൽ 461 ഗ്രൂപ്പുകൾ ലിസ്റ്റിൽ ചേർത്തു.

സോഷ്യൽ വെൽഫയർ സൊസെറ്റികളിൽ 21 സ്ഥലങ്ങളിലായി യൂണിറ്റ്തല യോഗങ്ങൾ ചേർന്നു. മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ, എന്നീ റീജിയണുകളിൽ അതാത് യൂണിറ്റ് ആനിമേറ്റർമാർ യോഗങ്ങൾക്ക് നേതൃത്വം നൽകി. സ്വാശ്രയ സംഘങ്ങൾക്ക് ട്രെയിനീസ് ആയി വന്ന കോളേജ് സ്റ്റുഡന്റ്സ് "കൊറോണ വൈറസ്സിനെ" ക്കുറിച്ച് ബോധവത്കരണ ആശയങ്ങൾ വിശദീകരിക്കുകയുണ്ടായി.

പ്രളയ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി 50 കോഴിയും കൂടും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വിതരണം ചെയ്തു. ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസിന്റെ ഭാഗമായി 1000 കുടുംബങ്ങൾക്ക് 1000 രൂപ നിരക്കിൽ പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.

**കേരള ലേബർ മൂവ്മെൻറ് (KLM )**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു .

**സ്വാവലംബൻ**

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ 2019-2020 ലെ പുതുക്കൽ പൂർത്തിയായി.

**വാർഷിക ജനറൽ അസംബ്ലി**

കെ.എൽ.എം. സംസ്ഥാന വാർഷിക ജനറൽ അസംബ്ലി 2020 ഫെബ്രുവരി 01, 02 ദിവസങ്ങളിൽ ഇടക്കൊച്ചിയിലുള്ള ആൽഫാ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 2019 വർഷത്തെ രൂപതാതല റിപ്പോർട്ടവതരണം നടത്തി. രൂപതയിൽ നിന്നും പ്രസിഡന്റ് ശ്രീ. ബിജുപോൾ പുയ്ക്കുന്നേൽ, സെക്രട്ടറി ശ്രീ. ബിജു മരോട്ടിമൂട്ടിൽ, കോഡിനേറ്റർ മിനി എന്നിവർ പങ്കെടുത്തു.

**ക്ഷേമ പദ്ധതികൾ**

തയ്യൽ തൊഴിലാളി, ചെറുകിടത്തോട്ടം തൊഴിലാളി എന്നീ ക്ഷേമനിധിയിൽ ഈ മാസം പുതിയ രജിസ്ട്രേഷൻ നടന്നു .

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ ഈ മാസം മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയനുകളിൽപ്പെട്ട പുതിയിടം, മുതിരേരി, തവിഞ്ഞാൽ, പോരൂർ, പ്രശാന്തഗിരി, ദീപ്തിഗിരി, കുറുമ്പാല, ആറാട്ടുതറ, ചെറുകാട്ടൂർ, കുറുമണി, വഞ്ചോട്, അമരക്കുനി, ആടിക്കൊല്ലി, ശിശുമല, പട്ടാണിക്കൂപ്പ്, മരകാവ്, പാടിച്ചിറ, വളാഞ്ചേരി സെന്ററുകളിലായി 78 കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് സന്ദർശനം നടത്തി, അവരുടെ പുരോഗതി വിലയിരുത്തുകയും 2020-2021 വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. ഈ മാസം പദ്ധതിയിൽ തങ്ങളുടെ കാലാവധി പൂർത്തിയാക്കിയ 5 കുടുംബങ്ങളുടെ പുരോഗമന റിപ്പോർട്ട് സമർപ്പിച്ചു. രൂപതാ കോ ഓർഡിനേറ്റർ സി.അനിലിറ്റ് സീതാമൗണ്ട് സെന്ററിൽപ്പെട്ട 4 കുടുംബങ്ങൾ സന്ദർശിച്ച് അപേക്ഷകൾ തയ്യാറാക്കി. സേവ് എ ഫാമിലിയുടെ ഇന്ത്യ ഓഫീസ് എറണാകുളം ഐശ്വര്യഗ്രാമിൽ വച്ചു നടന്ന ആനിമേറ്റേഴ്സ് ട്രെയിനിങ്ങിൽ സുജ മാത്യു, ഷീന ആൻറണി എന്നിവർ പങ്കെടുത്തു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു .

ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടിസ്ഥാന സൗകര്യങ്ങൾക്കായി | - | 21000 (SAFP) 40000 (GVT) 8000 (Local) |
| ചെറുകിട സംരംഭങ്ങൾക്കായി | - | 33000 (SAFP ) |
| മൃഗസംരക്ഷണത്തിനായി | - | 117000 (SAFP ) |
| പെൻഷൻ ഇനത്തിൽ | - | 13000 (GVT.) |
| **ആകെ** | **-** | **232000** |

**DDU-GKY**

കേന്ദ്രഗ്രാമവികസനമന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽ പരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിനുവേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന്ചേർന്ന് നടത്തിവരുന്ന DDU-GKY എന്ന പദ്ധതി യുടെ പഠനപരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട്സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നുവരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ എലെക്ട്രിഷ്യൻ, ബ്യൂട്ടീഷ്യൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്. പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണത്തിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

കഴിഞ്ഞമാസങ്ങളിലായി സംസ്ഥാന സർക്കാരിന്റെ മറ്റൊരു തൊഴിൽപരിശീലനപരിപാടിയായ ASAP കോഴ്സിന്റെ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. കുട്ടികളിലെ കലാകായിക ഗുണങ്ങൾ വളർത്തിയെടുക്കുവാൻ സ്പോർട്സ് അതുപോലെ എല്ലാ മാസങ്ങളിലും സാഹിത്യ സമാജം എന്ന നിലയിൽ കലാമത്സരങ്ങൾ നടത്തി വരുന്നു. ഇൻഡസ്ട്രിയൽ ബ്യൂട്ടീഷ്യൻ എന്ന കോഴ്സ് കംപ്ലീറ്റ് ചെയ്ത വിദ്യാർത്ഥികൾ അവരുടെ OJT (ഓൺ ദി ജോബ് ട്രെയിനിംങ്ങ്) കോഴിക്കോട്, എറണാകുളം, ബാംഗ്ലൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. അതുപോലെ തന്നെ വിവിധ കമ്പനികളുടെ ക്യാമ്പസ് സെലക്ഷൻ നടത്തുകയും വിദ്യാർത്ഥികൾക് ജോലിയും നൽകി വരുന്നു. ഫാബ്രിക്കേഷൻ കോഴ്സിന്റെ ട്രെയിനിങ്ങ് വിജയകരമായി പൂർത്തിയാക്കിയ കുട്ടികൾ OJT പഠനത്തിനായി കേരളത്തിൽ വിവിധ ഇടങ്ങളിൽ അവരുടെ ട്രെയിനിംങ്ങ് നടത്തി വരുന്നു. കുട്ടികളുടെ പഠനകാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാനായി അധ്യാപകരക്ഷാകർതൃ യോഗം വിളിച്ചു ചേർക്കുകയും വിവിധ പഠന പരമായ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയുകയും ചെയ്തു. DDU-GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ വരുന്ന ഫെബ്രുവരി മുതൽ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ എലെക്ട്രിഷ്യൻ, ബ്യൂട്ടീഷ്യൻ, ഫുഡ്പ്രോസ്സസിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി നൽകുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ ടാബ്‌ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്. തൊഴിൽപരമായ പരിശീലനത്തിനു മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾ യാതൊരുവിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

രണ്ടു പതിറ്റാണ്ടുകളായി വിജയകരമായി നടപ്പിലാക്കിവരുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി ജനുവരി മാസവും മികവാർന്ന പ്രവർത്തനങ്ങളിലൂടെയാണ് പിന്നിട്ടത്. രണ്ടായിരത്തി ഇരുപതിന്റെ ആരംഭം തന്നെ, വരുന്ന ഒരു വർഷം ജൈവകാർഷിക രംഗത്തേയ്ക്ക് നൽകാവുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി ക്കൊണ്ടായിരുന്നു. കേവലം 129 കർഷകരുമായി 2000 ത്തിൽ ആരംഭിച്ച പദ്ധതി 2020-ൽ എത്തി നിൽക്കുമ്പോൾ 17293 കർഷകർ അംഗങ്ങളായി എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. ഹരിത വിപ്ലവത്തിലൂടെ ജൈവകൃഷിയിലേക്ക് പറിച്ച് നടുന്നതിൽ അത്ഭുതകരമായ പങ്കു വഹിക്കുവാൻ ഈ പദ്ധതിക്ക് സാധിച്ചു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 213 കർഷകരെകൂടി പദ്ധതിയിൽ ഉൾപ്പെടു ത്തുകയും റീജിയണൽ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പു കളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ 152 വില്ലേജ് ഫ-1 ക്ലബ്ബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളിൽ റീജിയണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**ഓർഗാനിക് സർട്ടിഫിക്കേഷൻ ഓഡിറ്റ്**

ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ പ്രത്യേകത കളിലൊന്ന് ഓരോ വർഷവും നടത്തേണ്ട സാക്ഷ്യപത്രം പുതുക്കലാണ്. അതിനായി സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോൺ ക്വാളിറ്റി സർട്ടിഫിക്കേഷനിൽ നിന്നും ഓഡിറ്റർമാരായ ശ്രീ.മോഹിത് തീവാരി, ശ്രീ.യദു കൃഷ്ണ എന്നിവർ ഓഫീസിലും കൃഷിയിടങ്ങളിലും

പരിശോധന പൂർത്തീകരിക്കുകയും പോരായ്മകൾ കാണിച്ച് തരികയും മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

**കർഷക സെമിനാറുകൾ സംഘടിപ്പിച്ചു**

റീജിയണൽ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലായി 11 സെമിനാറുകൾ സംഘടിപ്പിച്ചു. അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരായ കുമാരി ബിഞ്ചു, ശ്രീ. മിഥുൻ മോഹൻ എന്നിവർ ക്ലാസുകൾ നയിച്ചു. ജൈവ കൃഷി, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ, റെയിൻ ഫോറെസ്റ് സർട്ടിഫിക്കേഷൻ, വിവിധതരം ജൈവവളങ്ങളുടെ നിർമ്മാണം തുടങ്ങിയ വിഷയങ്ങളിലാണ് ക്ലാസുകൾ നടന്നത്. വിളവെടുപ്പ് സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ക്വാളിറ്റി കൺട്രോൾ മാനേജർമാരായ കുമാരി ക്രിസ്റ്റിൻ മരിയ, ശ്രീ. അനിൽ ജോസഫ് എന്നിവർ വിശദമാക്കി. സെമിനാറുകളിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കൽ, ICS കോർഡിനേറ്റർ ശ്രീ.സെബാസ്റ്റ്യൻ പി.ജെ, പർച്ചേസ് മാനേജർ ശ്രീ.ഷാജി ജോസ് എന്നിവർ പങ്കെടുക്കുകയും കർഷകരുടെ ആവശ്യങ്ങൾ കേൾക്കുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. ചെതലയം, മുട്ടിൽ, ഇരുളം, നമ്പിയാർകുന്ന്, വിമലഗിരി, അയ്യൻകൊല്ലി, തവിഞ്ഞാൽ, സീതാമൗണ്ട്, കല്ലോടി, പടമല, ഒലിവുമല എന്നിവിടങ്ങളിലാണ് സെമിനാറുകൾ നടന്നത്.

**കൃഷിയിട സന്ദർശനം**

മെച്ചപ്പെട്ട വിളവ് ലഭിക്കുന്നതിനും കർഷകർ അഭിമുഖീകരിക്കുന്ന രോഗകീടബാധകളെക്കുറിച്ചറിയുന്നതിനുമായി അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ (AEO) കൃഷിയിടങ്ങൾ സന്ദർശനം നടത്തി. വിവിധ പഞ്ചായത്തുകളിലെ മുപ്പതോളം കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ന്യൂനപക്ഷ ഗ്രൂപ്പുകൾക്കായുള്ള പ്രവർത്തനങ്ങൾ**

ഫെയർട്രേഡ് മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കേണ്ട മൈനോരിറ്റി ഗ്രൂപ്പ് ആക്ടിവിറ്റി ജനുവരി മാസം 20, 21 തീയതികളിലായി തൊണ്ടർനാട്, തവിഞ്ഞാൽ എന്നിവിടങ്ങളിലായി യഥാക്രമം വൊഫ, കഫെ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. സംഘടനയിൽ അംഗങ്ങളായ ട്രൈബൽ വിഭാഗത്തിൽ പ്പെടുന്ന 210 കർഷകർ രണ്ടിടങ്ങളിലുമായി പങ്കെടുത്തു. ആദിവാസി നിയമവും പരിരക്ഷയും എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ.ജോസഫ് മാത്യു ക്ലാസ്സുകൾ നൽകി.

തൊണ്ടർനാട് വച്ച് നടന്ന യോഗത്തിൽ 132 കർഷകർ പങ്കെടുത്തു. വൊഫ വൈസ് ചെയർമാൻ ശ്രീ.ചാക്കോ ചെറുപ്ലാവിൽ അധ്യക്ഷനായ യോഗം കുഞ്ഞോം സെന്റ് സെബാസ്ററ്യൻസ് ചർച്ച് വികാരി റവ.ഫാ.സെബിൻ ഐക്കരത്താഴത്ത് ഉദ്ഘാടനം നിർവഹിച്ചു. കോർഡിനേറ്റർ ശ്രീ.വിനീഷ് വണ്ടന്നൂർ, റീജിണൽ കോർഡിനേറ്റർ ശ്രീമതി പ്രജിത, ശ്രീ. ബിബിൻ ജോയ് എന്നിവർ നേതൃത്വം നൽകി. പങ്കെടുത്ത മുഴുവൻ കർഷകർക്കും ടാർപോളിൻ ഷീറ്റ്, കുട എന്നിവ വിതരണം ചെയ്തു.

തവിഞ്ഞാലിൽ വച്ച് നടന്ന യോഗത്തിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ.ബിനു പൈനുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ.ജോസഫ് മാത്യു, ഹെഡ്മാസ്റ്റർ, എടത്തനാ ട്രൈബൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, ശ്രീ.സെബാസ്റ്റ്യൻ പി ജെ ICS കോർഡിനേറ്റർ എന്നിവർ സംസാരിച്ചു. ശ്രീ. ബിബിൻ ജോയ്, റീജിയണൽ കോർഡിനേറ്റർമാരായ ശ്രീ. പ്രദീഷ്, ശ്രീ.അഖിൽ എന്നിവർ പങ്കെടുത്തു. പങ്കെടുക്കാനെത്തിയ മുഴുവനാളുകൾക്കും കുട വിതരണം ചെയ്യുകയും ചെയ്തു.

**കഫെ പ്രത്യേക പൊതുയോഗം**

ജനുവരി 31 നു ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് കഫെ ചെയർമാൻ റവ.ഫാ.ബിജു കോയിക്കാട്ടിലിന്റെ അധ്യക്ഷതയിൽ കഫെ പ്രത്യേക പൊതുയോഗം നടന്നു. സംഘടനയിൽ അംഗങ്ങളായ കർഷകർക്ക് 50% സബ്സിഡി നിരക്കിൽ നീറ്റുകക്ക വിതരണം ചെയ്യുവാൻ യോഗം തീരുമാനിക്കുകയും, 50% തുക കർഷകർ മുൻകൂറായി അടച്ചതിനുശേഷം ഉത്പന്നം വാങ്ങി വിതരണം ചെയ്യുന്നതിന് ധാരണയാക്കുകയും ചെയ്തു.

**സന്ദർശനം**

ബ്രിട്ടൻ, സ്വിറ്റ്സർലാന്റ്, ജർമനി എന്നിവിടങ്ങളിൽ നിന്നും ബയോവിൻ ഉത്പങ്ങൾ വാങ്ങിക്കുന്ന കമ്പനികളുടെ പ്രതിനിധികൾ സന്ദർശനം നടത്തി. അമ്പലവയൽ, കരയ്ക്കാമല, എള്ളുമന്ദം, പടിഞ്ഞാറത്തറ എന്നിവിടങ്ങളിലെ കർഷകരെ നേരിട്ട് കാണുകയും കൃഷിയിടങ്ങളും പ്രൊസ്സസിംഗ് യൂണിറ്റും സന്ദർശിക്കുകയും ചെയ്തു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജനുവരി മാസം ഉണക്ക കാപ്പി കിലോയ്ക്ക് 80 രൂപ നിരക്കിൽ 262000 കിലോയും, പച്ച കാപ്പി കിലോയ്ക്ക് 30 രൂപ നിരക്കിൽ 44000 കിലോയും, ഉണക്ക കുരുമുളക് കിലോയ്ക്ക് 385 രൂപ

നിരക്കിൽ 1476 കിലോയും, പച്ച കുരുമുളക് കിലോയ്ക്ക് 120 രൂപ നിരക്കിൽ 159 കിലോയും, 400 രൂപ നിരക്കിൽ 275 കിലോ കറുവപ്പട്ടയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 122000 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 72 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസ്സിസിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസ്സസിംഗ് സെന്റർ ജനുവരി മാസം കാപ്പി, മഞ്ഞൾ, ഇഞ്ചി, കുരുമുളക്, കറുവപ്പട്ട, ഗ്രാമ്പൂ തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 415 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

മാനന്തവാടി രൂപതയിലെ നീലഗിരി റീജണിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**1. മേഖലാ ഇവാലുവേഷൻ**

എല്ലാമാസവും രണ്ടാം ശനിയാഴ്ച റീജണൽ സെന്ററിൽവെച്ച് യൂണിറ്റ് പ്രവർത്തനങ്ങളുടെ മേഖലാ ഇവാലുവേഷൻ നടക്കുന്നു. മാസംതോറുമുള്ള പ്രവർത്തനങ്ങളുടെ വിശകലനവും ചർച്ചയും മറ്റ് യൂണിറ്റുകൾക്ക് ഉപകാരപ്രദമായി മാറുകയും കൂടുതൽ മികവോടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സാധിക്കുന്നു. ജനുവരി മാസം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച വിമലഗിരി യൂണിറ്റിനും കൽപ്ര യൂണിറ്റിനും പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു. അതോടൊപ്പം തന്നെ മാസം തോറുമുള്ള കണക്ക് ഓഡിറ്റ് റിപ്പോർട്ടുകളും യൂണിറ്റുകൾ അവതരിപ്പിക്കുന്നു.

**2. പുതിയ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം**

തമിഴ്നാടിന്റെ തനിമയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 150 ഓളം പുതിയ തമിഴ് SHG ഗ്രൂപ്പുകൾ നിലവിൽ വന്നു. ദേവാല, നാടുകാണി, ഗൂഡല്ലൂർ, അട്ടി എന്നീ പ്രദേശങ്ങളിലെ വനിതകളുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 04.02.2020 ന് SHG വനിതാ കോഡിനേറ്റർമാരുടെ മീറ്റിംഗ് സംഘടിപ്പിക്കുകയും ഈ വർഷത്തെ വനിതാ ദിനത്തോടനുബന്ധിച്ച് ചെയ്യേണ്ട പരിപാടികളെകുറിച്ച് ചർച്ച നടത്തുകയും ചെയ്തു. മീറ്റിംഗിൽ 18 ആളുകൾ പങ്കെടുത്തു.

**3. നബാർഡ് AGM വിസിറ്റ്**

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയും നബാർഡും സംയുക്തമായി നടത്തുന്ന ജൈവകൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായുള്ള ഇൻസ്പെക്ഷൻ വിസിറ്റ് 13.02.2020 –ന് നടന്നു. നബാർഡ് കോയമ്പത്തൂർ AGMG. ഇസാക്കി മുത്തു ഓഫീസ് സന്ദർശിക്കുകയും

ഭാവി പദ്ധതികളെകുറിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൈവകൃഷി പദ്ധതികൾ നേരിട്ട് മനസ്സിലാക്കുന്നതിനായി വിമലഗിരി പ്രദേശത്തെ കർഷകരെ സന്ദർശിച്ചു.

**4. കോഫി Procurement**

ബയോവിൻ ജൈവകൃഷി പദ്ധതിയിൽ അംഗമായിട്ടുള്ള ചെറുമൂള്ളി പഞ്ചായത്തിലെ കർഷകരിൽ നിന്നും 68+4 എന്ന നിരക്കിൽ 20 ടണ്ണോളം കാപ്പി ആദ്യഘട്ടമായി സംഭരിച്ചു. NDS അംഗങ്ങളായ ധാരാളം കർഷകർക്ക് പുത്തൻ ഉണർവ്വ് നൽകുന്ന ഈ പദ്ധതിയിൽ ധാരാളം ആളുകൾ താല്പര്യത്തോടെ കടന്ന് വരുന്നു.

**5. റീജിയണൽ മീറ്റിംഗ്**

12.02.2020 ന് NDS ഓഫീസിൽ വെച്ച് നടന്ന റീജിയണൽ മീറ്റിംഗിൽ NDS ന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കുകയും ഭാവി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതി കളെകുറിച്ച് നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തു. യോഗത്തിൽ 62 പേർ സന്നിഹിതരായിരുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലും ആനിമേറ്റർ സിസ്റ്റർമാരെ നിയമിക്കാൻ നിർദ്ദേശമുണ്ടായി. 2020 വർഷം കൂടുതൽ മികവോടെ പ്രവർത്തിക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് യോഗം അവസാനിച്ചു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

## കത്തോലിക്ക കോൺഗ്രസ്സ് കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തല സമിതി/ഹെൽപ് ഡെസ്ക് രൂപീകരണം

പ്രിയ കത്തോലിക്ക കോൺഗ്രസ്സ് കുടുംബാംഗങ്ങളെ,

പഞ്ചായത്ത് ഹെൽപ് ഡെസ്ക് വഴി നാം ലക്ഷ്യം വെക്കുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

വിവിധ സർക്കാർ വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവയി ലൂടെയും, കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും ഉള്ള വിവിധ പദ്ധതികൾ യഥാസമയം ജാതിമതഭേദം ഇല്ലാതെ അർഹത പ്പെട്ടവരിൽ എത്തിക്കുവാൻ പഞ്ചായത്ത് തല സമിതിക്ക് കഴിയും.

വിവിധ തൊഴിലവസരങ്ങൾ, തൊഴിൽ സാധ്യതകൾ, അവയ്ക്ക് വേണ്ട പരിശീലനങ്ങൾ, സ്റ്റൈപ്പന്റുകൾ, സബ്സിഡികൾ തുടങ്ങിയവ കൾ സംബന്ധിച്ച വിവരങ്ങൾ, കർഷക കൂട്ടായ്മയായ ജെ.എൽ.ജി. - എസ്സ്.എച്ച്. ജി (JLG, SHG) എന്നീ സംവിധാനത്തിലൂടെ ലഭിക്കുന്ന പ്രോത്സാഹനങ്ങളും, അവയുടെ രൂപീകരണവും പ്രവർത്തന ഏകീകരണവും തുടങ്ങി നിരവധി കാര്യങ്ങളും ഹെൽപ്പ് ഡെസ്കിലൂടെ ലക്ഷ്യമിടുന്നു.

സർക്കാരുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലൂടെയും, അർദ്ധസർക്കാർ സംവിധാനങ്ങളിലൂടെയും, സർക്കാരിതര സംവിധാന ങ്ങൾ തുടങ്ങിയവയിലൂടെ കർഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, ജെ.എൽ.ജി.കൾ, എസ്.എച്ച്.ജി.കൾ തുടങ്ങിയവരിലൂടെയും ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവരിൽ എത്തിക്കുക എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് ഹെൽപ്പ് ഡെസ്കുകൾ രൂപീകരിക്കുന്നത്.

കൂടാതെ നബാർഡ്, കാർഷിക സർവകലാശാല, കൃഷിവകുപ്പ് വെറ്റിനറി സർവകലാശാല, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് (NIAD), വിവിധ ഗവേഷണ വകുപ്പുകൾ, യുവജനകമ്മീഷൻ, ന്യൂനപക്ഷ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് എസ്.എഫ്.എ.സി, ഡി.റ്റി.റ്റി.സി, മുദ്ര തുടങ്ങി നിരവധി സംവിധാനങ്ങളിലൂടെ ജനങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ എത്തിക്കു ന്നതിനുള്ള സംവിധാനമായി ഇത് പ്രവർത്തിക്കും. കൃഷി,

കുടിൽവ്യവസായം, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം, പുതിയസംരംഭങ്ങൾ, വിപണനം, സ്വയംതൊഴിൽ തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനവും, ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാമ്പത്തിക പിൻതുണ എത്തിക്കുന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു.

കേന്ദ്രതലത്തിൽ, എറണാകുളം ഓഫീസുമായി ബന്ധപ്പെട്ട് ഈ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതും, വിവിധ ധനസഹായങ്ങൾ സബ് ്സിഡികൾ, ഗ്രാന്റുകൾ തുടങ്ങിയവ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതും കൃത്യമായ പിന്തുണയും, പ്രോത്സാഹനങ്ങളും ഹെൽപ്പ് ഡെസ്ക്കുകൾ നൽകുന്നതുമാണ്. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന വിവരശേഖരണത്തിൽ നിന്നുമുള്ള അറിവുകൾ ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതാണ്.

ജനാധിപത്യരാജ്യത്ത് നമ്മൾ രാഷ്ട്രീയമായി അപ്രസക്ത മാവുന്നു എന്ന വിലയിരുത്തൽ ഉള്ളതിനാൽ, പ്രാദേശികമായി നമ്മുടെ സമുദായം അവഗണിക്കപ്പെടാതിരിക്കുവാനുള്ള കൂടിയാലോചന കൾക്കു ഈ ഹെൽപ് ഡെസ്ക് ഉപകരിക്കും.

**പഞ്ചായത്ത് ഹെൽപ്പ് ഡെസ്ക് ഭാരവാഹികളുടെ ചുമതലകൾ**

**ജനറൽ കൺവീനർ**

പഞ്ചായത്ത് തല ഹെൽപ് ഡെസ്കുമായി ബന്ധപ്പെട്ട കാര്യ ങ്ങളുടെ മൊത്തത്തിലുള്ള മേൽനോട്ടവും, അവലോകനവും, പ്രവർത്തനങ്ങളും കൃത്യതയോടെ ഉറപ്പുവരുത്തുക, രൂപതാ ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടുക.

**കൺവീനർ**

ഹെൽപ്പ് ഡെസ്ക് യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക, യൂണിറ്റ് ഭാരവാഹികൾ, പഞ്ചായത്ത് അംഗങ്ങൾ, വിദഗ്ധർ തുടങ്ങിയവരുമായി യഥാസമയം ബന്ധപ്പെടുക, ബോധവൽക്കരണ സെമിനാറുകൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ കൺവീനറുടെ ചുമതല ആയിരിക്കും.

**കോ-ഓർഡിനേറ്റർ**

പഞ്ചായത്തുകളിൽ നിന്നും, മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, അവ ഏതെല്ലാം വകുപ്പുകളിൽ ഉൾപ്പെടുന്നു, ഹെൽപ്പ് ഡെസ്കിലെ ഏത് അംഗങ്ങൾ ആയിരിക്കണം ഓരോ വിഭാഗങ്ങളും/ വകുപ്പുകൾ കൈകാര്യം ചെയ്യേണ്ടത്, ഏതെല്ലാം

ഓഫീസുകളെയാണ് ബന്ധപ്പെടേണ്ടത്, ഹെൽപ് ഡെസ്കിൽ നിന്നും സഹായം ആവശ്യപ്പെട്ട് എത്തുന്നവരെ നിരന്തരം ബന്ധപ്പെടുക തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കേണ്ടത് കോഓർഡിനേറ്റർ ആയിരിക്കും.

**ട്രഷറർ**

സാമ്പത്തികമായ എല്ലാ കാര്യങ്ങളും നിർവഹിക്കും. ഓരോ ഭാരവാഹിയും നിർവഹിക്കേണ്ട ചുമതലകളും ഹെൽപ്പ് ഡെസ്ക് പ്രവർത്തനരീതിയും സംബന്ധിച്ച് വിശദമായ വിവരങ്ങളും രേഖകളും, ഹെൽപ് ഡെസ്കിനായി നൽകുന്ന വിഷൻ 20-25 വർക്ക് ഷോപ്പിൽ വെച്ച് നൽകുന്നതായിരിക്കും.

**വർക്കി നിരപ്പേൽ**
രൂപത ജനറൽ സെക്രട്ടറി

## അറിയിപ്പുകൾ



ക്രിസ്തുദാസി സമൂഹം മഞ്ഞൂറ St. Monica's Convent - ൽ നടത്തിവന്നിരുന്ന Cassock Stitching 11-2-2020 - മുതൽ ക്രിസ്തുദാസി മദർ ഹൗസിലേക്ക് മാറ്റിയതായി അറിയിക്കുന്നു. Contact No. 8590272332

**Sr.Alice SKD**
Sister General

**മാനേജ്മെന്റ് കമ്മിറ്റി**

റേഡിയോമാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി യോഗം ഫെബ്രുവരി 8-ന് ഉച്ചകഴിഞ്ഞ് 2.30 ന് മാറ്റൊലിയിൽ വച്ച് ചേർന്നു. റേഡിയോ മാറ്റൊലി ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ലോക റേഡിയോ ദിനാചരണത്തെക്കുറിച്ചും 2020 – ൽ റേഡിയോമാറ്റൊലി ശ്രോതാക്കൾക്കായ് അവതരിപ്പിക്കുന്ന വിവിധ പരിപാടികളേക്കുറിച്ചും അന്താരാഷ്ട്ര റേഡിയോ നാടകോത്സവം, മനുഷ്യാവകാശ പുരസ്കാരം എന്നിവയെക്കുറിച്ചും ചർച്ച ചെയ്തു.

**ലോക റേഡിയോ ദിനാചരണം**

ലോക റേഡിയോ ദിനമായ ഫെബ്രുവരി 13-ന് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി വൈവിധ്യമുള്ള റേഡിയോകൾ കാണാനും കൂടുതൽ മനസ്സിലാക്കാനുമുള്ള അവസരം ഒരുക്കി. ഉച്ചകഴിഞ്ഞ് 3-ന് നടന്ന ദിനാചരണ സമ്മേളനം എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷാവിജയൻ ഉദ്ഘാടനം ചെയ്തു. റേഡിയോമാറ്റൊലി ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജില്ല കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ പി. ശാന്തി മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. റേഡിയോ മാറ്റൊലിയുടെ 11-ാം വർഷത്തിൽ മാറ്റൊലി ആരംഭിക്കുന്ന വൈവിധ്യങ്ങളായ പുതിയ 9 പ്രോഗ്രാമുകളുടെ ഉദ്ഘാടനം WSSS ഡയറക്ടർ റവ.ഫാ.പോൾ കൂട്ടാലയും പ്രോഗ്രാമുകളുടെ ഓഡിയോ ലോഞ്ചിംഗ് മോൺ. അബ്രാഹം നെല്ലിക്കലും നിർവ്വഹിച്ചു. നഴ്സുമാരെ പരിചയപ്പെടുത്തുന്ന പരിപാടിയായ കരസ്പർശം, ആശാരിമാർ, മേസ്തിരിമാർ തുടങ്ങിയവരുടെ തൊഴിൽ അനുഭവങ്ങളും വെല്ലുവിളികളും പരിചയപ്പെടുത്തുന്ന പരിപാടി ശില്പചാരുത, എഴുത്തുകാരെയും സൃഷ്ടികളേയും പരിചയപ്പെടുത്തുന്ന പരിപാടി തൂലിക, ഭിന്നശേഷിക്കാരെയും അവരിലെ സർഗ്ഗശേഷിയേയും അടയാളപ്പെടുത്തുന്ന പരിപാടിയായ കിരണങ്ങൾ, പാലിയേറ്റീവ് സംഘങ്ങളെയും പ്രവർത്തനങ്ങളേയും പരിചയപ്പെടുത്തുന്ന സ്വാന്തനം, ഗ്രന്ഥശാലകളെ പരിചയപ്പെടുത്തുന്ന അക്ഷരഗോപുരങ്ങൾ, ആനുകാലിക സാഹിത്യ സൃഷ്ടികൾ

പരിചയപ്പെടുത്തുന്ന ആഴ്ചവട്ടം, തനത് കലാരൂപങ്ങളെ പരിചയപ്പെടുത്തുന്ന തനിമ പാട്ടുവണ്ടി എന്നീ പരിപാടികളാണ് മാറ്റൊലി ഈ വർഷം ശ്രോതാക്കൾക്കായി ഒരുക്കിയിരിക്കുന്നത്. കൂടാതെ റേഡിയോ മാറ്റൊലി എക്സ്പേർട്ട് വൊളണ്ടിയർ ആയിരുന്ന എം.പി. ജോസഫ് മാസ്റ്ററുടെ അനുസ്മരണാർത്ഥം നടത്തുന്ന അന്താരാഷ്ട്ര നാടകോത്സവം, മനുഷ്യാവകാശ പ്രവർത്തകനുള്ള പുരസ്കാരം എന്നിവയുടെ പ്രഖ്യാപനവും റേഡിയോദിനത്തോടനുബന്ധിച്ചു നടത്തി. വിവിധ അവാർഡ് ജേതാക്കളെ ആദരിക്കലും നടത്തി. ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ റേഡിയോ എക്സിബിഷനും അവാർഡുകളുടെ പ്രദർശനവും കാണാനും ശ്രോതാക്കൾക്ക് റേഡിയോയുടെ പ്രവർത്തനവും അണിയറ പ്രവർത്തകരെയും പരിചയപെടുന്നതിനും 500 ഓളം ആളുകൾ മാറ്റൊലി സന്ദർശിച്ചു. കൂടാതെ ധാരാളം സ്ക്കൂൾ വിദ്യാർത്ഥികളും പ്രദർശനം കാണാനെത്തി.

**പ്രഥമ അന്താരാഷ്ട്ര റേഡിയോ നാടകോത്സവം**

കമ്മ്യൂണിറ്റി റേഡിയോമാറ്റൊലി പ്രഥമ അന്താരാഷ്ട്ര റേഡിയോ നാടകോത്സവം സംഘടിപ്പിക്കുന്നു. മാറ്റൊലിയുടെ ആരംഭം മുതൽ തന്നെ ചേർന്ന് പ്രവർത്തിച്ച എക്സ്പെർട്ട് വളണ്ടിയർ എം.പി. ജോസഫ് മാസ്റ്ററുടെ അനുസ്മരണാർത്ഥം ആണ് നാടകോത്സവം സംഘടിപ്പിക്കുന്നത്. 30 മിനിറ്റിൽ കവിയാത്ത മലയാള നാടകങ്ങളാണ് മത്സരത്തിന് പരിഗണിക്കുക. പ്രത്യേകിച്ച് ഏതെങ്കിലും മതത്തെയോ രാഷ്ട്രീയത്തെയോ പേരെടുത്ത് പരാമർശിക്കുവാനോ മുറിവേൽപ്പിക്കാനോ പാടില്ല. ഒരു വ്യക്തിക്കോ, സ്ഥാപനത്തിനോ, സമിതികൾക്കോ മൂന്ന് റേഡിയോ നാടകങ്ങൾ വരെ മത്സരത്തിലേക്ക് അയക്കാം. അയക്കുന്ന നാടകങ്ങളുടെ ഓഡിയോ ഫയലിന്റെ വ്യക്തത ഉറപ്പാക്കണം. അല്ലാത്ത ഫയലുകൾ സ്വീകരിക്കുന്നതായിരിക്കില്ല. നാടകങ്ങൾ Email ആയോ Whatsapp ആയോ DVD ആയോ സമർപ്പിക്കാം. നാടകം ലഭിക്കേണ്ട അവസാന തിയ്യതി 2020 ഏപ്രിൽ 30 ആണ് . 2020 ജൂൺ ഒന്നിന് നാടകപുരസ്കാരങ്ങൾ വിതരണം ചെയ്യും. മികച്ച ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന നാടകങ്ങൾക്ക് യഥാക്രമം 15000, 10000, 5000 രൂപ വീതം സമ്മാനങ്ങൾ നൽകും. കൂടാതെ മികച്ച സംവിധായകൻ, ശബ്ദമിശ്രണം, മികച്ച നടൻ, നടി എന്നിവയ്ക്ക് 2500 രൂപയുടെ ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും നൽകും. നാടകങ്ങൾ അയയ്ക്കേണ്ട വിലാസം കൺവീനർ, അന്താരാഷ്ട്ര റേഡിയോ നാടകോത്സവം, കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി, നല്ലൂർനാട് പി.ഓ, ദ്വാരക, 670645, Email- radiomattoli@gmail.com Whatsapp number: 9446034422.

**മനുഷ്യാവകാശ പുരസ്കാരം അപേക്ഷ ക്ഷണിച്ചു**

ജില്ലയിൽ മനുഷ്യാവകാശ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തിക്കോ സംഘടനയ്ക്കോ നല്കുന്ന മനുഷ്യാവകാശ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. റേഡിയോ മാറ്റൊലിയുടെ സ്ഥാപക ഡയറക്ടർ റവ.ഫാ.ഡോ തോമസ് ജോസഫ് തേരകം നൽകുന്ന അവാർഡാണിത്. അവാർഡിനുള്ള നോമിനേഷനുകൾ വ്യക്തികൾക്കോ സംഘടനകൾക്കോ നേരിട്ടോ മറ്റ് വ്യക്തികൾ മുഖാന്തരമോ സമർപ്പിക്കാവുന്നതാണ്. ജീവകാരുണ്യപ്രവർത്തനങ്ങൾ മനുഷ്യാവകാശ പ്രവർത്തനങ്ങളായി പരിഗണിക്കുന്നതല്ല. തീവ്രവാദസ്വഭാവമുള്ള സംഘടനകളുടെ നോമിനേഷനുകളും ഇത്തരം സംഘടനകളുമായി നോമിനേഷൻ സമർപ്പിക്കുന്ന വ്യക്തിക്ക് ബന്ധമുണ്ടെന്ന് തെളിഞ്ഞാൽ പ്രസ്തുത നോമിനേഷനുകൾ നിരസിക്കുന്നതാണ്. മനുഷ്യാവകാശ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും മറ്റ് രേഖകളും സമർപ്പിക്കുന്നതോടൊപ്പം വ്യക്തിയുടെ/സംഘടനയുടെ പൂർണ്ണവിലാസം ഉണ്ടായിരിക്കണം. നോമിനേഷനുകൾ ഏപ്രിൽ 30 – നകം റേഡിയോ മാറ്റൊലിയിൽ നേരിട്ട് എത്തിക്കുകയോ തപാൽ മുഖാന്തിരം അയക്കുകയോ ചെയ്യാം. മികച്ച മനുഷ്യാവകാശ പ്രവർത്തനം നടത്തിയ വ്യക്തിക്കോ സംഘടനയ്ക്കോ പതിനായിരം രൂപയുടെ ക്യാഷ് അവാർഡും ശില്പവും സർട്ടിഫിക്കറ്റും നൽകുന്നതാണ്. മികച്ച മനുഷ്യാവകാശപ്രവർത്തനം വിലയിരുത്തുവാൻ രൂപീകരിച്ച ഒരു ജൂറി ടീം ഉണ്ടായിരിക്കുന്നതാണ്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

**ലോക റേഡിയോദിനാഘോഷം – ഡൽഹി**

Indira Gandhi National Centre for the Arts, New Delhi യിൽ ഫെബ്രുവരി 13 നു നടന്ന ലോക റേഡിയോത്സവത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു പങ്കെടുത്തു. Tune in the Future എന്ന തീം അടിസ്ഥാനമാക്കിയാണ് സെമിനാർ സംഘടിപ്പിച്ചത്. ഇതോടനുബന്ധിച്ച് 14 നു സംഘടിപ്പിച്ച 'Digital Media Literacy'എന്ന ശില്പശാലയിലും ഫാ.ജസ്റ്റിൻ പങ്കെടുത്തു.

**ലോക ക്യാൻസർ ദിനാചരണം**

ലോക ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി നല്ലൂർനാട് അംബേദ്കർ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നാലാംമൈൽ മുതൽ ദ്വാരക വരെ സംഘടിപ്പിച്ച ക്യാൻസർ ബോധവത്കരണ മനുഷ്യച്ചങ്ങലയിൽ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി, പ്രോഗ്രാം പ്രൊഡ്യൂസർ ശ്രീ. ജോസഫ് പള്ളത്ത് എന്നിവർ പങ്കെടുത്തു.

**ഗ്രാമ മാറ്റൊലി**

ഗ്രാമ പ്രദേശങ്ങളിൽ പോയി അവിടെയുള്ള പൊതുജനങ്ങളെ ഉൾപ്പെടുത്തി പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്യുന്ന ഗ്രാമമാറ്റൊലി ഫെബ്രുവരി 8 ന് തൃക്കൈപ്പറ്റ ഗ്രാമത്തിൽ സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു, റെനീഷ് ആര്യപ്പിള്ളി, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് എന്നിവർ നേതൃത്വം നല്കി.

**തത്സമയ പരിപാടികൾ**

ആദിവാസികളുടെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും എന്ന വിഷയത്തിൽ ഫെബ്രുവരി 5–ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ITDP project Officer കെ.സി ചെറിയാൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

ആയുർവ്വേദവും വിവിധ പദ്ധതികളും എന്ന വിഷയത്തിൽ ഫെബ്രുവരി 14 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ആയുർവ്വേദ ഡി.എം.ഓ ഡോ.വി.എസ് ശ്രീകുമാർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**സന്ദർശനം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സാമൂഹ്യ വികസന മേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് എത്തിയ മുബൈ യൂണിവേഴ്സിറ്റിയിലെ 26 എംഎസ്ഡബ്ല്യൂ വിദ്യാർത്ഥികൾ റേഡിയോമാറ്റൊലി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസിലാക്കുകയും ചെയ്തു.

മുൻ സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേനിന്റെ നേതൃത്വത്തിൽ കൗൺസിലേഴ്സിന്റെ സംഘം മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജിലെ എം.സി.ജെ 2–ാം വർഷം വിദ്യാർത്ഥികളായ മൊറാർജി ആർ ചന്ദ്രൻ, മെൽബിൻ ജോസ്, കോഴിക്കോട് കെ.എസ്.ജെ കോളേജ് മൂന്നാം വർഷ ബി.സി.ജെ വിദ്യാർത്ഥിയായ അഖില ഷാജി എന്നിവർ ഒരു മാസത്തെ ഇന്റേൺഷിപ്പിനു ചേർന്നു.

**പഠനസന്ദർശനം**

P.M.S.T Arts & Science College Kondoor, S.N.M.H.S.S Parappanangadi, Mar Agasthinose College Ramapuram, E.M.E.A.H.S.S Kondotty എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

*"ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു, എന്റെ പ്രാർത്ഥനകേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു".* (സങ്കീ.118: 5)

പലവിധ കാരണങ്ങളാൽ ജയിലുകളിൽ കഴിയുന്ന സഹോദരങ്ങളിലേക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശവുമായി യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ പതിവായി കടന്നു ചെല്ലുന്നു. ഇപ്രകാരമുള്ള ജയിൽ സന്ദർശനങ്ങൾ ഓരോ നിമിഷവും പ്രയാസങ്ങൾ അനുഭവിക്കുന്ന തടവറമക്കൾക്ക് മാനസികവും ശാരീരികവും ആത്മീയവുമായ ഉണർവ് നൽകുന്നു. കൂടാതെ തടവറയിൽ കഴിയുന്നവരുമായി അകന്നു നിൽക്കുന്ന കുടുംബാംഗങ്ങളുമായി സംസാരിച്ച് അവരെ സന്ദർശിക്കുവാനും അവർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുവാനും പ്രേരിപ്പിക്കുന്നു. എസ്.എച്ച്, എഫ്.സി.സി സിസ്റ്റേഴ്സ് നടത്തുന്ന കൗൺസിലിംഗ് തടവുകാരുടെ മാനസിക പിരിമുറുക്കം കുറയ്ക്കാനും നേരായവഴി തിരഞ്ഞെടുക്കാനും സഹായകരമാകുന്നു.

മാനന്തവാടി ജില്ലാ ജയിലിൽ ജനുവരി 31 ന് സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്സ് ഓഫ് ലിയോൺസിന്റെ (ചെറുകാട്ടൂർ) നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. കലാപരിപാടികൾക്ക് നേതൃത്വം നൽകിയ എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. തുടർന്നും ജയിലുകൾ സന്ദർശിക്കുവാനും കലാപരിപാടികൾ അവതരിപ്പിച്ച് തടവറമക്കൾക്ക് മാനസിക ഉന്മേഷം നൽകാനും ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**January - February-2020**

1. A three day district science program named 'Sasthrapadam 2020' was organized by the Department of Physics for plus 1 students of Wayanad, from 24th to 26th Jan 46 students participated in the programme. The programme was funded by Samagra Shiksha Kerala.
2. College organized a programme on 27th Jan 2020 to felicitate Capt. Dr. Rajeev Thomas, who won the Defense Ministers commendation card for the flood related activities in 2018-19
3. The Department of English inaugurated the English Association .
4. The Health Ministry, Govt. of Kerala organized a medical checkup for the staff on 29th Jan 2020. The Primary Health Centre, Kurukkanmoola conducted the programme.
5. The Revenue Department conducted a Constitution Awareness Quiz programme as part of National Voters Day (Jan 25th). National voters day was observed and an awareness campaign was conducted by the district Administration. Mr Tovino Thomas a noted film star inaugurated the programme and released the logo for the college fest on 31st Jan 2020.
6. A seminar on 'Role of youth in conflict resolution & Peace building' was organized by Neethi Vedhi and Mary Matha Art & Science college on 3rd &4th Feb 2020 and 80 student participated from various colleges. 27 of our students participated in the seminar.
7. Mary Matha Fest: - A tech-fest was organized for all departments on 6th and 7th Feb 2020. Various departments also inaugurated their Associations. Mary Matha fest was inaugurated by Master Dwain Ben & Ms Daviya Ben, noted child artists.

8. Academic Excellence Day 2020 was celebrated on 10th Feb 2020. The function was inaugurated by Mar Jose Porunnedam, the Bishop of Mananthavady, and Dr K T Varkey, the founder principal of the college was the chief guest. In the function Dr K T Varkey honored Captain Dr Rajeev Thomas, Defence Ministers' commendation card winner. Mr Don Benny, Mr Joji Jose, Mr Aswin Prasad were also honoured for their achievements Mr Don Benny participated in the RD Parade at New Delhi, Mr Joji Jose participated in the Thal Sainik Camp at New Delhi and won gold medal. Mr Aswin Prasad won DGNCC commendation card. Ms Amrutha E P who won 8th position in the National Power lifting and The Best Outgoing students Ms Midhuna & Ms Anusha were awarded medals in the function. This year's luminous aluminous Mr Sarath Sasi was presented with a memento. Proficiency prizes were also distributed in the function.
9. Srumitha Y S of Department of Physics has been selected to participate in the NSS National Integration Camp.
10. On 11th Feb 2020 Goan institute international consortium of education PVT Ltd (GICE) conducted the final round of the recruitment session for those who cleared the second round. Nine of our students got placed as Skill Development Faculty Trainer in GICE.
11. Fit India movement, action taken report of January 2020 was uploaded in the required portal on 13th Feb 2020.
12. As a part of National Science Day (Feb.28) a seminar competition on 'Women In Science', (this year's theme on science day) was organized on 14th Feb 2020. Mr Selvarajan L, Additional Secretary to Govt. (Rtd), was the resource person. Winners were awarded certificates.
13. Department of commerce organized career orientation class and recruitment campaign for the students of III Bcom on 15th February 2020.

**Dr Maria Martin Joseph**
Principal

**സ്കോളർഷിപ്പ് പരീക്ഷ**

കെ.സി.ബി.സി യുടെ ആഭിമുഖ്യത്തിൽ നടന്ന സ്കോളർഷിപ്പ് പരീക്ഷ മാനന്തവാടി കോർപ്പറേറ്റിനു കീഴിൽ മാനന്തവാടി സെന്റ് ജോസഫ് റ്റി.റ്റി.ഐ, ബത്തേരി അസംപ്ഷൻ യു.പി സ്ക്കൂൾ, മണിമൂളി സി.കെ.എച്ച്.എസ് എന്നിവിടങ്ങളിൽ വച്ച് നടന്നു. പരീക്ഷക്ക് നേതൃത്വം നല്കിയ പ്രധാനാധ്യാപകർക്കും സഹകരിച്ച അധ്യാപകർക്കും നന്ദി.

**പ്രധാനാധ്യാപക നിയമന കൂടിക്കാഴ്ച**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2020-2021 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക പ്രമോഷന് നിശ്ചിത ഫോറത്തിലും, കോർപ്പറേറ്റ് വെബ് പോർട്ടലിലും അപേക്ഷ നൽകിയവർക്ക് പ്രധാനാധ്യാപക നിയമനമാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖം മാർച്ച് 21 ശനിയാഴ്ച കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെടുന്നതാണ്.

**സീഡോം കൺവെൻഷൻ (സദ്ഗമയ 2020) മെയ് 09 ന്**

2020 മേയ് മാസം 09-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് സ്ക്കൂൾ ജീവനക്കാരുടെ ഒരു ഏകദിന സംഗമം നടത്തുകയാണ്. നമ്മുടെ സ്ക്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപകശ്രേഷ്ഠർക്ക് ഉപഹാര സമർപ്പണവും, സ്ക്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡുദാന ചടങ്ങും നടത്തപ്പെടുന്നതാണ്. നമ്മുടെ ഈ **'കോർപ്പറേറ്റ് കുടുംബക്കൂട്ടായ്മ**' യിലേയ്ക്ക് എല്ലാ ജീവനക്കാരെയും പ്രത്യേകം ക്ഷണിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**ദേവമാത എ. എൽ. പി. സ്ക്കൂൾ കബ്ബ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു**

ആടിക്കൊല്ലി ദേവമാത എ.എൽ.പി. സ്ക്കൂളിൽ സ്കൗട്ടിന്റെ എൽ.പി.വിഭാഗം ഗ്രൂപ്പായ കബ്ബ് യൂണിറ്റിന്റെ ഉദ്ഘാടനം വയനാട് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ ജില്ലാ പ്രസിഡന്റ് ശ്രീ. ജോസ് പുന്നക്കുഴി നിർവഹിച്ചു. പി.ടി.എ. പ്രസിഡന്റ് ശ്രീ. അൻസാജ് ആന്റണി അദ്ധ്യക്ഷനായ യോഗത്തിന് ഹെഡ്മാസ്റ്റർ കെ.ജെ. ജോസഫ് സ്വാഗതം ആശംസിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് കെ.കെ.നാരായണൻ മുഖ്യ പ്രഭാഷണം നടത്തി. ജാസ്മിൻ മാത്യു, സീന ബിനു, ജൂബി സി. ജി., ജയേഷ് ജോസ്, സി.ഷെറിൻ വി.എ, ക്രിസ് മാത്യു എന്നിവർ പ്രസംഗിച്ചു.

**ഫാ. ബിജു പൊൻപാറക്കൽ** - കോർപ്പറേറ്റ് മാനേജർ

**ആഗോള രോഗീദിനം**

ലൂർദ് മാതാവിന്റെ തിരുനാൾ ദിവസമായ ഫെബ്രുവരി 11-ന് തിരുസഭയിൽ ആഗോള രോഗീദിനമായി കൊണ്ടാടുന്നു. അന്നേ ദിവസം സെന്റ് ജോസഫ്സ് മിഷൻ ആശുപത്രിയിൽ വന്ന എല്ലാ രോഗികൾക്കും ഡോക്ടർമാരുടെ സേവനം സൗജന്യമായി നൽകി. 330 രോഗികൾക്ക് ഈ സേവനം നൽകാൻ സാധിച്ചു. വളരെ അത്യാവശ്യ ഘട്ടത്തിലുള്ള ആളുകൾക്ക് ഡോക്ടേഴ്സിന്റെ നിർദ്ദേശപ്രകാരം ചില മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്തു. രോഗികളായവർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

**ആസ്തമാ അലർജി ക്യാമ്പ്**

2020 ജനുവരി 20-ാം തിയ്യതി സെന്റ് ജോസഫ്സ് മിഷൻ ആശുപത്രിയിൽ വച്ച് ആസ്തമ അലർജി ക്യാമ്പ് നടത്തപ്പെട്ടു. വലിയ ചിലവ് വരാവുന്ന ശ്വാസകോശ പരിശോധനകളായ സ്പൈറോമെട്രി, ബ്രീത്തോ മീറ്റർ ടെസ്റ്റുകൾ അന്ന് സൗജന്യമായി നൽകി. ആദ്യം ബുക്ക് ചെയ്ത 50 പേർക്കാണ് ഈ സേവനം നൽകാൻ സാധിച്ചത്.

**കൊറോണ വൈറസ് ബോധവൽക്കരണ ക്ലാസ്സ്**

കൺറ്റിന്യൂസ് നേഴ്സസ് എഡ്യുക്കേഷൻ (സി.എൻ.ഇ) ന്റെ ഭാഗമായി 2020 ഫെബ്രുവരി 12-ാം തിയ്യതി 'കൊറോണ വൈറസിന്റെ വ്യാപനവും അതിന്റെ പ്രത്യാഘാതങ്ങളും' എന്ന വിഷയത്തിൽ മെഡിക്കൽ സൂപ്രണ്ട് ഡോ.സി.ആനി തോമസും നേഴ്സിങ്ങ് സൂപ്രണ്ട് സി.സോണിയ സി.എം.സി യും രണ്ട് വിഭാഗങ്ങളിലായി ക്ലാസ്സുകൾ എടുത്തു.

**ക്രിസ്തുമസ് ഈവ് 2019**

ക്രിസ്തുരാജന്റെ തിരുപ്പിറവിയെ അനുസ്മരിച്ചുകൊണ്ട് ഡിസംബർ മാസം 28-ാം തിയ്യതി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ സ്റ്റാഫ് അംഗങ്ങളും കുടുംബാംഗങ്ങളും ചേർന്ന് ക്രിസ്തുമസ് ആഘോഷിച്ചു. ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി നടത്തിയ പുൽക്കൂട് മത്സരത്തിൽ വിജയികൾ ആയവർക്ക് ക്യാഷ് പ്രൈസ്സ് സമ്മാനിച്ചു. ആശുപത്രിയിലെ എല്ലാ ജീവനക്കാരും വിവിധ തരത്തിലുള്ള പ്രോഗ്രാമുകൾ അവതരിപ്പിച്ചുകൊണ്ട് ഒരുമയുടെയും,

ഐക്യത്തിന്റെയും, സന്തോഷത്തിന്റെയും ദിനമാക്കി അതിനെ മാറ്റി. സെന്റ് ജോസഫ്സിലെ എല്ലാ അംഗങ്ങൾക്കും ക്രിസ്തുമസ് സമ്മാനവും ഭക്ഷണവും നൽകി.

**പുതിയ നിയമനങ്ങളും ചുമതലകളും**

1) ആശുപത്രിയുടെ അസിസ്റ്റന്റ് ഡയറക്ടറായി ഫാ.ജോമേഷ് തേക്കിലക്കാട്ടിൽ ഫെബ്രുവരി 1–ാം തിയ്യതി മുതൽ ചുമതലയെടുത്തു.
2) ജനറൽ മെഡിസിൻ വിഭാഗത്തിൽ ഡോ. ഷിബീഷ് എ.പി റസിഡന്റ് ഫിസിഷ്യനായി ചാർജ്ജെടുത്തു. രാവിലെ 8 മുതൽ 1 മണി വരെയും വൈകുന്നേരം 3 മുതൽ 5 മണി വരേയും രോഗികളെ പരിശോധിക്കുന്നു.
3) റേഡിയോളജി വിഭാഗത്തിൽ ഡോ.ലോച്ചൻ ഗൗഡ എ.എസ് റേഡിയോളജിസ്റ്റായി ചാർജ്ജെടുത്തിരിക്കുന്നു. തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മുതൽ 5 വരെ എല്ലാ തരത്തിലുമുള്ള സ്കാനിങ്ങുകളും അദ്ദേഹം ചെയ്യുന്നുണ്ട്.
4) ക്ലിനിക്കൽ സൈക്കോളജി വിഭാഗം ആരംഭിക്കുകയും മിസിസ്സ് അൻസു കുര്യൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റായി ചുമതല ഏൽക്കുകയും ചെയ്തു. കൗൺസിലിംഗ് സൗകര്യങ്ങളും, വിവിധ തരത്തിലുള്ള മാനസീക ആരോഗ്യ സർട്ടിഫിക്കറ്റുകളും (ഐക്യു അസ്സസ്സ്മെന്റ്, ലേണിങ്ങ് ആൻഡ് ഡിസബിലിറ്റി അസ്സസ്സ്മെന്റ് തുടങ്ങിയവ) ഈ വിഭാഗത്തിൽ നിന്ന് ലഭ്യമാണ്. എല്ലാ ശനിയാഴ്ചകളിലും 2.30 മുതൽ 4.00 വരെയാണ് ഈ സേവനങ്ങൾ ലഭ്യമാകുന്നത്.

**പുതിയ പരിശോധനാ സമയം**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ആശുപത്രിയിൽ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിലെ സേവന സമയം പുനഃക്രമീകരിച്ചിരിക്കുന്നു. 2020 ഫെബ്രുവരി 6 മുതൽ ഒ.പി സമയം രാവിലെ 8. മുതൽ 1 വരേയും വൈകുന്നേരം 4 മുതൽ 6 വരേയുമാണ്. സ്ക്കൂളിൽ പോകുന്നവർക്കും ജോലിക്കാർക്കും ഉപകരിക്കുന്നതിനുവേണ്ടി ആളുകളുടെ ആവശ്യങ്ങളെ മാനിച്ചുകൊണ്ടാണ് ഈ മാറ്റം കൊണ്ടുവന്നിരിക്കുന്നത്. ജനറൽ മെഡിസിൻ, ഇ.എൻ.ടി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഡെർമറ്റോളജി എന്നീ വിഭാഗങ്ങളിലാണ് ഈ സമയക്രമം ബാധകമാകുന്നത്.

**ഫാ. മനോജ് കവളക്കാടൻ**
ഡയറക്ടർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ

# Pastoral Centre Programme



**March 2020**

| | | |
|---|---|---|
| 01-04 | - | Marriage Preparation Course |
| 07 | - | Zion one day Convention |
| 14 | - | Pastoral Council Meeting |
| | - | KCYM |
| 18 | - | Priests Conference |
| 19-22 | - | Zion Retreat |
| 27 | - | CML |

**Fr. Paul Vazhappilly**
Director, Pastoral Centre



# *Bishop's Programme*

***March 2020***

*2 Mon...4 Wed ......... Mumbai*

*5 Thursday .............. Presbyteral Council*

***Afternoon:*** *Bathery: Assumption School Anniversary and Send off*

*6 Friday ............... Out of Station*

*7 Saturday ............... Dwaraka: Zion Convention*

*8 Sunday ............... Vakery: Pastoral Visit*

*9 Monday ............... Dwaraka: Women Religious Superiors' Meet*

*10 Tuesday............... Thariode: School Anniversary and Send off*

*11 Wednesday .......... Visitors' Day*

*12 Thu - 13 Fri ........ Out of Station*

*14 Saturday.............. Dwaraka: Pastoral Council*

*15 Sun - 17 Tue ....... Engaged*

*18 Wednesday .......... Dwaraka: Priests' Conference*

*19 Thursday.............. Kunjome: Retreat*

*20 Friday ............... Out of Station*

*21 Saturday.............. Dwaraka: Meeting of the Office Bearers of Associations*

*22 Sunday ............... Meenangady: Pastoral Visit*

*23 Monday .............. Visitors' Day*

*24 Tuesday .............. Engaged*

*25 Wednesday .......... Visitors' Day*

| | |
|---|---|
| *26 Thur - 28 Sat ......* | *Out of Station* |
| *29 Sunday................* | *Chulliana: Pastoral Visit* |
| *30 Monday ..............* | *Visitors' Day* |
| *31 Tuesday ..............* | *Out of Station* |

## *April 2020*

| | |
|---|---|
| *1 Wednesday ...........* | *Engaged* |
| *5 Sunday .................* | *Cathedral: Palm Sunday* |
| *6 Monday ................* | *Cathedral:Death Anniversary of Bishop Emmanuel Pothanamuzhy* |
| *7 Tuesday.................* | *Minor Orders* |
| *9 Thursday ..............* | *Cathedral: Maundy Thursday* |
| *9 Friday .................* | *Cathedral: Good Friday* |
| *12 Sunday ..............* | *Cathedral: Easter* |
| *13 Monday .............* | *Out of Station* |
| *14 Tuesday ..............* | *Palakkad: Episcopal Ordination* |
| *16 Thursday ............* | *Deepthi Bhavan (FCC Provincial House): Golden Jubilee* |
| *17 Friday ................* | *Out of Station* |
| *18 Saturday ............* | *Marakavu: First Communion* |
| *19 Sunday ..............* | *Mananthavady Sts Peter & Paul Church: First Communion* |
| *21 Tuesday .............* | *Chungakunnu: Holy Qurbana: Vettath Family Gathering* |
| *22 Wednesday .........* | *Dwaraka: Vestition of SABS sisters* |
| *23 Thursday ............* | *Kurumbala: Ordination of Deacon Raneesh Arackaparampil RCJ* <br> ***Afternoon:** Tellicherry* |
| *24 Friday ...............* | *Out of Station* |

| | |
|---|---|
| *25 Saturday .............* | *Nadavayal: Visit of Major Archbishop Cardinal George Alencherry & Declaration of the parish as Major Archiepiscopal Pilgrim Centre* |
| *26 Sunday ...............* | *Cathedral: Pastoral Visit* |
| *27 Monday...............* | *Valavayal: Ordination of Deacon Nixon Kappalumakkal SVD* |
| *28 Tuesday ..............* | *Nadavayal: Vestition of CMC sisters* **Afternoon:** *Holy Eucharist for Jesus Youth Retreat* |
| *29 Wednesday .........* | *Palchuram - Ordination of Deacon Jobish Kulathupattu* |
| *30 Thursday ............* | *Vincentgiri: Vestition & Jubilee* |

• • • • • •